
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ജനുവരി 2003

2003



ടി. എം. വർഗീസ്

സഭാഗാത്രത്തിന് നിവേദിച്ച
രക്തപുഷ്പം - അശ്രുപൂജകൾ



89-ാം ജന്മദിനമാഘോഷിക്കുന്ന മലങ്കര സഭയുടെ
ശ്രേഷ്ഠ മഹാപുരോഹിതന് മലങ്കര മക്കളുടെ ആശംസകൾ

# വായനക്കാരുടെ കത്തുകൾ

പത്രാധിപർക്കുള്ള കത്ത്

## നമസ്ക്കാര ക്രമത്തിലെ കർത്തൃനിന്ദ

തൊണ്ണൂറ്റൊന്നാം സങ്കീർത്തനം ആറാം വാക്യത്തിൽ "ഇരുട്ടിൽ സഞ്ചരിക്കുന്ന വചനം" എന്ന് നമസ്ക്കാര ക്രമത്തിൽ പരിഭാഷ,കൊടുത്തിരിക്കുന്നത് തെറ്റാണ്. ഇതിനെക്കുറിച്ച് 1999–ലെ മാർച്ച് ലക്കം "മലങ്കര സഭ" യിൽ പ്രതിപാദിച്ചതുമാണ്. "വചനം" എന്നു പറഞ്ഞാൽ, ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തുവെന്ന് അർത്ഥമുള്ളതിനാലാണ് ഈ പരിഭാഷയിലെ തെറ്റ് ഗൗരവതമുള്ളതായി മാറുന്നത്. അതുകൊണ്ട്, മലയാളം ബൈബിളിലേതുപോലെ" ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരി" യെന്നോ ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാവ്യാധി യെന്നോ മാറ്റി നമസ്ക്കാരക്രമത്തിലെ സങ്കീർത്തന ഭാഗം തിരുത്തി ഉപയോഗിക്കണമെന്ന് അപേക്ഷിക്കുന്നു. അല്ലെങ്കിൽ ഈ പ്രയോഗം കർത്തൃനിന്ദയായി തുടരും

കെ. സി. തോമസ്
വട്ടക്കുന്നേൽ

## ക്രിസ്തുമസ്സ് ആരാധന സന്ധ്യയ്ക്ക് ആക്കണം

ഇക്കഴിഞ്ഞ ക്രിസ്തുമസ്സ് ശുശ്രൂഷ പലദേവാലയങ്ങളിലും പല വിധ സമയത്ത് നടത്തിയതായി അറിയുന്നു. ചില ദേവാലയങ്ങളിൽ സന്ധ്യാ നമസ്ക്കാരത്തോടു ചേർന്ന് തീജ്വാല ശുശ്രൂഷയും രാവിലെ വി. കുർബാനയും നടത്തി മറ്റ് ചിലയിടത്ത് സന്ധ്യാനമസ്ക്കാരത്തോടു ചേർന്നു തന്നെ രാത്രി നമസ്ക്കാരവും ശുശ്രൂഷയും വി. കുർബാനയും നടത്തി. മറ്റ് പള്ളികൾ പഴയ രീതിയിൽ തന്നെ നടത്തി. രാത്രി രണ്ടു മണിയ്ക്കോ മൂന്നു മണിക്കോ ആരംഭിക്കുന്ന ക്രിസ്തുമസ്സ് ശുശ്രൂഷകൾക്ക് പഴയതിലും ആളുകൾ കുറഞ്ഞുവരുന്നു. ഓരോ ഇടവകയുടെയും പ്രാദേശിക പരിഗണന വച്ച് ഉചിതമായ സമയത്ത് ശുശ്രൂഷ നടത്തുവാൻ അനുവാദം നൽകേണ്ടതാണ്. രണ്ടോ മൂന്നോ അംഗങ്ങൾ മാത്രമുള്ള ഭവനങ്ങളിൽ നിന്നും വീട് അടച്ചിട്ടോ, ഒരാളെ മാത്രം ഇരുത്തിയോ രാത്രി ശുശ്രൂഷയ്ക്ക് പോകുന്നത് അപ്രായോഗികമാണ്. എന്നാൽ സന്ധ്യയ്ക്ക് തുടങ്ങി രാത്രി 12 മണിയോടെ അവസാനിക്കുന്ന ക്രിസ്തുമസ്സ് ശുശ്രൂഷയ്ക്ക് വിശ്വാസികളുടെ എണ്ണം കൂടുന്നു എന്നത് ശ്രദ്ധിക്കേണ്ടതാണ്.

മാത്യൂസ് വർഗീസ്, തിരുവല്ല.

## ശവസംസ്ക്കാരത്തിലെ പുതിയ പ്രവണതകൾ

ഇതിനെ സംബന്ധിച്ച് ആരാധ്യനായ എ. എം. വർഗീസച്ചൻ എഴുതിയിരുന്നത് വളരെ അർത്ഥവത്താണ് എന്നാൽ തിരുമേനിമാർ മാത്രമല്ല ഈ പ്രവണതയുടെ പ്രണേതാക്കൾ അച്ചന്മാരും അഭിനവ റമ്പാച്ചന്മാരും ഉണ്ടെന്നുള്ളത് പരമാർത്ഥമാണ്. എന്തായാലും അച്ചൻ സൂചിപ്പിച്ചതുപോലെ പള്ളിയിൽ വച്ചുതന്നെ എല്ലാം അവസാനിപ്പിക്കുന്നതിൽ ഒരഭംഗിയുണ്ട്.

കൊച്ചുമോൻ, മൂലേടം

## റ്റി. എം. വർഗീസിന്റെ രക്തസാക്ഷിത്വം

സഭാ സ്നേഹിയും മാനേജിംഗ് കമ്മറ്റിയാംഗവും ആയിരുന്ന പെരുമ്പാവൂർ റ്റി. എം. വർഗീസിന്റെ (മലങ്കര വർഗീസ്) രക്തസാക്ഷി മരണത്തിൽ അനുശോചനം അറിയിച്ചുകൊണ്ടും കൊലപാതകത്തിനെതിരെ പ്രതിഷേധ പ്രമേയങ്ങൾ അവതരിപ്പിച്ചുകൊണ്ടും ധാരാളം കത്തുകളും പ്രമേയങ്ങളും ലഭിക്കുകയുണ്ടായി. സ്ഥല പരിമിതിമൂലം അവ ചേർക്കുന്നതിന് സാധിച്ചിട്ടില്ല.

പത്രാധിപർ

## പരുമല സ്മൃതി

ബുക്ക് ചെയ്ത എല്ലാവർക്കും പരുമല സ്മൃതി അയച്ചു കഴിഞ്ഞു. ഇനി ആരെങ്കിലും നേരിട്ടു വാങ്ങിക്കുവാനുണ്ടെങ്കിൽ എത്രയും പെട്ടെന്ന് വാങ്ങിക്കണമെന്ന് അറിയിക്കുന്നു.

10 കോപ്പികൾ ഫ്രീയായി നൽകുന്നതിന് നറുക്കിട്ടെടുത്തിട്ടുണ്ട്. ലഭ്യമായവരെ കത്തുമുഖേനേ അറിയിക്കുന്നതാണ്. ഇതിനോട് നന്നായി പ്രതികരിച്ച എല്ലാ വരിക്കാരോടുമുള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു.

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ഈ മാസത്തെ മാസികയോടൊപ്പം 2003–ലെ സഭാ പഞ്ചാംഗവും അയയ്ക്കുന്നു.
- എല്ലാമാസവും പത്താം തീയതിയാണ് മാസിക അയയ്ക്കുന്നത്.
- വരിസംഖ്യയുടെ കാലാവധി റാപ്പറിൽ നിങ്ങളുടെ അഡ്രസ്സിനു മുകളിലായി രജിസ്റ്റർ നമ്പറിനോട് ചേർത്ത് പ്രിന്റ് ചെയ്തിട്ടുണ്ട്. ദയവായി അതു നോക്കി കാലാവധി മനസ്സിലാക്കി വരിസംഖ്യ അടയ്ക്കുവാൻ ശ്രദ്ധിക്കുക.
- M.O. അയയ്ക്കുമ്പോൾ രജിസ്റ്റർ നമ്പർ കൂടി കാണിച്ചിരിക്കണം.
- പുതുതായി ചേരുന്നവർ അഡ്രസ്സിനോടൊപ്പം പിൻകോഡും ചേർത്തിരിക്കണം. പിൻകോഡില്ലാത്ത പുതിയ വരിസംഖ്യ സ്വീകാര്യമല്ല.


# മലങ്കരസഭ

ലക്കം 1, പുസ്തകം 59
ജനുവരി 2003





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 222243, (Res)325942

**വൈസ് പ്രസിഡന്റ്**
യൂഹാനോൻ മാർ മിലിത്തോസ്

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0473 - 279348
e-mail: malankara@sanchamet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - 572265

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 -224255


## വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**

| | |
|---|---|
| **ഇന്ത്യയിൽ** | |
| ഒറ്റ പ്രതി | : 7 രൂപ |
| ഒരു വർഷം | : 75 രൂപ |
| 4 വർഷം | : 300 രൂപ |
| 10 വർഷം | : 750 രൂപ |
| **വിദേശത്തേക്ക്** | |
| ഒരു വർഷം | : 600 രൂപ. |


*Cover Design & Type Setting:-*
M.S. Graphics, Devalokam.


CONTENTS

# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 "രണ്ടാമൂഴ"ത്തിലെ രണ്ടു സ്ത്രീകൾ പങ്കിടുന്ന പുതുവത്സര ചിന്തകൾ
- ഫാ. ഡോ. ജേക്കബ് കുര്യൻ

**ലേഖനങ്ങൾ**

8 സഭയുടെ പദ്ധതികൾ ജനോന്മുഖമാക്കണം
- ഫാ. റ്റി. പി. മാത്യൂസ്, തിണ്ടിയത്തിൽ

9 The Unspeakable Gift
Mrs. Anna Varghese

11 "നീതി ലഭിക്കുന്ന സമാധാനം
- ജോ മാണിപറമ്പിൽ, തിരുവനന്തപുരം

29 Fight Against HIV/AIDS....
Fr. Bijesh Philip

6 രക്തസാക്ഷിയായ ശ്രീ. ടി. എം. വർഗീസ്
ഫാ. ടി. ടി. ജേക്കബ്

5 മലങ്കര വർഗീസ് കൊല്ലപ്പെട്ടു - വാർത്ത

മന്ത്രിസഭാ ഉപസമിതി തീരുമാനങ്ങൾ സർക്കാർ തന്നെ അട്ടിമറിക്കുന്നു - സ്വന്തം ലേഖകൻ

33 ആത്മ ത്യാഗത്തിന്റെ വക്കോളമെത്തിയ ഉപവാസം
-സ്വന്തം ലേഖകൻ

34 ഉപസമിതി തീരുമാനങ്ങൾ - വാർത്ത

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, ബൈബിൾ പഠനം, ബാലസഭ, ബൈബിൾ കടങ്കഥകൾ, പ്രതിമാസചിന്തകൾ, വാർത്തകൾ, സൺഡേ സ്ക്കൂൾ വാർത്തകൾ.



ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

# "രണ്ടാമൂഴ" ത്തിലെ രണ്ടു സ്ത്രീകൾ പങ്കിടുന്ന പുതുവത്സര ചിന്തകൾ

## ഫാ. ഡോ. ജേക്കബ് കുര്യൻ

മലയാളത്തിലെ സുപ്രസിദ്ധ എഴുത്തുകാരനായ ശ്രീ. എം. റ്റി. വാസുദേവൻനായരുടെ പ്രഖ്യാതമായ നോവലാണ് "രണ്ടാമൂഴം". മഹാഭാരതയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, രണ്ടു സ്ത്രീകൾ രണ്ടവസരങ്ങളിലായി പറയുന്ന വാക്കുകളെ നോവലിസ്റ്റ് തന്മയത്വത്തോടെ അവതരിപ്പിക്കുന്നു. ഒന്നാമത് മുത്തശിയായ ഗാന്ധാരി. രണ്ടാമത് പാണ്ഡവപത്നിയായ ദ്രൗപദി. മുത്തശിയായ ഗാന്ധാരിയുടെ ഉള്ളുരുകുന്നത് പാണ്ഡവ കൗരവഗണങ്ങളിലെ കൊച്ചുമക്കളോട് അറിയിക്കുന്ന വാക്കുകളിങ്ങനെയാണ്. "ശവം വീണു കാണാൻ കൊതിക്കുന്ന കൂളികൾ പല വേഷത്തിൽ ഈ കൊട്ടാരത്തിൽ കയറിയിറങ്ങുന്നുണ്ട്; ജ്യോതിഷക്കാരായിട്ടും, ഋഷിമാരായിട്ടും. നിങ്ങൾ ഒരുമിച്ചു കഴിയേണ്ടവരാണ്. ആരും ആരുടെയും ശത്രുവല്ല. അതുമാത്രം അവർ പറഞ്ഞുതരില്ല". മറുവശത്ത്, മധ്യസ്ഥനായ കൃഷ്ണൻ പാണ്ഡവർക്കുവേണ്ടി അഞ്ചുഗ്രാമങ്ങൾ എങ്കിലും കിട്ടിയാൽ യുദ്ധം ഒഴിവാക്കാമെന്നുള്ള നിർദ്ദേശം വയ്ക്കുവാൻ ഒരുങ്ങുമ്പോൾ ആത്മാവിലേന്തുന്ന ഒരു മുറിവിന്റെ വേദനയോടെ ദ്രൗപദി പറഞ്ഞ വാക്കുകൾ പലരെയും വികാരഭരിതരാക്കി. അഴിച്ചിട്ട മുടി ഇടംകൈകൊണ്ട് ചുമലിലേക്കിട്ട് ദ്രൗപദി പറഞ്ഞു. "ദുശ്ശാസനൻ വലിച്ചിഴച്ചപ്പോൾ അഴിഞ്ഞ ഈ മുടി ഞാൻ പിന്നെ കെട്ടിയിട്ടില്ല. ഉള്ളിൽ കത്തുന്ന തീ കണ്ണീരിൽ കെടാതെയാണ് ഞാനീ പതിമൂന്നുകൊല്ലം കാത്തുസൂക്ഷിച്ചത്. ഇപ്പോൾ, കൗരവരെ മുഴുവൻ ഒറ്റയ്ക്ക് കൊല്ലുമെന്ന് ആണയിട്ട ആൾ (ഭീമൻ) കൂടി ധർമ്മജ്ഞനായി മാറി".

ധർമ്മയുദ്ധം എന്ന ഭാരതയുദ്ധം കഴിഞ്ഞപ്പോൾ ദ്രൗപദിയുടെ ശപഥം ജയിച്ചുവെന്നുപറഞ്ഞാലും, ഗാന്ധാരീ വിലാപം ഭാരതകഥയുടെ ബാക്കിപത്രമായി അവശേഷിക്കുന്നു. പുതുവർഷത്തിൽ ഗാന്ധാരിയുടെ വാക്കുകൾക്കാണോ, ദ്രൗപദിയുടെ വാക്കുകൾക്കാണോ നമ്മിൽ മുൻതൂക്കം എന്നു പരിശോധിക്കുവാൻ അവസരം ലഭിച്ചിരിക്കുന്നു. ദ്രൗപദിയുടെ വേദന സഹതാപാർഹമാണ്. പക്ഷേ, ആ വേദനയ്ക്കു പകരം വീട്ടിയതിന്റെ വിജയം ഘോഷിക്കുവാൻ ഇളം തലമുറ ഇല്ലാതെ പോയിയെന്ന കണ്ടെത്തൽ വളരെ വൈകിപ്പോയിയെന്നതു മറ്റൊരു പരമാർത്ഥം. ഈ പരമാർത്ഥത്തിൽ നിന്ന് വല്ലതും പഠിക്കുവാനുണ്ടോയെന്ന് പുതുവർഷത്തിൽ നമുക്ക് ചിന്തിക്കാം. എല്ലാ മാന്യവായനക്കാർക്കും പുതുവത്സരാശംസകൾ.

### മലങ്കരസഭ വരിസംഖ്യ

ഇന്ത്യയിൽ

| | |
|---|---|
| ഒറ്റപ്രതി | : 7 രൂപ |
| ഒരു വർഷം | : 75 രൂപ |
| 4 വർഷം | : 300 രൂപ |
| 10 വർഷം | : 750 രൂപ. |

*വിദേശത്തേക്ക്*

ഒരു വർഷം : 600 രൂപ.

### പരസ്യനിരക്കുകൾ

| | |
|---|---|
| Back Page (Colour) | 10000 |
| Back page (B/W) | 5000 |
| Front Inside | 3750 |
| Back Inside | 3500 |
| Full page | 3000 |
| Half page | 1750 |
| Quarter page | 1250 |
| Minimum | 750 |
| Favours Block (Stamp Size) | 300 |



# മലങ്കര വർഗ്ഗീസ് കൊല്ലപ്പെട്ടു



പെരുമ്പാവൂർ: മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗവും അങ്കമാലി ഭദ്രാസന കൗൺസിൽ അംഗവുമായ പെരുമ്പാവൂർ തോമ്പ്ര ടി. എം. വർഗീസ് (55) കൊല്ലപ്പെട്ടു. 'മലങ്കര വർഗീസ്' എന്ന നാമത്തിലായിരുന്നു ടി. എം. വർഗീസ് അറിയപ്പെട്ടിരുന്നത്.

പെരുമ്പാവൂർ ബഥേൽ സൂലോക്കോ ഇടവകയിലെ ഓർത്തഡോക്സ് വിശ്വാസികളുടെ അനിഷേധ്യ നേതാവായിരുന്നു അദ്ദേഹം. ഡിസംബർ അഞ്ചിന് ഒരുകൂട്ടം വാടക കൊലയാളികളാണ് അദ്ദേഹത്തെ അറും കൊല ചെയ്തത്. സംഭവത്തിനു ശേഷം ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ചില ശരീരഭാഗങ്ങൾ മുഴുവനായിത്തന്നെ അറ്റുപോയിരുന്നു.

തോമസ് മാർ ദീവന്നാസ്യോസിന്റെ നേതൃത്വത്തിൽ പുതുതായി രൂപം കൊണ്ട യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ ഏർപ്പെടുത്തിയ വാടക്കകൊലയാളികളാണ് കൊല ചെയ്തതെന്നും യാക്കോബായ വിഭാഗം പള്ളികളിൽ നിന്നും കൊലസംഘത്തിനു പണം നൽകിയതായും ആരോപണമുയർന്നിട്ടുണ്ട്.

ഇസ്രയേൽ ജനതയെ മിസ്രയീമ്യ പ്രവാസത്തിൽ നിന്നു കനാൻ നാട്ടിലേക്കു നയിച്ച മോശയെപ്പോലെയാണ് മലങ്കരസഭയ്ക്കു ടി. എം. വർഗീസെന്നു പ. കാതോലിക്കാ ബാവാ പറഞ്ഞു.

"താൻ വിശ്വസിച്ച സത്യത്തിനുവേണ്ടി അന്ത്യത്തോളം പോരാടി, മലങ്കര സഭക്കു വേണ്ടി ജീവിച്ചു മരിച്ച വ്യക്തിയാണ് മലങ്കര വർഗീസ്. മനോ വിനയത്തോടും ദീർഘ ക്ഷമയോടു കൂടി ജീവിച്ച ദൈവാശ്രയ ബോധമുള്ള സത്യക്രിസ്ത്യാനിയായിരുന്നു അദ്ദേഹം. അങ്കമാലി ഭദ്രാസനത്തിനും സഭക്കുമൊത്തത്തിലും തീർത്താൽ തീരാത്ത നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാട്" വർഗീസിന്റെ ആത്മ സുഹൃത്തും അങ്കമാലി ഭദ്രാസന സെക്രട്ടറിയും സഭാ വക്താവുമായ ജേക്കബ് മണ്ണാറപ്രായിൽ കോർ - എപ്പിസ്ക്കോപ്പ പറഞ്ഞു.

ആഴറ്റം മാളിയേക്കൽ സാറാമ്മയാണു ഭാര്യ. ടിൽസൺ (നെസ്റ്റ്ലേ, കൊച്ചി), ടിൻസി (വിദ്യാർത്ഥിനി, സെന്റ്. ജോസഫ് ട്രെയിനിങ്ങ് കോളജ്, എറണാകുളം), ടിൻമി (കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വിദ്യാർത്ഥിനി) നൂസി (ബിരുദ വിദ്യാർത്ഥിനി) എന്നിവർ മക്കളാണ്.

ശവസംസ്ക്കാര ശുശ്രൂഷയ്ക്കു നിരണം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് കാർമികത്വം വഹിച്ചു. മിക്ക മെത്രാപ്പോലീത്താമാരും ആയിരക്കണക്കിനു വിശ്വാസികളും പങ്കെടുത്തു. വിദേശത്തായിരുന്ന പ. കാതോലിക്കാ ബാവാ അടിയന്തരമായി തിരിച്ചെത്തി ബന്ധുക്കളെ ആശ്വസിപ്പിച്ചു.

# മന്ത്രിസഭാ ഉപസമിതി തീരുമാനങ്ങൾ സർക്കാർ തന്നെ അട്ടിമറിക്കുന്നു

കൊച്ചി: സുപ്രീംകോടതി വിധി നടപ്പാക്കണമെന്നാവശ്യപ്പെട്ട് സഭയിലെ മെത്രാപ്പോലീത്താമാർ നടത്തിവന്ന ഉപവാസ സമരം പിൻവലിക്കുവാനായി മന്ത്രിസഭാ ഉപസമിതി നിശ്ചയിച്ച ധാരണകൾ, അവർ തന്നെ കാറ്റിൽ പറത്തുകയാണ്. സർക്കാർ നിലപാടിൽ മലങ്കരസഭ ശക്തമായ പ്രതിഷേധവും അമർഷവും രേഖപ്പെടുത്തി.

മൂവാറ്റുപുഴ അരമനയിൽ നടന്ന ചർച്ചയിൽ പല വിട്ടുവീഴ്ചകൾക്കും സഭ തയ്യാറായി. കോലഞ്ചേരി പള്ളിയെ സംബന്ധിച്ചുള്ള പ്രത്യേക കേസിൽ പാത്രിയർക്കീസ് ഭാഗത്തിന് യാതൊരവകാശവുമില്ലാ എന്ന് ബ. സുപ്രീംകോടതി വിധി പ്രസ്താവിച്ചിരിക്കെ, മാസത്തിൽ ഒരു ഞായറാഴ്ച ഒരു കുർബ്ബാന (ഞായറാഴ്ചകളിൽ രണ്ട് കുർബാനകളുണ്ട്) നടത്താൻ ഒരു പുരോഹിതനെ മൂന്നുമാസത്തേക്ക് അനുവദിക്കാം എന്ന് സമ്മതിച്ചത് ഈ വിട്ടുവീഴ്ചാ മനോഭാവത്തിന്റെ ഒരു ഉദാഹരണം മാത്രമാണ്.

സർക്കാരിന്റെ ഉറപ്പുകൾ അടങ്ങിയ രേഖ മന്ത്രിമാരിൽ ഒരാൾ തന്നെയാണ് മൂവാറ്റുപുഴയിൽ വച്ച് മാദ്ധ്യമ പ്രതിനിധികളുടെ മുൻപിൽ വായിച്ചത്. എന്നാൽ പിന്നീട് സർക്കാർ കക്ഷിയായുള്ള,

ശേഷം 31-ാം പേജിൽ.

ഫാ. ടി. ടി. ജേക്കബ്



# രക്തസാക്ഷിയായ ശ്രീ. ടി. എം. വർഗീസ്

കഴിഞ്ഞ ഡിസംബർ 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 5 മണിക്ക് എഴുന്നേറ്റ് പ്രാർത്ഥനയ്ക്കായി തയ്യാറെടുക്കുമ്പോൾ ഒരു ഫോൺ കോൾ വന്നു. അതിരാവിലെയുള്ള കോളായതുകൊണ്ട് എന്തെങ്കിലും അസാധാരണമായ സന്ദേശമായിരിക്കും എന്നു മനസ്സിൽ ചിന്തിച്ചു. ആ ചിന്ത ശരിയായിരുന്നു. ഫോൺ ചെയ്ത ആൾ പറഞ്ഞു "അച്ചനറിഞ്ഞില്ലേ ടി. എം. വർഗീസ് മരിച്ചു പോയി". ഒരു നിമിഷത്തേക്ക് വാർത്ത ഉൾക്കൊള്ളാൻ പ്രയാസം തോന്നി. എങ്കിലും അടുത്ത നിമിഷം മനസ്സിൽക്കൂടി കടന്നുപോയ ചിന്ത ഭീഷണിയുടെ നടുവിലാണല്ലോ വറുഗീസ് ജീവിച്ചിരുന്നത് എന്നാണ്. ഫോൺ ചെയ്ത ആളുടെ വിശദീകരണം ഈ നിഗമനത്തെ സ്ഥിരീകരിക്കുകയും ചെയ്തു.

എൺപതുകളിൽ ലേഖകൻ പെരുമ്പാവൂർ ബഥേൽ സുലോക്കോ ഓർത്തഡോക്സ് ഇടവകയിൽ വികാരിയായി സേവനം അനുഷ്ഠിച്ചിരുന്ന കാലത്താണ് ശ്രീ. വറുഗീസുമായി കൂടുതൽ അടുത്തറിയുവാൻ ഇടയായത്. അക്കാലത്താണ് അദ്ദേഹം ഒരു തികഞ്ഞ സസ്യഭുക്കാണെന്ന് ലേഖകൻ മനസ്സിലാക്കുന്നത്. സാധാരണ ചെറുപ്പക്കാർക്കുള്ള ദുശ്ശീലങ്ങളായ മദ്യം, പുകവലി, ഇവയൊന്നും ശ്രീ. വറുഗീസിനെ തൊട്ടു തീണ്ടിയിരുന്നില്ല. ഒരു സദ്യയ്ക്കുപോയിരുന്നാൽ ഇറിച്ചിയും മീനും മാറ്റിവച്ചിട്ടു ബാക്കിയുള്ളതു കഴിച്ച് എഴുന്നേറ്റു പോകുന്ന പ്രകൃതമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

ഇടവകയിൽ നടക്കുന്ന പ്രാർത്ഥനായോഗങ്ങളിൽ ശ്രീ. വറുഗീസ് ഒരു പ്രധാന പ്രസംഗകനായിരുന്നു. വറുഗീസില്ലാത്ത പ്രാർത്ഥനായോഗങ്ങൾ വളരെ വിരളമായേ നടന്നിട്ടുള്ളു. 80 കളുടെ ആരംഭത്തിൽ ഒരു യോഗത്തിൽ ലേഖകൻ പറഞ്ഞു: "നമുക്ക് ഈ ഇടവകയിൽ നിന്ന് സഭാ മാനേജിംഗ് കമ്മറ്റിയിലേക്ക് ഒരാളെ അയയ്ക്കണം. അത് ആരായിരിക്കണം? "എല്ലാവരും ഏകസ്വരത്തിൽ നിർദ്ദേശിച്ച പേര് ടി. എം. വർഗീസ് എന്നായിരുന്നു. ശ്രീ. വർഗീസിന്റെ സ്ഥാനാർത്ഥിത്വത്തെ ഭദ്രാസന കൗൺസിൽ അംഗീകരിച്ചു. അന്നു മുതൽ മരണം വരെ ശ്രീ. ടി. എം. വർഗീസ് മലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിംഗ് കമ്മറ്റി അംഗമായിരുന്നു. സഭയിലെ വൈദേശിക മേധാവിത്വത്തിനെതിരെ മാനേജിംഗ് കമ്മറ്റിയ്ക്കുള്ളിലും വെളിയിലും അദ്ദേഹം ധീരമായി ശബ്ദം ഉയർത്തിയിരുന്നു. ആ ശബ്ദം എന്നേക്കുമായി നിലച്ചുപോയി എന്നു വിശ്വസിക്കാൻ പ്രയാസം തോന്നുന്നു.

പരേതനായ ബ. പൊയ്ക്കാട്ടിൽ പൗലോസച്ചനെ പാറേത്തുമുകൾ പള്ളിയിൽ നിന്ന് അഭിവന്ദ്യ തെയോഫിലോസ് തിരുമേനി പെരുമ്പാവൂർ പള്ളിയിലേക്കു സ്ഥലം മാറ്റിയ കാലത്താണ് പെരുമ്പാവൂരിൽ ശക്തമായ ഒരു ഓർത്തഡോക്സ് കോൺഗ്രിഗേഷൻ രൂപം കൊള്ളുന്നത്. ബ. പൗലോസച്ചന്റെ പ്രായാധിക്യം പരിഗണിച്ചാണ് അദ്ദേഹത്തെ തിരുമേനി സ്വന്തം ഇടവകയിലേക്കു സ്ഥലം മാറ്റിയത്. എന്നാൽ ഈ സ്ഥലം മാറ്റത്തെ ഇടവകയിലെ ഒരു വിഭാഗം എതിർത്തപ്പോൾ അതിനെതിരെ ശ്രീ. ടി. എം. വർഗീസിന്റെ നേതൃത്വത്തിൽ മറ്റൊരു വിഭാഗം രംഗത്തു വന്നു. സഭയിലെ പിളർപ്പിന്റെ ആരംഭഘട്ടമായിരുന്നതുകൊണ്ട് രണ്ടു വിഭാഗത്തിനും പ്രത്യേകം വികാരിമാരുണ്ടായി. രണ്ടു വികാരിമാർക്കും ആരാധനക്ക് പ്രത്യേകം സമയം അനുവദിച്ചുകൊണ്ട് കോടതി ഉത്തരവു പുറപ്പെടുവിച്ചു. ബ. പൗലോസച്ചന് കോടതി അനുവദിച്ച സമയം രാവിലെ 6 മണിമുതൽ 8.45 വരെയുള്ള സമയമാണ്. ശ്രീ. വറുഗീസാണ് ബ. പൗലോസച്ചനെ അതിരാവിലെ വീട്ടിൽ നിന്ന് സ്വന്തം വാഹനത്തിൽ പള്ളിയിൽ എത്തിച്ചിരുന്നത്, വീടുകൂദാശ, ശവസംസ്ക്കാരം തുടങ്ങിയ ശുശ്രൂഷകളിലെല്ലാം ശ്രീ. വറുഗീസ് ബ. പൗലോസച്ചനെ അനുഗമിച്ചിരുന്നു.

ബ. പൗലോസച്ചന്റെ അസിസ്റ്റന്റ് എന്ന നിലയിലാണ് ലേഖകൻ 1980-ൽ പെരുമ്പാവൂർ പള്ളിയിൽ എത്തിയത്. ഏതാണ്ട് ഒരു വ്യാഴവട്ടക്കാലം ശ്രീ. ടി. എം. വറുഗീസിനോടൊരുമിച്ചു പ്രവർത്തിക്കാൻ സാധിച്ചത് മറക്കാനാവാത്ത അനുഭവമായി അവശേഷിക്കുന്നു. ലേഖകൻ പെരുമ്പാവൂർ പള്ളിയിൽ വരുന്നതിനു മുമ്പ് ഓർത്തഡോക്സ് വിഭാഗത്തിനു കഷ്ടാനുഭവ ശുശ്രൂഷകൾ നടത്തുവാൻ സാധിച്ചിരുന്നില്ല. ശ്രീ. വറുഗീസിന്റെ ശക്തമായ നേതൃത്വത്തിന്റെ ഫലമായിട്ടാണ് പെരുമ്പാവൂർ പള്ളിയിൽ ഓർത്തഡോക്സ് വിഭാഗത്തിനു കഷ്ടാനുഭവ ശുശ്രൂഷകൾക്കു സമയം അനുവദിച്ചു കിട്ടിയത്.



ഓർത്തഡോക്സ് വിഭാഗത്തിന്റെ എല്ലാ കുർബ്ബാനയ്ക്കും ശ്രീ. വർഗീസ് പള്ളിയിൽ എത്തിയിരുന്നു. ആദ്യകാലങ്ങളിൽ അദ്ദേഹം ശുശ്രൂഷയ്ക്കായി മദ്ബഹായിൽ കയറുമായിരുന്നു. എന്നാൽ ശുശ്രൂഷയ്ക്കായി കൂടുതൽ ചെറുപ്പക്കാർ മുന്നോട്ടുവന്നപ്പോൾ അദ്ദേഹം പുതിയ തലമുറയ്ക്കു വഴി മാറി കൊടുത്തു. ശ്രീ വറുഗീസ് താഴെ നിന്നാലും അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് യാതൊരു കുറവും വന്നിട്ടില്ല. പലപ്പോഴും ശ്ലീഹാവായനയും തുബ്ദേൻ വായനയും ശ്രീ. വറുഗീസാണു നടത്തിയിരുന്നത്. പെരുമ്പാവൂർ പള്ളിയിൽ ടി. എം. വറുഗീസില്ലാത്ത കുർബ്ബാന ഓർക്കാൻ പോലും പ്രയാസമാണ്.

1981-ൽ പെരുമ്പാവൂർ Y.M.C.A. യിൽ ആരംഭിച്ച മദ്ധ്യകേരളാ ഓർത്തഡോക്സ് കൺവൻഷന്റെ (ഇപ്പോൾ അങ്കമാലി ഭദ്രാസന കൺവൻഷൻ) പ്രധാന സംഘാടകൻ ശ്രീ. ടി. എം. വറുഗീസായിരുന്നു. ആദ്യ വർഷങ്ങളിൽ കൺവൻഷന്റെ സമാപനദിവസം പട്ടണം ചുറ്റി സുവിശേഷ റാലി നടത്തിയിരുന്നു. ഈ റാലിയുടെ വിജയത്തിനുവേണ്ടി ശ്രീ. വറുഗീസ് തന്റെ വിലയേറിയ സമയവും പണവും ചെലവു ചെയ്തിട്ടുണ്ട്.

1982-ൽ പെരുമ്പാവൂർ ഇടവകയിൽ ആരംഭിച്ച ദിവ്യബോധനം ക്ലാസ്സിൽ ശ്രീ. ടി. എം. വറുഗീസ് ഒരു വിദ്യാർത്ഥിയായിരുന്നു. ഒരു ശരാശരി വിദ്യാർത്ഥിയെക്കാൾ ഉപരിയായി മലങ്കരസഭയുടെ ചരിത്രം വിശ്വാസം മുതലായ കാര്യങ്ങൾ ആഴത്തിൽ പഠിക്കാൻ താല്പര്യം കാണിച്ചിരുന്ന ഒരു വിദ്യാർത്ഥി. കോഴ്സിന്റെ അവസാനം നടന്ന പരീക്ഷയിൽ ഒന്നാം റാങ്കിൽ വിജയിച്ച നാലു പേരിൽ ഒരാളായിരുന്നു ശ്രീ. വറുഗീസ്. അറിവിനുവേണ്ടിയുള്ള അടങ്ങാത്ത ദാഹം അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ഒരു വാസനയായിരുന്നു. അതിനു തെളിവാണ് അദ്ദേഹത്തിന്റെ വീട്ടിലെ കിടപ്പുമുറിയിലെ ഗ്രന്ഥശേഖരം.

സണ്ടേസ്ക്കൂൾ പ്രസ്ഥാനവുമായി ശ്രീ. വറുഗീസ് അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. അദ്ധ്യാപകനായും ഇൻസ്പെക്ടറായും കേന്ദ്രകമ്മറ്റിയിൽ ഭദ്രാസന പ്രതിനിധിയായും അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു. അങ്കമാലി ഭദ്രാസനത്തിലെ പ്രാർത്ഥനാ ഗ്രൂപ്പുകളുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ എല്ലായോഗങ്ങളിലും അദ്ദേഹത്തിന്റെ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു.

ശ്രീ. ടി. എം. വറുഗീസ് സേവനതല്പരനായ ഒരു വ്യക്തിയായിട്ടാണ് പൊതുവെ അറിയപ്പെട്ടിരുന്നത്. ആർക്കെങ്കിലും എന്തെങ്കിലും സഹായം ആവശ്യമുണ്ടെന്നറിഞ്ഞാൽ ഉടൻ അദ്ദേഹം ഓടി എത്തുമായിരുന്നു. കഴിവുള്ള എല്ലാ സഹായവും അദ്ദേഹം നൽകിയിരുന്നു. ഉദാഹരണങ്ങൾ പലതും പറയാനുണ്ടെങ്കിലും വിസ്തരഭയത്താൽ അതിനു മുതിരുന്നില്ല. സമഭാവനയോടു കൂടിയ പെരുമാറ്റം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ഇടിമുഴക്കം പോലെയുള്ള അദ്ദേഹത്തിന്റെ ശബ്ദം യുവജനങ്ങൾക്ക് എന്നും ആവേശമായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ശക്തനായ വക്താവായിരുന്നു ശ്രീ. ടി. എം. വറുഗീസ്. സ്വന്തം കുടുംബത്തെക്കാൾ ഉപരിയായി അദ്ദേഹം സഭയെ സ്നേഹിച്ചിരുന്നു. അതുകൊണ്ടാണ് അല്ലപ്രയിൽ അദ്ദേഹം നടത്തി വന്ന തടിമില്ലിന് "മലങ്കരടിമ്പേഴ്സ്" എന്നു പേരിട്ടിരുന്നത്. അതുകൊണ്ടുതന്നെ "മലങ്കര വറുഗീസ്" എന്ന് അദ്ദേഹം അറിയപ്പെട്ടിരുന്നു. തികഞ്ഞ കഠിനാദ്ധ്വാനത്തിലൂടെയാണ് അദ്ദേഹം വിജയത്തിന്റെ പടവുകൾ ചവിട്ടിക്കയറിയത്. അല്ലപ്രയിലുള്ള അദ്ദേഹത്തിന്റെ വ്യവസായ സ്ഥാപനത്തിൽ രണ്ടു ഫോണുണ്ടായിരുന്നു-ഒന്ന് സ്വന്തം ആവശ്യത്തിനും മറ്റേതു പാവങ്ങൾക്കു സൗജന്യമായി വിളിക്കാനും.

ശ്രീ. ടി. എം. വറുഗീസിന്റെ വേർപാട് ഓർത്തഡോക്സ് സഭയ്ക്ക് പ്രത്യേകിച്ച് അങ്കമാലി ഭദ്രാസനത്തിനും പെരുമ്പാവൂർ ഇടവകയ്ക്കും ഒരു തീരാനഷ്ടമാണ്. ശ്രീ. വറുഗീസും പെരുമ്പാവൂരിലെ ഓർത്തഡോക്സ് ഇടവകയും അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. വറുഗീസിനെ മാറ്റി നിറുത്തിക്കൊണ്ട് പെരുമ്പാവൂർ ഇടവകയുടെ ചരിത്രം രചിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അദ്ദേഹം രക്തസാക്ഷിയായത് തന്റെ കുടുംബത്തിനുവേണ്ടിയല്ല, മലങ്കര സഭയ്ക്കുവേണ്ടിയാണ്. അതുകൊണ്ട് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ടി. എം. വറുഗീസിന്റെ കുടുംബത്തെ ഒരു കാലത്തും മറക്കാൻ സാദ്ധ്യമല്ല. പരി. കാതോലിക്കാ ബാവ സൂചിപ്പിച്ചതുപോലെ ഇസ്രായേൽ ജനത്തെ മിസ്രയീമ്യ പ്രവാസത്തിൽ നിന്ന് കനാൻ നാട്ടിലേക്കു നയിച്ച മോശയെപ്പോലെയാണ് ശ്രീ. ടി. എം. വറുഗീസ്. അദ്ദേഹം പെരുമ്പാവൂർ ഇടവകയുടെ അനിഷേധ്യ നേതാവായിരുന്നു. പ്രിയപ്പെട്ട നേതാവേ! അങ്ങുടെ വേർപാടു മൂലം വന്നിരിക്കുന്ന ശൂന്യത നികത്താൻ ഞങ്ങൾ അശക്തരാണ്. അങ്ങയുടെ ആകസ്മിക നിര്യാണത്തിൽ അങ്ങയുടെ കുടുംബാംഗങ്ങളോടൊപ്പം കണ്ണുനീരിൽ കുതിർന്ന ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ അനുസ്മരണം ഉപസംഹരിക്കുന്നു. ●

**മലങ്കര ഓർത്തഡോക്സ് സഭയുടെ ശക്തനായ വക്താവായിരുന്നു ശ്രീ. ടി. എം. വറുഗീസ്. സ്വന്തം കുടുംബത്തെക്കാൾ ഉപരിയായി അദ്ദേഹം സഭയെ സ്നേഹിച്ചിരുന്നു. അതുകൊണ്ടാണ് അല്ലപ്രയിൽ അദ്ദേഹം നടത്തി വന്ന തടിമില്ലിന് "മലങ്കരടിമ്പേഴ്സ്" എന്നു പേരിട്ടിരുന്നത്. അതുകൊണ്ടുതന്നെ "മലങ്കര വറുഗീസ്" എന്ന് അദ്ദേഹം അറിയപ്പെട്ടിരുന്നു. തികഞ്ഞ കഠിനാദ്ധ്വാനത്തിലൂടെയാണ് അദ്ദേഹം വിജയത്തിന്റെ പടവുകൾ ചവിട്ടിക്കയറിയത്. അല്ലപ്രയിലുള്ള അദ്ദേഹത്തിന്റെ വ്യവസായ സ്ഥാപനത്തിൽ രണ്ടു ഫോണുണ്ടായിരുന്നു – ഒന്ന് സ്വന്തം ആവശ്യത്തിനും മറ്റേതു പാവങ്ങൾക്കു സൗജന്യമായി വിളിക്കാനും.**

# സഭയുടെ പദ്ധതികൾ ജനോന്മുഖമാകണം

ഫാ. റ്റി. പി. മാത്യൂസ്, തിണ്ടിയത്തിൽ

സഭയുടെ മുൻഗണനകളും, പദ്ധതികളും കാലാനുസരണമായി പരിഷ്കരിച്ച്, പുതിയ നൂറ്റാണ്ടിന്റെ പരിതസ്ഥിതികൾക്കനുസരണമായി നൂതന കാഴ്ചപ്പാടൊടെ, സഭ ലോകത്തിന്റെ വെളിച്ചവും ഉപ്പുമായി മാറേണ്ടിയിരിക്കുന്നു. ലോകത്തിന്റെ മുൻഗണന ആയിരിക്കരുത് സഭയുടെ മുൻഗണന. കഴിഞ്ഞ കാലങ്ങളിൽ ലോകത്തിനനുസരണമായി സഭ ഒട്ടേറെ തെറ്റുകൾ ചെയ്തു കൂട്ടിയിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിലെ അവസാന പതിറ്റാണ്ടുകളിൽ ധനത്തൊടുള്ള ബന്ധത്തിലും, അതിന്റെ കാര്യസ്ഥതയിലുമാണ് സഭ ഏറ്റവും തെറ്റു ചെയ്തത്. അവിഹിതമാർഗ്ഗത്തിൽ യാതൊരു ദയയും സഹാനുഭൂതിയുമില്ലാതെ പണം സമ്പാദിക്കുന്നതിൽ സഭ തെറ്റു കണ്ടില്ല. പെട്ടെന്ന് ധാരാളം പണം ഉണ്ടായപ്പോൾ അതിനോടായിപ്പോയി നമ്മുടെ മുൻഗണന. നമ്മുടെ സമിതികൾ പണത്തിന്റെ ബഡ്ജറ്റും കണക്കും അവതരിപ്പിക്കാനുള്ള വേദികൾ മാത്രമായി ഒതുങ്ങി. പണത്തിന്റെ മായാപ്രപഞ്ചത്തിൽ സഭ അതിന്റെ ആത്മീയ നിലവാരത്തിൽ നിലത്തോളം താഴ്ന്നുപോയി. ധനംകൊണ്ട് എന്തുമാകാം എന്നുള്ള ഹുങ്കുകൊണ്ടാണ് തീരാത്ത വ്യവഹാരങ്ങളിൽ സഭ ഉൾപ്പെട്ടുപോയത്. 1958–ൽ സുപ്രീംകോടതി വിധി ഉണ്ടായപ്പോൾ സഭ യോജിക്കാനുണ്ടായ ഒരു കാരണം ഒരു പക്ഷത്തിനു കോടതി ചിലവ് നൽകാൻ പണം ഇല്ലായിരുന്നു എന്നതായിരുന്നു. എന്നാൽ ഇന്ന് സഭയിലെ ഇരുവിഭാഗങ്ങൾക്കും പണം വേണ്ടുവോളം കൈകാര്യം ചെയ്യാനുള്ളതുകൊണ്ടുകൂടിയാണ് സഭയിൽ സമാധാനം ഉണ്ടാകാത്തത്. നമ്മുടെ കർത്താവ് കല്പിച്ചു. ‘‘നിങ്ങൾക്കു ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴികയില്ല" എന്ന് (ലൂക്കോ. 16:13) എന്നാൽ ഇന്നു നാം ദൈവത്തെയും മാമോനെയും ഒരുപോലെ സമർത്ഥമായി സേവിച്ചു മുന്നേറുകയാണ്. "ദ്രവ്യാഗ്രഹം സകലവിധദോഷത്തിനും മൂലമല്ലൊ" എന്നു പ. പൗലൂസ് ശ്ലീഹാ ഓർമ്മിപ്പിച്ചിരിക്കുന്നു (1 തിമോത്തി 6:10) പണത്തോടുള്ള നമ്മുടെ സമീപനത്തിൽ കാതലായ മാറ്റം വരേണ്ടിയിരിക്കുന്നു ആദിമ നൂറ്റാണ്ടിലെ ആത്മ ചൈതന്യമുള്ള സഭയുടെ ലക്ഷണം പ. പത്രോസിന്റെ വാക്കുകളിൽ കാണാം. "വെള്ളിയും പൊന്നും എനിക്കില്ല. എനിക്കുള്ളതു നിനക്കു തരുന്നു: നസ്രായനായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക" (അപ്പൊ. 3:6) പട്ടിണിപ്പാവങ്ങളായ ഒരു വലിയ വിഭാഗം ഇന്നു സഭയിലുണ്ട് സമഗ്രമായ ഒരു സർവ്വെയിലൂടെ ഇവരെ കണ്ടെത്തി ഉയർത്തിക്കൊള്ളുവാൻ സഭ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

### ആദ്ധ്യാത്മീയ–അജപാലന രംഗം

യാമപ്രാർത്ഥനകൾ, നോമ്പ്, അനുതാപ ജീവിതം എന്നിവയിൽ അധിഷ്ഠിതമായ സഭാ ജീവിത ശൈലി ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ് ഉപഭോഗ സംസ്ക്കാരത്തിന്റെയും, കമ്പോളവൽക്കരണത്തിന്റെയും വേലിയേറ്റത്തിൽ സഭാ ജീവിത ശൈലി പിൻതള്ളപ്പെട്ടുപോയിട്ടുണ്ടെങ്കിൽ മഹത്തായ നമ്മുടെ ആദ്ധ്യാത്മീയ ആരാധനാ പൈതൃകങ്ങളെ നിലനിർത്തുന്നതിനും, പരിപാലിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനും നമ്മുടെ ഇടവകകളിൽ മുൻഗണന നൽകേണ്ടിയിരിക്കുന്നു. നമ്മുടെ വൈദിക പരിശീലനം ഇക്കാര്യം കേന്ദ്രീകരിച്ചാവണം.

100 കുടുംബങ്ങൾക്ക് ഒരു വൈദികൻ എന്ന നിലയിൽ നമ്മുടെ വലിയ ഇടവകകളിൽ വൈദികരെ നിയമിക്കണം. അവർ ക്രമമായി ഭവനങ്ങൾ സന്ദർശിച്ചും, വ്യക്തിപരമായി ഇടപെട്ടും നമ്മുടെ ആചാരാനുഷ്ഠാനങ്ങളിൽ ജനങ്ങളെ ഉറപ്പിക്കുകയും, മറ്റു ഭക്തിമാർഗ്ഗങ്ങളിലേക്കു ആളുകൾ പോകാതെ ശ്രദ്ധിക്കുകയുമാവാം. മെത്രാപ്പോലീത്തന്മാർ വൈദികരുടെ അജപാലന ശുശ്രൂഷ ക്രമമായി നിരീക്ഷിച്ചുകൊണ്ടിരിക്കണം. ഇക്കാര്യത്തിലും ആദിമ സഭാ രീതിയിലേക്കു നമുക്ക് മടങ്ങി പോകാം" ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച് മേശകളിലേക്കു മടങ്ങിപോകുന്നത് ഉചിതമല്ല" (അപ്പൊ. 6:2) ദൈവീക ഗണത്തിന്റെ പ്രഥമ നിയോഗം ദൈവവചനത്തെ ശുശ്രൂഷിക്കുകയും, ദൈവ ജനത്തെ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പിക്കുകയുമത്രെ.

### സഭാ ഭരണത്തിനും, സഭാ ഭരണഘടനയ്ക്കും കാതലായ മാറ്റം വരണം

ഇന്നു ഗവണ്മെന്റുകൾപോലും പിൻതുടരുന്ന ഭരണശൈലി അധികാര വികേന്ദ്രീകരണത്തിന്റേതാണ്. എന്നാൽ സഭയിലിപ്പോഴും അധികാര ധ്രുവീകരണമാണ് നടക്കുന്നത്. ഏതു നിസാര കാര്യത്തിനും സഭാ തലവൻ ഇടപെടണമെന്നു വരുന്നത് അഭിമാനകരമല്ല. 1934–ൽ സഭാഭരണഘടന രൂപീകരിക്കപ്പെട്ട കാലഘട്ടത്തിലെ സാഹചര്യമല്ല ഇന്നുള്ളത്. ഇന്നത്തെ സാഹചര്യങ്ങൾക്കനുസരിച്ച് സഭ ഭരിക്കപ്പെടേണ്ടതിനു സഭാ ഭരണഘടനയ്ക്കു സമഗ്ര പരിഷ്കരണം ഉണ്ടാവണം. ഇരട്ട നേതൃത്വം (പാത്രിയർക്കീസും, കാതോലിക്കായും) പാടെ നീക്കം ചെയ്യണം. ഈ ഇരട്ട നേതൃത്വമാണ് എല്ലാ സഭാ കേസുകൾക്കും മൂലകാരണം. മലങ്കര സഭയ്ക്കു സഭ തെരഞ്ഞെടുക്കുന്ന ഏക നേതൃത്വം മതി, പാത്രിയർക്കീസിനു നൽകിയിരിക്കുന്ന എല്ലാ സ്ഥാനമാനങ്ങളും അവകാശങ്ങളും റദ്ദാക്കിക്കൊണ്ട് സമഗ്ര ഭരണഘടനാഭേദഗതിക്കു സഭ തയ്യാറാകണം മലങ്കര അസോസിയേഷനിലെ അംഗസംഖ്യ കുറയ്ക്കത്തക്കവണ്ണം അസോസിയേഷൻ ഭദ്രാസനതലപ്രാതിനിധ്യ സമിതിയാക്കണം.

ഈ പംക്തിയിൽ വരുന്ന അഭിപ്രായങ്ങൾക്ക് പൂർണ്ണ ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രമായിരിക്കും. ഈ പംക്തിയിലേക്ക് ലേഖനങ്ങൾ അയയ്ക്കുമ്പോൾ ആവർത്തിക്കുന്ന അഭിപ്രായങ്ങൾ ഒഴിവാക്കുകയും പുരോഗമനവും കാലോചിതവും പ്രായോഗികവുമായ വീക്ഷണങ്ങൾ അവതരിപ്പിക്കുവാനും ശ്രദ്ധിക്കുക –പത്രാധിപർ.

MRS. ANNA VARGHIS

# The Unspeakable Gift

What is the relevance of Christmas? Christmas means different things to different people. It is characterised by good food, gift exchange and inspiring music. It celebrates the birth of a baby born long ago. But what is the significance of that birth? St. Paul says (II Cor. 9:15) that Christ is God's supreme gift to mankind. What that gift means is beyond his power to express. The consciousness of it, awakening wonder, worship and boundless gratitude, make redundant all his efforts to stimulate men to giving. When we comprehend God's great gift in Christ, adoring gratitude woud flow out in an irrepressible spring of generosity, says Paul.

The thought of Christ as God's gift to men pervades the New Testament. The gospel is not the proclamation of an ideal; it is the good news of God's free gift in Christ. This gift is like a treasure hidden in a field, which impels the finder to sell his all to buy the field and possess the treasure (Matt. 13:44). It is like a pearl of great price for which a merchant sells all his other pearls (Matt. 13:45-46). It is the invitation form king to a wedding feast (Matt. 22:2-3). These parables describe the indescribable treasure of the gift Christ brought in his own person. What this gift meant to Paul is revealed in his letter. It brought light on the meaning of life, deliverance from the guilt and power of sin, a new attitude to trouble and suffering by which they became God's instruments of grace.

But this gift also brings with it a demand. It is the call to service and it lays us under a sense of obligation. It raises the psalmist's question, "What shall I render unto the Lord for all his benefits toward me?" (Ps. 116:12). "The love of Christ awakens in man a response of gratitude which seeks a channel in service. It also opens our eyes to the need, which claims our help. The best gifts of life are often its demands on our energy, and its challenges to our faith and courage. When Paul was in Damascus, broken and humbled by his meeting with the living Christ, Ananias brought him the gift of God's forgiveness; but that forgiveness assumed the form of a call to God's service that would take all his strength to fulfill (Acts 9:15-16). It brought to him the incredible privilege of being used by God in the service of His Kingdom. The call was part, at least, of God's inexpressible gift.

Christ means different things to different people in different situations. He is a living presence in life's varied experiences. In Deuteronomy 6:4-8 we are told to teach God's commandments, talk about them when we are at home, or out for a walk, at bed time and the first thing in the morning. In the same way, we don't have to go far to search God. If we accept this great gift of Christ into our lives, we can talk to him and experience his presence in our daily walk wherever we are or whatever the circumstances. We do not have to carry our burdens alone. Christ releases us from our fear, anxiety, guilt and burdens. Regardless of circumstances, God offers us spiritual freedom and peace.

Many in prison still find God's liberating word. Many who are sick, many who are grieving, have felt God's hand holding them. A young man Joe Kennedy form Indiana looks at Christmas as seen through the distorted vision of a teenager whose

parents were divorced and taught him almost nothing about God. He hated going to Mom's and then to Dad's for Christmas. He didn't want their gifts. He wanted a family. But Christ changed his view of Christmas and of life by his saving grace. Now he has a family-the family of God. Today he loves his parents. He has forgiven them and he doesn't feel empty on Christmas. Christmas brings joy, hope and peace to his once-troubled soul because it celebrates the fact that God sent Christ to earth. He is called Immanuel, which means "God with us". Now he truly knows that God is with him.

This world has become different because of the birth of Christ. Individual lives have become different because of this great gift. Cora Williams of Australia writes that as she watched her children and grandchildren opening their Christmas gifts, her own heart felt heavy as she thought of their broken marriages non-traditional relationship and financial problems brought about by unwise decisions. She had traveled through advent with her church family, and they had lighted the candles of hope, peace, joy and love in the Advent wreath. They had sung songs of praise to God for coming in Jesus. They had acknowledged that Christmas it is all about relationships. But this beloved family of hers seemed far removed from this truth of Christmas.

Often we have celebrations but we are far removed from the real spirit of Christmas. Christmas is all about love. But we cannot love God or man. Information Technology has made great strides of progress and the world has become a much smaller place because of advanced methods in communication. But there is no communication between husband and wife, parents and children, neighbor and neighbor. We love neither God nor man. We love only ourselves and our technology. The western world went searching for new springs of water to satisfy their longings and lust. But they have discovered that all their search has been in vain and that they have to rediscover the ancient path that the Magi took on their journey to worship the King of Kings, this great gift of God. We in the Orient have thrown away this great pearl to repeat their mistakes and roll like pigs in the mud of their filth. We think that our computers, our consumer goods and our bank balances laced with Sunday morning services are enough for the security of our lives and the lives of our children. But we have thrown away what is precious, what is life giving. We have to come back to the Bible, back to our knees and back to Bethel to find meaning or our lives. Let us sell our all and buy this field and possess the treasure and hand it over as the richest of our heritage to our children and our children' children. Let us sell all our other pearls and by this pearl of great price.

It is not possible to truly encounter Jesus and be unaffected. We must bear the mark of that encounter, and others should be able to see a difference in us. In his Journey of the Magi T. S. Eliot relates such an experience. The Journey of the Magi or the wise men was very difficult. It was the worst time of the year, the very dead of winter. Their camels were galled, sore-footed and the camel men were cursing and grumbling. The cities were hostile and the towns unfriendly, the villages dirty and charging high prices. They had a hard time of it. Voices were singing in their ears that this journey was all folly. But finally they found the place and saw the baby Jesus and worshipped him. But something strange happened. They who had been led all the way to see a Birth, had experienced a Death, their own death, so that when they returned to their places, these kingdoms, they could no longer be at ease in the old dispensation. These had become so different, so transformed. They had become new persons.

No one who encounters Christ can be the same again. We must experience the death of our old self to become a new person. Our circumstance may or may not change, but our outlook will change and we will experience the empowerment of the living presence of Christ. May God enable us to discover a new the significance of this Birth as we celebrate Christmas this year.

**(Courtesy: "Jnananikshepam", Dec. 2002).**

## ബൈബിൾ കടങ്കഥകൾ

പി.വി. വർഗ്ഗീസ്, കരയാംപറമ്പ്

തനയനൊരുത്തൻ താതനെയൊരുനാൾ കബളിപ്പിച്ചതിനാൽ
ധനവും മാനവുമധികം നേടി വിജയിച്ചവസാനം
മറ്റൊരു താതനവനെ കബളിപ്പിച്ചതു നന്നായി
പറ്റിച്ചവനെ പറ്റിച്ചോനിവനാരെന്നറിയാമോ?
അറിയണമെങ്കിലിരുപതുമൊൻപതു പുസ്തകമുല്പത്തി
ഇരുപത്തഞ്ചാം വാക്യം തന്നിലുത്തരമുണ്ടല്ലോ

ഒരു മർത്യൻ തൻ ശാസന കേട്ടിട്ടർക്കനുമമ്പിളിയും
ഒരു മുഴുവാസര മന്നൊരു നാളിൽ നിശ്ചലമായ് നിന്നു.
നേരാണേയിതു പണ്ടു നടന്നൊരു കഥയാണറിയാമോ?
ആരാണിവരെ ശാസിച്ചവനെന്നോതുക വത്സലരേ
ശാസിച്ചോനിവനാരെന്നോതാനറിയില്ലെന്നാകിൽ
യോശുവ പത്തിൽ പന്ത്രണ്ടാമതിലുത്തരമുണ്ടല്ലോ.



ലേഖനം


ജോ മാണിപറമ്പിൽ, തിരുവനന്തപുരം


# നീതി ലഭിക്കുന്ന സമാധാനം

## മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിലാഷം

40-ൽ പരം വർഷം രാജ്യത്തെ നീതിപീഠങ്ങളുടെ വരാന്തയിൽ അന്തിയുറങ്ങിയശേഷം കൈവന്ന ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ അന്തിമ തീർപ്പിന്, സമാധാനം അഥവാ ഒത്തുതീർപ്പ് എന്ന മുദ്രാവാക്യവുമായി രംഗത്തിറങ്ങിയ തല്പര കക്ഷികളുടെയും, കേരള സർക്കാരിന്റെ നിലപാടുകളുടെയും, "പീസ് വിത്ത് ജസ്റ്റിസ്" എന്ന ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്റെ പ്രസ്താവനയുടെയും, യാക്കോബായ ഓർത്തഡോക്സ് വിഭാഗ നേതാക്കന്മാരുടെ ജീവൻ ടിവിയിൽ കൂടിയുള്ള ദൃശ്യ മാദ്ധ്യമ സംഗമത്തിന്റെയും, സംസ്ഥാന മുഖ്യമന്ത്രിയുടെ ഉപാധി ഇല്ലാത്ത നീതി നിർവ്വഹണ പരിപാടികളുടെയും അടിസ്ഥാനത്തിൽ ഒരു സാധാരണക്കാരന്റെ വികാര വിചാരങ്ങൾ പൊതുജന സമക്ഷത്തിൽ അവതരിപ്പിക്കുകയും അതിൽ ഉൾക്കൊണ്ടിരിക്കുന്ന ആശയ ആവിഷ്കാരങ്ങളുടെ നിജസ്ഥിതി ചൂണ്ടിക്കാണിക്കുകയാണ് ഈ ലേഖന ഉദ്ദേശം:

സമാധാനം എന്ന മധുരവാക്ക് എല്ലാവർക്കും സ്വീകാര്യമായ ഒന്നാണ്. ഏദൻതോട്ടത്തിൽ വച്ച് സാത്താനും ഹവ്വായിൽ കൂടി പരീക്ഷിച്ചത് ഇതുതന്നെയാണ്. പക്ഷേ സമാധാനം എന്ന പദം പ്രയോഗിച്ചതുകൊണ്ട് നിത്യസമാധാനം സഭയിൽ ഉണ്ടാകുകയില്ല എന്ന് ദൃഢമായി വിശ്വസിക്കുന്ന ഒരു ദൈവ വിശ്വാസിയാണ് ഈ ലേഖകൻ. അതായത് സമ്മർദ്ദങ്ങൾക്ക് വിധേയമായ സമാധാനം ഒരിക്കലും സമാധാനം നിലനിർത്തുകയില്ല. ഇൻഡ്യയിലെ പല മുൻ വൈസ്രോയിമാരും, ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ പീറ്റർ രാജകുമാരൻ മുതൽ താഴോട്ട് വർഷങ്ങൾക്ക് മുൻപ് ഈ ലേഖകൻ ഉൾപ്പെടെ ഇരു വിഭാഗത്തിലെയും യുവാക്കന്മാർ അടങ്ങിയ പീസ് ലീഗ് എന്ന സംഘടനയും, മുൻപ് ഇടപെട്ട് സത്യഗ്രഹം നടത്തി പരാജയപ്പെട്ട ഒരു വിഷയമാണിത്. ഭിന്നിച്ചുനിന്ന രണ്ട് സഭാ വിഭാഗങ്ങളിലെ മെത്രാപ്പോലീത്താമാർ ഒന്നിച്ചു ചേർന്ന് സഭാ ഭരണഘടനയ്ക്ക് വിധേയമായി അൻപതുകളിൽ ഒപ്പിട്ട് അന്നത്തെ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ സമാധാനം പുനഃസ്ഥാപിച്ചു പരീക്ഷിച്ചില്ലേ? ഫലം എന്തായി? ഇൻഡ്യൻ രാഷ്ട്രീയത്തിലെപ്പോലെ അധികാരമോഹം അവരെ അകറ്റി കൂടുതൽ സമാന്തര അധികാര സ്ഥാപനങ്ങൾ ഉണ്ടാക്കുകയും പുതിയ സമാന്തര കാതോലിക്കായെ രൂപപ്പെടുത്തിയെടുക്കുകയുമല്ലേ ചെയ്തത്. ആയതിനാൽ സമാധാന ശ്രമത്തിനുള്ള പരിശ്രമങ്ങളിൽ ആത്മാർത്ഥത ഉണ്ടാകണമെങ്കിൽ അതിന്റെ ഉപഘടകങ്ങൾക്കും മൂല്യ കാരണങ്ങൾക്കും ആദ്യം പരിഹാരം കാണണം. എന്നാൽ മാത്രമേ സമാധാന പരിശ്രമങ്ങൾ വിജയിക്കുകയുള്ളൂ എന്ന് പുതുതായി രംഗത്ത് വന്ന സമാധാന നേതാക്കളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. നീതി ലഭിക്കാത്ത ഈ സമാധാന ശ്രമത്തിൽകൂടി പ്രശ്നത്തിന് സ്ഥായിയായി പരിഹാരം കാണാതെ, നമ്മുടെ കാശ്മീർ പ്രശ്നം പോലെ എങ്ങും എത്താതെ "അധികാര കോക്കസ്" വലിച്ച് നീട്ടികൊണ്ടു പോകുന്നതിൽ നിന്നും സാധാരണക്കാരന് മനസ്സിലാക്കുന്നത് "ഏറിനെ കടിക്കാതെ എറിഞ്ഞവനെ കടിക്കുന്ന" നയമാണ് മധ്യസ്ഥന്മാരായി അഭിനയിക്കുന്ന നമ്മുടെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക നേതാക്കന്മാർ നടത്തുന്നത് എന്ന് തോന്നിപ്പോകുന്നതിൽ അത്ഭുതമില്ല.

### വിശ്വാസാചാരങ്ങൾ

ജീവൻ ടിവിയുടെ പ്രക്ഷേപണ വിഭാഗം നടത്തിയ ചർച്ചയിൽ ഇരു വിഭാഗങ്ങളും വിശ്വാസ ആചാരങ്ങൾ സമാധാനശ്രമത്തിന് ഒരു തടസ്സമല്ല എന്ന് പ്രഖ്യാപിച്ചു കണ്ടു. ഇതിൽ എത്രമാത്രം ശരിയുണ്ടെന്ന് ആദ്യമായി പരിശോധിക്കാം. ഉദാഹരണമായി ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായെ പറ്റിയാണ്. അദ്ദേഹമാണ് ഭാരതത്തിൽ ക്രിസ്തു സുവിശേഷഘോഷണത്തിന് ആദ്യ നൂറ്റാണ്ടിൽ കേരളത്തിൽ എത്തി ഏഴരപ്പള്ളികൾ സ്ഥാപിച്ചു എന്ന പരമാർത്ഥം ലോകത്തിലെ എല്ലാ ക്രിസ്തീയ വിഭാഗങ്ങളും ഹിന്ദു മുന്നണിയും ആർ. എസ്സ്. എസ്സ്. പോലും അംഗീകരിക്കുന്ന ഒരു ചരിത്ര സത്യമാണ്. പക്ഷേ ഭാരത സുറിയാനി സഭയിൽ ഇത് ഇന്ന് ഒരു ചർച്ചാ വിഷയമാണെന്ന് യാക്കോബായ സഭയെ പ്രതിനിധാനം ചെയ്തു ജീവൻ ടിവിയിൽ സംസാരിച്ച പട്ടക്കാരൻ സമ്മതിക്കുന്നു. ഇന്നത്തെ സമാധാനപാലകരുടെ മദ്ധ്യസ്ഥതയിൽ പണ്ടത്തെപോലെ ഇരു വിഭാഗം യോജിച്ച് ഒന്നായി തീർന്നു സമാധാനം ഉണ്ടാക്കി എന്നതുതന്നെ തല്ക്കാലം ചിന്തിക്കുക. അങ്ങനെയെങ്കിൽ അനാവശ്യ പ്രസ്താവനകൾ മൂത്ത് "മാർത്തോമാ സിംഹാസനം എന്ന ഒന്ന് നിലവിൽ ഇല്ലാ എന്നും ക്രിസ്തു ശിഷ്യനായ തോമസ് ഒരു കപ്യാർ പോലും ആയിരുന്നില്ല" എന്നും പണ്ട് കല്പനയിറക്കിയ ആകമാന സുറിയാനി സഭയുടെ തലവനെന്ന് അവകാശപ്പെടുന്ന അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രഖ്യാപനത്തെക്കുറിച്ച് "യോജിക്കുന്ന സഭയുടെ" ഔദ്യോഗിക നിലപാട് എന്തായിരിക്കും? ഇന്നത്തെ പാത്രിയർക്കീസ് മുൻപ് പുറത്തിറക്കിയ കല്പന റദ്ദ് ചെയ്ത് പുതിയ കല്പന ഇറക്കുമോ? അല്ലെങ്കിൽ വിദേശീയനായ പാത്രയർക്കീസിനു വേണ്ടി അദ്ദേഹം അഭിഷേകം ചെയ്ത് അധികാരപ്പെടുത്തി എന്ന് അവകാശപ്പെടുന്ന യാക്കോബായ സഭയുടെ "സൊസൈറ്റി കാതോലിക്കായും" യാക്കോബായ വിഭാഗവും മാർത്തോമ്മാ ശ്ലീഹായെപ്പറ്റിയുള്ള എന്തു നിലപാട് സ്വീകരിക്കുമെന്ന് വ്യക്തമായി ആലോചിച്ച് ഉറപ്പിക്കേണ്ട ഒരു വിശ്വാസ സത്യമാണ്. അതോ ക്രിസ്തുശിഷ്യനായ മാർത്തോമ്മാ

# 40-ാം ചരമദിനം
# ഡിസംബർ 23, 2002



## SRI. T. G. THOMAS

(RTD. HIGH SCHOOL HEADMASTER)
THAZHETHIL MUNDAPPALLIL
KADAMPANAD, ADOOR, KERALA
JULY 23, 1909 - NOV. 13, 2002
H/O LATE MRS. THANKAMMA THOMAS

*Sorrowing children*

1. Mr. T. T. Varkey (Son). Brightlands Bankers, Kadampanad
   Mrs. Sosamma Varkey (D/L)
   Manoj & Mahesh (G/C)
2. Mrs. Elcy Yohannan Sankarathil (D) Engineer, USA.
   The Very Rev. Yohannan Sankarathil Corepiscopa (S/L)
   Mathew & Thomas (G/C)
3. Dr. George Thomas (Son), Professor, Canada
   Dr. Valsa Thomas (D/L)
   Jonathan & Jaimie (G/C)
4. Mr. Raju Thomas (Son) Journalist, USA
   Mrs. Santa Thomas (D/L)
   Karina (G/C)
5. Dr. Babu Thomas (Son), Kollam
   Mrs. Beena Thomas (D/L)
   Mithun & Meekhal (G/C)
6. Mrs. Saly Philip (D) Social Worker, USA
   Dr. Raju Philip (S/L) HS Vice Principal
   Jubil & Jensil (G/C)
7. Mr. Stephen Thomas (Son) MTA Sup. USA
   Mrs. Sandhya Stephen (D/L) HS Counselor
   Maxwel & Calvin (G/C)
8. Mrs. Susan Babu (D), USA
   Mr. Daniel Babukutty (S/L) HS Teacher
   Litty & Leslie (G/C)

### ആദരാഞ്ജലികൾ

ഒരു തലമുറയുടെ മഹാസൗധം, 93 വസന്തശിശിരങ്ങളിലൂടെ പ്രശോഭ്വലം എരിഞ്ഞടങ്ങിയ മണിദീപം. സ്നേഹത്തിന്റെ ശ്രീകോവിൽ. ത്യാഗത്തിന്റെ മൂർത്തിമത്ഭാവം, പ്രാർത്ഥനയുടെ അൾത്താര, അറിവിന്റെ നിറകുടം, നിരാശയിൽ പരാജിതനാകാത്ത ദൃഢചിത്തൻ, പ്രാർത്ഥനയുടെയും അറിവിന്റെയും ആദ്യാക്ഷരങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ വേരൂറപ്പിച്ചുതന്ന്. ഓരോ ശ്വാസനിശ്വാസത്തിലും പ്രാർത്ഥന ഒരു മന്ത്രം പോലെ പിന്തുടരുവാൻ പഠിപ്പിച്ച വന്ദ്യാത്മാവേ!

ഞങ്ങളെട്ടുപേർ ഞങ്ങളായ്ത്തീരുവാൻ

ഞങ്ങൾക്കായ് ജീവിതം സ്പന്ദിച്ച ധന്യാത്മാവേ!

അങ്ങേയ്ക്കു പ്രണാമം! ജീവിതത്തിന്റെ നിമ്നോന്നതങ്ങളിൽ കാലിടറാതെ ദൈവാശ്രയം മുറുകെപ്പിടിച്ച സുധീരൻ, സന്ധ്യയ്ക്കു നിലത്തു വിരിച്ചിട്ട പായിൽ കുടുംബസന്ധ്യാ പ്രാർത്ഥനകൾ കർശനമായ് പാലിച്ച ഭക്തിമാൻ, പ്രാർത്ഥനയ്ക്കുശേഷം വിരിഞ്ഞ കരതലങ്ങളാൽ മക്കളുടെ ശിരസ്സിൽ അനുഗ്രഹവർഷം ചൊരിഞ്ഞ അനുഗ്രാഹകൻ, സ്വഭവനത്തിലെ അല്ലലിലും മിച്ചിച്ച് ആവശ്യകാരെ സഹായിച്ച പരോപകാരി, വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നുരുവിട്ട് കർക്കശമായ കഠിനാധ്വാനം കുടുംബാന്തരീക്ഷത്തിൽ നിഷ്കർഷിച്ച കൃതകൃത്യൻ, വിരൽത്തുമ്പിലും നാവിൻതുമ്പിലും കവിതാദേവി അനുസ്യൂതം വിഹരിച്ച "ശാർദ്ദൂലവിക്രീടിതം" അമ്മാനമാടിയ അനുഗ്രഹീതകവിപുംഗവൻ, മറ്റൊരു വാക്കു പകരം വയ്ക്കാൻ പറ്റാത്തവിധം ആംഗലേയഭാഷാപാണ്ഡിത്യം കൈവരിച്ച കേരളാ സർവ്വകലാശാലയുടെ ഗോൾഡ് മെഡലിസ്റ്റ്, സ്വന്തം രക്തം വിയർപ്പാക്കി കഷ്ടപ്പെട്ട്, സ്വന്തം കുഞ്ഞുങ്ങൾ കഴിക്കേണ്ട നിലംവിറ്റ് വ്യയം ചെയ്ത് ബസും കാറും ഇല്ലാതിരുന്ന കാലത്ത് സൈക്കിളിലും കാൽനടയായും കടമ്പനാട്ടു നിന്ന് (അടൂർ) തിരുവന്തപുരത്തേക്കുള്ള അനേകം തീർത്ഥയാത്രകളിലൂടെ കടമ്പനാട്ടു സെന്റ് തോമസ് ഹൈസ്ക്കൂളിന് അനുവാദം നേടി സഭയ്ക്കു സംഭാവന ചെയ്ത് അനേകവർഷം അതിന്റെ ഹെഡ്മാസ്റ്ററായി സേവനമനുഷ്ടിച്ച മാതൃകാദ്ധ്യാപകശ്രേഷ്ഠൻ. പ്രിയപിതാവേ! ആദരാഞ്ജലികൾ.

മകൾ എൽസി യോഹന്നാൻ, ശങ്കരത്തിൽ

*Advt.*


. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

ലസിക്കുന്ന സാക്ഷാൽ "അത്മായ പാത്രിയർക്കീസ്" ശ്രീ. പി. പി. തങ്കച്ചനായിരുന്നു. ഇത് ഒരു സമാധാന യജ്ഞമായിരുന്നില്ലേ? സുന്ദരമായി ഈ യാക്കോബായ വിഭാഗം പരാജയ ഭീതി മൂലം ആയോഗം ബഹിഷ്കരിച്ചു. കൂടാതെ മലങ്കര അസോസിയേഷനിലുള്ള ക്ഷണക്കത്തുകളിൽ "വി. മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ വാണരുളുന്ന" എന്ന വിശേഷണം ഉപേക്ഷിക്കണമെന്ന് നിർദ്ദേശിച്ചു. പ. കാതോലിക്കാബാവാ സഭാ സമാധാനത്തിനു വേണ്ടി ആ ക്ഷണക്കത്തിന് മാത്രം പ്രസ്തുത തടസവാദം ഒഴിവാക്കി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് ക്ഷണക്കത്തയച്ചു. അങ്ങനെ സുപ്രീംകോടതിയുടെ തീരുമാനപ്രകാരം അതിന്റെ പ്രതിനിധിയായ ജസ്റ്റിസ് മളിമഠിന്റെയും അംഗീകാരത്തിലും സാന്നിദ്ധ്യത്തിലും ഈ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ മലങ്കര അസോസിയേഷൻ പരുമലയിൽ വച്ചു നടക്കുകയും ഇന്നത്തെ കാതോലിക്കാ ബാവായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്ഥിരീകരിക്കുകയും ചെയ്തു. കാതോലിക്കാ സ്ഥാനവും മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും രണ്ടാണെന്ന് പ്രത്യേകം ഓർക്കുക. കാതോലിക്കാ സ്ഥാനം മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ പൗരോഹിത്യ പാരമ്പര്യ സ്ഥാനവും, മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കാലാകാലങ്ങളിൽ അസോസിയേഷൻ തിരഞ്ഞെടുക്കുന്ന സഭാ ട്രസ്റ്റിന്റെ അദ്ധ്യക്ഷ പദവിയുമാണ്. മുൻപ് പണ്ഡിറ്റ് നെഹ്റു കോൺഗ്രസ് പ്രസിഡന്റും ഇൻഡ്യൻ പ്രധാനമന്ത്രിയും ആയിരുന്നതുപോലെ കാലം ചെയ്ത ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാലം മുതൽ കിഴക്കിന്റെ കാതോലിക്കാ എന്ന മലങ്കരസഭയുടെ ആത്മീയ മേലദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്താ എന്ന സഭയുടെ ഭൗതീക സ്വത്തുക്കളുടെ പ്രധാന ട്രസ്റ്റിയുമായി ഭരണഘടനാനുസരണം ഒരാളിൽ നിക്ഷിപ്തമാണ്. യാക്കോബായ വിഭാഗം ഈ പരുമല അസോസിയേഷൻ ബഹിഷ്ക്കരിച്ചു. അന്നേ ദിവസം പുത്തൻ കുരിശിൽ യോഗം കൂടി ഒരു ബദൽ കാതോലിക്കായ്ക്ക് രൂപം നൽകി. അങ്ങനെ സുപ്രീം കോടതി നിർദ്ദേശപ്രകാരം ജസ്റ്റിസ് മളിമഠിന്റെ നേതൃത്വത്തിൽ നടന്ന പരുമല സമ്മേളനം നിയമാനുസരണം ഇൻഡ്യയുടെ പരമോന്നത നീതിപീഠം വീണ്ടും മേലിൽ ആർക്കും ചോദ്യം ചെയ്യുവാൻ അസാദ്ധ്യമാകും വിധം അംഗീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. "ഈ വിധിയെ ആണ് അദ്ധ്യാപകൻ മനഃപൂർവ്വം എന്റെ കുട്ടിയെ തോല്പിച്ചതാണെന്ന് യാക്കോബായ വിഭാഗം നിലവിളിക്കുന്നത്." പക്ഷേ യാക്കോബായ വിഭാഗം ഇപ്രകാരം ബദൽ കാതോലിക്കായെ വാഴിച്ചതോടുകൂടി നിയമാനുസ്രണം സ്വയം മലങ്കരസഭയ്ക്ക് പുറത്തായി എന്നത് അവർ തന്നെ അറിയാത്ത ഒരു യാഥാർത്ഥ്യമായി ഇന്നും ചരിത്രത്തിൽ നിലകൊള്ളുന്നു. സുപ്രീംകോടതിയുടെ ആ അന്തിമ ഉത്തരവ് നടപ്പാക്കുന്നതിൽ നിന്നും കേരള സർക്കാർ ഒഴിഞ്ഞുമാറി. നീതിനടത്തിപ്പിൽ അലംഭാവം കാണിക്കുന്ന, ഒരു ജനാധിപത്യ സർക്കാരിന്റെ ഈ പ്രവൃത്തിക്ക് എന്തു ന്യായീകരണമാണ് ഈ സമാധാന ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പറയാനുള്ളതെന്ന് അറിയിച്ചാൽ നന്നായിരിക്കും. ഈ ആരോപണം ശരിയാണെന്ന് മധ്യസ്ഥർക്ക് മനസ്സിലായാൽ കാവേരി ജലപ്രശ്നം പോലെ ഒരു വിവാദപരമായ മറ്റൊരു വ്യവഹാര പരമ്പര സൃഷ്ടിക്കുവാൻ ഇടയാക്കാതെ നീതിപൂർവ്വമായ നിയമം നടപ്പാക്കുവാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുവാൻ നമ്മുടെ സാംസ്ക്കാരിക, രാഷ്ട്രീയ നേതാക്കന്മാരും രാഷ്ട്രീയ പാർട്ടികളും മുൻപോട്ട് വരുന്നതാണ് നീതിപൂർവ്വമായ വലിയ സമാധാനം. കുറ്റം ചെയ്തവനല്ല അതിന് ചൂട്ടു പിടിക്കുന്നവനാണ് ഏറ്റവും വലിയ കുറ്റക്കാരെന്ന് നിയമം നമ്മെ ഉത്ബോധിപ്പിക്കുന്നു. അതനുസരിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പാണ് ഈ പ്രശ്നത്തിലെ ഏറ്റവും വലിയ കുറ്റക്കാരൻ.

ഈ കേസിന്റെ കഴിഞ്ഞ കാലങ്ങളും അതിൽ ഉൾപ്പെട്ട സ്വാർത്ഥമോഹികളുടെ പ്രവർത്തനങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ യാക്കോബായ സഭയുടെയും ഓർത്തഡോക്സ് സഭയുടെയും വിവിധ മുഖങ്ങൾ മസ്സിലാക്കാം. ഇതിൽ ആദ്യമുഖം യാഥാർത്ഥ്യമാണ്. ഓരോ യാക്കോബായ സഭാംഗങ്ങളുടെയും അവർക്ക് നേതൃത്വം നൽകുന്ന മെത്രാപ്പോലീത്തന്മാരുടെയും വൈദീകരുടെയും അത്മായ നേതാക്കന്മാരുടെയും അന്തഃകരണത്തിന്റെ അടിത്തട്ടിൽ ആ നഗ്ന സത്യം ഒളിഞ്ഞു കിടപ്പുണ്ട്. എന്നാൽ നേരേ മറിച്ച് ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ വിഭാഗത്തിനും കാതോലിക്കാ ബാവായ്ക്കും ഒരു മുഖമേയുള്ളു. അത് നിയമദൃഷ്ട്യാ നിലനില്ക്കുന്ന സഭാഭരണഘടനയും ഭരണഘടനയിൽക്കൂടി രാജ്യത്തെ നിയമപ്രകാരം 40 വർഷം കോടതി കയറിയിറങ്ങി രാഷ്ട്രത്തിലെ അത്യുന്നത നീതിന്യായപീഠത്തിൽ നിന്നും ലഭ്യമായ അമൂല്യ വിധിയുമാണ്. ഇവരണ്ടും മാത്രമാണ് ആർക്കും കവർന്നെടുക്കുവാൻ അസാദ്ധ്യമായ രീതിയിൽ ദൈവം ഓർത്തഡോക്സ് സഭയ്ക്ക് നൽകിയ അമൂല്യ സ്വത്ത്. ഇവ രണ്ടും മാറ്റി മറിക്കുവാൻ ഒരു സംസ്ഥാന മുഖ്യമന്ത്രിയല്ല പ്രധാനമന്ത്രി വിചാരിച്ചാലും ഇൻഡ്യൻ പ്രസിഡന്റ് നിശ്ചയിച്ചാലും അസാദ്ധ്യമാണ്. ഇവിടെയാണ് ഇൻഡ്യൻ ജനാധിപത്യത്തിന്റെ കാതലായ മൂല്യവും മഹിമയും സ്ഥിതി ചെയ്യുന്നത്. ഇതിനെയാണ് കേരള സർക്കാരിന്റെ ആഭ്യന്തരവകുപ്പ് താല്ക്കാലിക അധികാരം ഉപയോഗിച്ച് ഇടംകോലിടുന്നത്.

യാക്കോബായ സഭയുടെ രണ്ടാമത്തെ മുഖം നിയമത്തിന്റെ മുൻപിൽ കേസ് ജയിക്കുവാൻ വേണ്ടി വക്കീലന്മാർ മുഖാന്തിരം കോടതികളിൽ നടത്തിയ അസത്യവാദമുഖങ്ങളാണ്. സുപ്രീംകോടതി ഈ വാദമുഖങ്ങൾ പരിഗണിച്ചിട്ടില്ല എന്ന് ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ? നേരെ മറിച്ച് നിയമ ഗോദായിൽ സാധാരണയായി അഭിഭാഷകർ, കാണിക്കുന്ന സങ്കുചിത കുശാഗ്രബുദ്ധി അനുഭവിച്ചറിഞ്ഞ മലായാളി സുപ്രീംകോടതി ജഡ്ജി, മുടന്തൻ ന്യായങ്ങൾ ഉന്നയിച്ച് വിഷയം നീട്ടിക്കൊണ്ടുപോകാനുള്ള മലയാളി പ്രവണതയുടെ നട്ടെല്ലിന് ഒരു കാരിരുമ്പാണി ആദ്യമേ അടിച്ചുകയറ്റി. അതാണ് യാക്കോബായ വിഭാഗത്തിന് ലഭിച്ച മുഖ്യ ആഘാതം. അതായത് ഈ പ്രശ്നത്തെപ്പറ്റി ഇനിയും സുപ്രീം കോടതിയല്ലാതെ മറ്റൊരു കോടതിക്കും തീരുമാനിക്കുവാൻ അധികാരമില്ല എന്ന ഉത്തരവ് യാക്കോബായ വിഭാഗത്തിന്റെ പുതിയ പുതിയ വാദമുഖങ്ങളുടെ നട്ടെല്ലൊടിച്ചു. അന്തിമവിധി വന്നപ്പോൾ അത് ഗുസ്തിയിൽ തോറ്റാലും ഒരു കാല് മുകളിലാണെന്നും, ആയതിനാൽ "മദ്ധ്യസ്ഥന്മാരേ ഓടിവരണേ; രക്ഷിക്കണേ; എന്ന നിലവിളിയുമായി വെളിച്ചത്തുവ

ന്നു. ആദർശവീരനായ കേരളമുഖ്യമന്ത്രി സ്റ്റാറ്റസ്കോയുമായി സമാധാനപാലകന്റെ കുപ്പായമണിഞ്ഞ് പുറത്തിറങ്ങി. അങ്ങനെ ക്രമസമാധനത്തിനും നിയമനടത്തിപ്പിനും ഉത്തരവാദികളായ കേരളപോലീസ് നോക്കുകുത്തികളായി. കൈയൂക്ക് നടത്തുന്നവർ കാര്യക്കാരനുമായി. കോടതി ഉത്തരവ് നടപ്പാക്കുവാൻ ധാർമ്മികമായിട്ടല്ല നിയമപരമായി കടപ്പെട്ടവർ വോട്ടുബാങ്കിനുവേണ്ടി സമാധാന പാലകനായി. ഈ അവസരത്തിൽ ബ. കേരള മുഖ്യമന്ത്രി ഇൻഡ്യയുടെ മുൻകാല പാർലമെന്റ് നടപടികൾ ഒന്നു പരിശോധിച്ചു നോക്കുവാൻ ആവശ്യപ്പെടുകയാണ്. അതായത് സ്വതന്ത്ര ഇൻഡ്യയിലെ ആദ്യത്തെ വെടിവെപ്പാണ് സംഭവം. അഹിംസയിൽ അടിയുറച്ച കോൺഗ്രസിന്റെ സർക്കാർ വെടിവെയ്പ് നടത്തി ഹിംസ നടത്തുന്നു എന്നായിരുന്നു അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന എ. കെ. ഗോപാലന്റെ ആരോപണം. പ്രധാനമന്ത്രിയുടെ മറുപടി ഇപ്രകാരമായിരുന്നു. "It is true the Indian National Congress ideology is founded on Non-violence & it is also true that here is an elected Congress Govt. in power to Rule & Control the Law & Order in any part of the Country. Let the Hon'ble member remembrer Non-violence is for the congress. But when and where the country face any violence internally or externally, the Govt of India shall and will adopt suitable means including using our force to put down violence without considering the status of the personalities involved in the incident" ശ്രീ. നെഹ്റുവിന്റെ ഈ പ്രസ്താവന ശ്രീ. ആന്റണി ഉൾപ്പെടെ എല്ലാ ഭരണാധിപന്മാർക്കും ഒരു പാഠമാണ്. ഭരിച്ചാൽ പോരാ, ഭരണാധിപനായിരുന്നാൽ പോരാ, സംസ്ഥാനത്ത് ഭരണവും നടന്നുകാണണം. കോടതിവിധി നടപ്പാക്കാൻ വിസമ്മതിക്കുന്ന ഭരണാധിപന്മാരെ ചിലപ്പോൾ അധികാരകസേരയിൽ നിന്നും കോടതി ഇറക്കിവിട്ടു എന്ന് വരാം. അല്ലെങ്കിൽ അവസാനം ജനങ്ങൾ പിടിച്ചിറക്കി എന്നും വരാം.

മൂന്നാമത്തെ മുഖമാണ് വിഘടിത സ്വഭാവം. രാജ്യത്തെ നീതിന്യായപീഠം തങ്ങൾക്ക് എതിരായി എന്ന് കണ്ടപ്പോൾ തങ്ങളുടെ സ്ഥാനമാനങ്ങൾ നിലനിർത്താനായി മാത്രം ഒരു വിദേശ രാജ്യത്ത് നിന്ന് ഒരു പുതിയ സഭയുടെ പുതിയ അധികാരിയായി പൊയ്മുഖങ്ങൾ കാണിക്കുവാനും തുടങ്ങി. തിരികെവന്നത് നമ്മുടെ ദൃശ്യമാധ്യമങ്ങൾക്ക് ഒരു ഹരമായി. അതിൽ ഭാരതത്തിന്റെ പരമോന്നത നീതിപീഠം പക്ഷപാതം കാണിച്ചു എന്നുപോലും ഉൽഘോഷിക്കപ്പെട്ടു. അതും കോടതിയലക്ഷ്യമാണെന്നത് മറ്റൊരു കാര്യം.

അടുത്ത മുഖമാണ് കരഞ്ഞുകാണിക്കലും പിടിച്ചടക്കലും അഥവാ കുടികിടപ്പ് വാദം. ഈ കേസിൽ ഉൾപ്പെട്ട പല പള്ളികളിലും പ്രാദേശിക കോടതികളിൽ നിന്നും താല്ക്കാലിക ഉത്തരവനുസരിച്ച് ആരാധനകൾ പല തവണകൾ ആയി അർപ്പിക്കുന്നുണ്ട് എന്നത് വാസ്തവം. ആ തവണ വ്യവസ്ഥകൾ എല്ലാം കേസിന്റെ അന്തിമ വിധി സുപ്രീംകോടതിയിൽ നിന്നും വന്നതോടുകൂടി സ്വാഭാവികമായി അസ്ഥിരപ്പെട്ടു കഴിഞ്ഞു എന്ന് ഏത് സാധാരണക്കാരനും അറിയാം. പക്ഷേ തങ്ങളും കാലാകാലങ്ങളിൽ തവണ നടത്തുന്നു എന്ന "കുടികിടപ്പ് അവകാശവുമായി" ശക്തി പ്രകടനങ്ങൾ ഒരു വശത്ത് നടത്തുകയും മറുഭാഗത്ത് മദ്ധ്യസ്ഥന്മാരുടെ ഒരിക്കലും നടക്കുവാൻ സാധ്യതയില്ലാത്ത സമാധാന ശ്രമങ്ങൾക്ക് ആരംഭമിട്ട് കാതോലിക്കാ വിഭാഗത്തെ പൊതുജനമദ്ധ്യത്തിൽ അപകീർത്തിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ ലേഖകൻ നേരിട്ടനുഭവമുള്ള ഒരു സംഭവം വിവരിക്കുന്നത് അസ്ഥാനത്ത് ആകുകയില്ലെന്ന് കരുതുന്നു. 1968–ൽ ഇന്നത്തെ കാതോലിക്കാ ബാവാ കൂറിലോസ് മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ അന്നത്തെ ദുബൈ സംസ്ഥാന ഭരണാധിപനെ സമീപിക്കുകയും ഒരു പള്ളിവയ്ക്കാൻ അനുവാദം ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം അനുവാദം നല്കിയ സ്ഥലത്ത് അന്ന് ഏതാണ്ട് എഴുപതോളം വീട്ടുകാർ ചേർന്ന് സ്വന്തമായി ചെറിയ ഒരു പള്ളി പണിതു. അങ്ങനെ ഗൾഫ് മേഖലയിൽ ഒരു മുസ്ലീം ഭരണാധികാരി ആദ്യമായി പള്ളി അനുവദിച്ചു. കാലക്രമത്തിൽ ഇത് രണ്ടു പ്രാവശ്യം പുതുക്കി പണിത് വലുതാക്കി. അതാണ് ഇന്നു കാണുന്ന Dubai St. Thomas Orthodox Church. ഏതാണ്ട് 2000 ത്തോളം കുടുംബാംഗങ്ങൾ ഇന്ന് അവിടെ നിരന്തരം ആരാധന നടത്തിവരുന്നു. ഏതാനും വർഷം മുൻപ് അന്നത്തെ സിറിയൻ പ്രസിഡന്റിന്റെ ഒരു ശുപാർശ കത്തുമായി യു.എ. എ. യിലെ സിറിയൻ അംബാസിഡർ ഒരു അദ്ധ്യാപകവിസായിൽ കഴിഞ്ഞുകൂടുന്ന മലയാളി വൈദികൻ ഫാദർ ചാമക്കാലയുടെ നേതൃത്വത്തിൽ ദുബൈ ഭരണാധികാരിയെ സമീപിച്ച് തങ്ങൾക്കുംകൂടി പ്രസ്തുത പള്ളിയിൽ പ്രത്യേകം ആരാധന നടത്തുവാൻ അനുവാദം ചോദിച്ചു. ഇവരുടെ ആഗമന ഉദ്ദേശ്യം മനസ്സിലാക്കിയ അന്നത്തെ ഭരണാധികാരി "ഈ സ്ഥലം ദേവലോകത്ത് വന്നരുളുന്ന കാതോലിക്കായ്ക്കാണ് കൊടുത്തിരിക്കുന്നതെന്നും മലബാറി (മലയാളി) കളായ ആളുകൾ എല്ലാ വെള്ളി, ഞായർ ദിവസങ്ങളിലും ആരാധന നടത്തുന്നുണ്ടെന്നും, യുക്തമെങ്കിൽ സിറിയക്കാരായ ക്രിസ്ത്യാനികൾക്കും അതിൽ സംബന്ധിക്കാമെന്നും" മറുപടി നൽകിയതുമൂലം ആ ഗൂഢശ്രമവും പൊളിഞ്ഞു. ഇതുപോലെയുള്ള കുടികിടപ്പ് ശ്രമത്തിൽ കൂടി ഭാഗികമായി ആരാധന നടത്തി അവകാശം സ്ഥാപിച്ചിരിക്കുന്ന കേരളത്തിലെ പല പള്ളികളിലും സുപ്രീംകോടതി വിധിപ്രകാരം മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന, മലങ്കര അസോസിയേഷൻ തിരഞ്ഞെടുത്ത മലങ്കര മെത്രാപ്പോലീത്തായുടെ അധികാര സീമയിലായി. ഇതിനെയാണ് വിഘടിക്കപ്പെട്ട നൂതന കാതോലിക്കാ സംസ്ഥാന മുഖ്യമന്ത്രിയോടുകൂടി ചേർന്ന് അധികാരത്തിന്റെ കവചം ഉപയോഗിച്ച് സമാധാന ദൂതന്റെ വേഷത്തിൽ കോർട്ടലക്ഷ്യ കുറ്റം കാണിച്ചുകൊണ്ടിരിക്കുന്നത്. ഇതാണ് Peace with Justice എന്ന് പ. കാതോലിക്കാ ബാവാ പ്രഖ്യാപിച്ചതിന്റെ ഉള്ളടക്കമെന്നാണ് ഈ ലേഖകൻ മനസ്സിലാക്കുന്നത്.

ആവശ്യം എങ്കിൽ കോർട്ടലക്ഷ്യത്തിനും സത്യപ്രതിജ്ഞ ലംഘനത്തിനും സംസ്ഥാന ഭരണാധികാരികൾക്കെതിരേ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യുവാൻ പ. കാതോലിക്കാ ബാവായും പ. സുന്നഹദോസും മുൻകൈ എടുക്കണമെന്ന് അപേക്ഷിക്കുന്നു.



# ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി–682 308

## ചോദ്യം — ഗലാത്യർ 3–4

1. പൗലോസ് ശ്ലീഹാ ഗലാത്യരെ കഠിനമായി ശാസിക്കുവാൻ ഉപയോഗിച്ച വാക്ക് ഏത്?
2. ഗലാത്യർക്ക് ആത്മാവ് ലഭിച്ചത് എങ്ങനെയാണ്?
3. അബ്രഹാമിന്റെ മക്കൾ ആരാണ്?
4. ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്നവൻ എന്തിന്റെ കീഴിൽ ആകുന്നു?
5. ക്രിസ്തു നമുക്ക് വേണ്ടി എന്ത് ആയിതീർന്നു?
6. ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നവർക്ക് എന്താണ് ധരിച്ചിരിക്കുന്നത്?
7. പുത്രനെങ്കിൽ ഉള്ള വിശേഷത എന്താണ്?
8. ശ്ലീഹാ പ്രസവ വേദനപ്പെടുന്നത് എന്തിനാണ്?
9. നാം എങ്ങനെ ജനിച്ചവരാകുന്നു?
10. ക്രിസ്തു സ്വതന്ത്രരാക്കിയ നമ്മൾ എന്തു ചെയ്യണം?

## ഉത്തരം — ഗലാത്യലേഖനം 1, 2

1. അപ്പൊസ്തോലനായ പൗലോസും കൂടെയുള്ള സകല സഹോദരന്മാരും കൂടി (1:2)
2. വേറൊരു സുവിശേഷത്തിലേക്ക് മറിയുന്നത് കണ്ട് ശ്ലീഹാ ആശ്ചര്യപ്പെട്ടു (1:6)
3. പൗലോസ് ശ്ലീഹാ ധന്യൻ ചൊൽകേട്ടേൻ......
4. യേശു ക്രിസ്തുവിന്റെ വെളിപാടിനാൽ അത്രേ. (1:12)
5. അറബിയിലേക്ക് (1:17)
6. 15 ദിവസം പത്രോസിനോടു കൂടെ ഉണ്ടായിരുന്നു
7. 14 കൊല്ലം കഴിഞ്ഞ് ബർന്നബാസുമായി, തീത്തോസിനെയും കൂട്ടി യെരുശലേമിൽ പോയി (2:1)
8. വി. പത്രോസ് (2:8)
9. യാക്കോബും, കേഫാവും, യോഹന്നാനും (2:9)
10. ദരിദ്രരെ നിങ്ങൾ ഓർത്തുകൊള്ളണം (2:10)
11. ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് (2:20)

**സെപ്റ്റംബർ ലക്കം ഉത്തരങ്ങൾ ശരിയാക്കിയവർ**

1) മോളി മാത്യു, നാരങ്ങാനം; 2) ഏലിയാമ്മ പൗലോസ് മണലിൽ, ചെല്ലങ്കോട്; 3) യാസ്മിൻ ജോർജ്ജ്, പന്തപ്ലാക്കൽ, ആലുവ; 4) ലിൻസി സൂസൻ വർഗീസ്, നാരകത്താനി, വെണ്ണിക്കുളം; 5) ബിജി മാത്യു, കൊട്ടാരചൗക്കി, മാംഗ്ലൂർ; 6) അന്നമ്മ മത്തായി, നേതാജി റോഡ്, ആലുവ;

**ഒക്ടോബർ ലക്കം ഉത്തരങ്ങൾ ശരിയാക്കിയവർ**

1) ഏലിയാമ്മ സക്കറിയ, ഹാപ്പി ഹോം അപ്പാർട്ട്മെന്റ്; കൊൽക്കത്ത; 2) A good Friend 3) കെ. സി. എലിസബേത്ത് തമ്പി, കുത്തൂർ, കൊച്ചി–36; 4) ആനീസ് ഉമ്മൻ, വാണിയപ്പുരയ്ക്കൽ, നിരണം; 5) ഏലിയാമ്മ പൗലോസ്, മണലിൽ, ചെല്ലങ്കോട്, വയനാട്; 6) ആലീസ് അബ്രഹാം, അന്തരീയത്ത്, കോയമ്പത്തൂർ; 7) മേരി ജോയിക്കുട്ടി, സൂററ്റ്, ഗുജറാത്ത്;

**സെയിൽസ്മാനെ ആവശ്യമുണ്ട്**

അതിവേഗം ജനപ്രീതി നേടിക്കൊണ്ടിരിക്കുന്ന ശുദ്ധവും സ്വാദിഷ്ടവും ഗവൺമെന്റംഗീകാരവുമുള്ള കറി പൗഡറിന്, ആകർഷമായ ശമ്പള വ്യവസ്ഥയിലോ, കമ്മീഷൻ വ്യവസ്ഥയിലോ പ്രവർത്തിക്കുവാൻ തയ്യാറുള്ള അഭ്യസ്ഥവിദ്യരായ സെയിൽസ്മാൻമാരെ ആവശ്യമുണ്ട്.

ബയോഡേറ്റാസഹിയം ബന്ധപ്പെടുക.

Box No. 291
Malankara Sabha
Devalokam P.O.
Kottayam-38
Ph: 0484-2760286

**MATRIMONIAL**

Marriage proposals are invited for an Orthodox boy (Postgraduate/I.T. Professional/26 years/160 c.m.) working in North India from parents of God fearing, good looking girls, preferrably professionaly qualified (B.Sc. Nursing)/working in North India.

Box No. 292
Malankara Sabha
Devalokam
Kottayam-686038

# ബാലസഭ

## നടവഴികൾ...

### തേയിലത്തോട്ടത്തിൽ

ഏലപ്പാറ തോട്ടത്തിലെ തമിഴ് ബാലൻ ആരോഗ്യരാജു റോഡിലേക്കിറങ്ങി. മലനിരകളിൽ നിന്നും വീശിയടിച്ച തണുത്തകാറ്റ് അവനെ വിറകൊള്ളിച്ചു. അവൻ തലയിലെ കമ്പിളിത്തൊപ്പി നേരെയാക്കി വച്ചു. വിണ്ടുകീറിയ തേയിലച്ചെടികൾ പുതച്ച പച്ചക്കുന്നിൻ പുറങ്ങൾ. തോട്ടം മേഖല പ്രതിസന്ധിയിലാണത്രെ. ഈ തളിർത്തു നില്ക്കുന്ന തേയിലക്കൊളുന്തുകൾ നുള്ളിയെടുക്കാത്തതല്ലേ പ്രശ്നം? അവന്റെയും, അമ്മയുടെയും ജോലി നഷ്ടപ്പെട്ടു കഴിഞ്ഞു. അണ്ണനു (ചേട്ടന്) കിട്ടുന്ന വരുമാനമാണ് കുടുംബത്തിന്റെ അത്താണി. അരോഗ്യരാജുവിന്റെ നടത്തവേഗത കുറഞ്ഞു.

പണി കഴിഞ്ഞ തോട്ടം തൊഴിലാളികൾ ചെമ്മൺ റോഡിലൂടെ കയറിവരുന്നു. പണ്ടൊക്കെ എന്തു തൊഴിലാളികളായിരുന്നു ഈ വഴി നടന്നിരുന്നത്. ഹൊ! വേണ്ട അവൻ ഓർമ്മകളകറ്റാൻ തോട്ടത്തിലേക്ക് തല തിരിച്ചു ഇലമുറ്റിയ തേയിലത്തോട്ടത്തിനിടയിൽ പുല്ലുതിന്നു നടക്കുന്ന കന്നിൻകൂട്ടങ്ങൾ ദൂരെ ഏലപ്പാറ ടൗൺ ദീപാലംകൃതമായി നില്ക്കുന്നു. ക്രിസ്തുമസ് കഴിഞ്ഞെങ്കിലും, പുതുവർഷത്തെ വരവേല്ക്കാൻ അലങ്കാരങ്ങൾ നിലനിർത്തിയിരിക്കുന്നു. എന്തൊരു പുതുവർഷം? പണിചെയ്താൽ പോലും കൂലിയില്ലാത്ത അവസ്ഥ. ദൈവമേ നീ ഇത്രയ്ക്ക് നിർദ്ദയനാണോ? അവൻ ചിന്തിച്ചുപോയി.

ഒരു നിലവിളി പുറകിൽ കേട്ട് അവൻ തിരിഞ്ഞുനോക്കി. തൊഴിലാളികൾ താമസിക്കുന്ന ലയത്തിൽ മുന്നിലാണ് സംഭവം. എല്ലിൻകൂടായ ഭാര്യയെ നിലത്തിട്ട് തൊഴിക്കുന്ന ഭർത്താവ്. ഈ നട്ടവറുതിയിലും അയാൾക്ക് ദിവസവും കുടിക്കാൻ കാശ് കിട്ടുന്നത് എങ്ങനെയാണാവോ? ഹൊ! അയാളുടെ പാവം 2 കുട്ടികൾ മൂക്കട്ടയുമൊലിപ്പിച്ച് ആ വേലിപ്പുറത്ത് നിന്ന് ഏങ്ങലടിച്ച് കരയുന്ന കാഴ്ചയാണ് കഷ്ടം.

ആരോഗ്യ രാജു ചിന്താധീനനായി നടന്നു. എനിക്കു കുടിക്കാൻ രാത്രി കഞ്ഞിയെങ്കിലും കിട്ടുന്നുണ്ട്. അതിനുമപ്പുറം വീട്ടിൽ പ്രാർത്ഥിക്കുന്ന അമ്മയപ്പന്മാരുണ്ട്, സ്വസ്ഥതയുണ്ട്. ദൈവമേ നേരത്തെ ഞാൻ പറഞ്ഞത് പിൻവലിച്ചിരിക്കുന്നു. അങ്ങ് നിർദ്ദയനേ അല്ല. തേയിലക്കൊളുന്തിന് വിലവരും, പോകും. പുതുവർഷം വന്നാലെന്ത്, പോയാലെന്ത്? ദൈവം കനിഞ്ഞ് ഇത്രയെങ്കിലും ഉണ്ടല്ലോ. ദൂരെയതാ ലയത്തിനു മുന്നിൽ കഞ്ഞനുജൻ.

തേയിലച്ചെടികൾക്കിടയിൽ തലയുയർത്തി നിന്ന കാറ്റാടിമരങ്ങൾ ആഞ്ഞുവീശി അവനെ വീണ്ടും കുളിരണിയിച്ചു. അവൻ അനുജന്റെ തോളിൽ കയ്യിട്ട് സ്വസ്ഥമായ ആ ലയത്തിന്റെ മുറ്റത്തേക്ക് കയറി.

*തോമസ് പി. കൊട്ടാരക്കര.*

പ്രിയപ്പെട്ട, കൊച്ചുകൂട്ടുകാരേ,

പുതുവൽസരത്തിന്റെ ആഘോഷങ്ങളിൽ നിന്ന് വിട പറഞ്ഞ് നമ്മൾ വീണ്ടും പഠനത്തിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുകയാണല്ലോ. ഇനിയും വാർഷിക പരീക്ഷയ്ക്കു വേണ്ടി ഒരുങ്ങുന്നതിനുള്ള അവസരമാണ്. പഠനത്തിന് അതിന്റേതായ പ്രാധാന്യം നൽകി മുന്നോട്ടു പോയാൽ ഉയർന്ന വിജയം കരസ്ഥമാക്കാൻ കഴിയും. യേശു അപ്പച്ചനോടു പ്രാർത്ഥിച്ച് പഠനം തുടങ്ങുന്ന കാര്യം ചേട്ടൻ നേരത്തേ തന്നെ ഓർപ്പിച്ചിട്ടുണ്ടല്ലോ.

ഈ പ്രാവശ്യം ചേട്ടൻ ഒരു പ്രത്യേകകാര്യം കൂട്ടുകാരെ ഓർപ്പിക്കുകയാണ്. നമ്മുടെ രാജ്യത്ത് ആത്മഹത്യയുടെ എണ്ണം ദിനംതോറും കൂടുകയാണ്. നമ്മുടെ കൊച്ചുകേരളത്തിൽ ഒരു മണിക്കൂറിൽ ഒരാൾ വീതം ഇങ്ങനെ ജീവിതം നശിപ്പിക്കുന്നുണ്ട്. കുട്ടികളുടെയിടയിലേക്ക് ഈ പ്രവണത പടർന്നു പിടിക്കയാണ്. പഠിക്കാൻ പറഞ്ഞതിന്, പരീക്ഷയ്ക്കുതോറ്റതിന്, ടി. വി. കാണേണ്ട എന്നു പറഞ്ഞതിന്, കൂട്ടുകാർ എന്തെങ്കിലും കാര്യത്തിന് കളിയാക്കിയതിന് ഒക്കെ ആത്മഹത്യ തെരഞ്ഞെടുത്ത കുട്ടികളുടെ എണ്ണം കൂടിവരികയാണ്. ജീവിതത്തെക്കുറിച്ച് വ്യക്തമായ ദർശനം ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. നമ്മൾ ചെയ്യാത്ത തെറ്റിന് പലപ്പോഴും നമ്മൾ ശിക്ഷിക്കപ്പെടാറുണ്ട്. നമ്മുടെ മേൽ ആരോപണങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ പ്രതികാര ചിന്തയോടെ പെരുമാറുകയല്ല വേണ്ടത്. യേശു അപ്പച്ചൻതന്നെ പറഞ്ഞിരിക്കുന്നത് ശത്രുക്കളെ സ്നേഹിക്കാനാണ്. കൂട്ടുകാരേ, നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികളും പ്രയാസങ്ങളും കടന്നുവരും. യേശു അപ്പച്ചൻ അറിയാതെ എന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കില്ല എന്നുള്ള ചിന്ത എപ്പോഴും നമ്മെ ഭരിക്കേണം. മറ്റുള്ളവരെപ്പറ്റി എപ്പോഴും മോശമായി പറഞ്ഞു നടക്കുക എന്നത് ചിലരുടെ സ്വഭാവമാണ്. അവരുടെ നൻമയ്ക്കായി പ്രാർത്ഥിക്കയാണ് വേണ്ടത്. കുട്ടികളായ നമ്മൾ നല്ല ശീലങ്ങളെ ജീവിതത്തിൽ പകർത്തിയാൽ എന്നും നല്ല ഭാവിയുണ്ടാകും. യേശു അപ്പച്ചൻ നമുക്ക് തന്നിരിക്കുന്ന ജീവിതം യേശു അപ്പച്ചനു വേണ്ടി ജീവിക്കാനുള്ളതാണ് എന്ന സത്യം നമ്മൾ മറന്നുപോകരുത്. എല്ലാവരും നല്ലതുപോലെ പഠിക്കുക, ഉന്നതവിജയം നേടുക.

സ്നേഹത്തോടെ

**നിങ്ങളുടെ എബിച്ചേട്ടൻ.**

## വചനപാത...

*അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട്, നീ അവന് യേശു എന്നു പേർ ഇടണം.*

(വി. മത്തായി 1:21).

## ബുദ്ധിമാൻ




## ഞാനാര്?

എനിക്കു നാലക്ഷരങ്ങൾ
ആദ്യാക്ഷരം സുറുമയിലുണ്ട് കുറുമയിലില്ല
പിന്നെ കുരുവിയിലുണ്ട് കുരുതിയിലില്ല
ഇനി ശേഷിയിലുണ്ട് ദോഷിയിലില്ല
ഒടുവിൽ വിഷത്തിലുണ്ട്-വീഞ്ഞിലില്ല
ദിവസവും എന്നെ കേൾക്കേണ്ടതുമുണ്ട്
എങ്കിൽ ഞാനാര്?

ഉത്തരം: സുവിശേഷം

## കൂട്ടുകാരുടെ രചനകൾ



അലക്സാണ്ടർ പി. ജോൺ, പാറയ്ക്കൽ



ശിഖാ ജോജു
'വീനസ്', ചെറുകോത്തു



ബിനു വി. തര്യൻ
കൊട്ടാരക്കര

# ഗുഡ്ഷെപ്പേർഡ് വിദ്യാർത്ഥികൾക്ക് സി.ബി.എസ്.ഇ. പുരസ്കാരം


പരീക്ഷയിൽ മികച്ച പ്രകടനത്തിനുള്ള സി ബി എസ് ഇ ദേശീയ പുരസ്കാരം ചങ്ങനാശ്ശേരി, തെങ്ങണ, ഗുഡ്ഷെപ്പേർഡ് പബ്ലിക് സ്ക്കൂൾ & ജൂണിയർ കോളജിലെ ജഫർസൺ ജി (ബയോളജി 99%) വിവേക് അലക്സ് (ബിസിനസ്സ് സ്റ്റഡീസ് 92%), താരാ നായർ (ഇംഗ്ലീഷ് 95%) എന്നിവർ നേടി. ഈ സ്ക്കൂളിലെ മുഹമ്മദ് ഫറാസ് (സയൻസ് 100%), മേഘാ രാജ് (സോഷ്യൽ സ്റ്റഡീസ് 99%), ട്രീസാ ജോർജ്ജ് (കൊമേഴ്സ് 90%) എന്നിവർക്കും ഈ സമ്മാനം ലഭിച്ചിട്ടുണ്ട്. 2002 ലെ എൻട്രൻസ് ടെസ്റ്റിൽ 7 പേർക്ക് മെഡിസിനും 46 പേർക്ക് എൻജിനീയറിംഗിനും കിട്ടി. 2001 ൽ 4 പേർ മെഡിസിനും 27 പേർ എൻജിനീയറിംഗിനും തെരഞ്ഞെടുക്കപ്പെട്ടു. പാലാ ബ്രില്യന്റ് നയിക്കുന്ന എൻട്രൻസ് കോച്ചിംഗ് സ്ക്കൂളിൽതന്നെയാണ്. സി ബി എസ് ഇ പരീക്ഷയിൽ നാലാം തവണയും 100% ജയം നിലനിർത്തി. 10–ാം ക്ലാസ്സിൽ 58 ഡിസ്റ്റിംഗ്ഷനും, 7 ഫസ്റ്റ്ക്ലാസ്സും, എല്ലാ വിഷയത്തിലും 14 A1 ഗ്രേഡും, 12–ാം ക്ലാസ്സിൽ 69 ഡിസ്റ്റിംഗ്ഷനും 118 ഫസ്റ്റ്ക്ലാസ്സും 17 A1 ഗ്രേഡും ലഭിച്ചു.

ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ് തറക്കല്ലിട്ട ഹോസ്റ്റൽ കോംപ്ലക്സിൽ ന്യൂ മെസ് ഹാൾ അഭി. പൗലോസ് മാർ പക്കോമിയോസ് ആശീർവദിച്ചു. ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് ഉൽഘാടനം ചെയ്ത സോഷ്യൽ സർവീസ് സ്കീം പ്രവർത്തിക്കുന്നുണ്ട്. എൻ എസ്സ് എസ്സ് ജന. സെക്രട്ടറി ശ്രീ. പി. കെ. നാരായണ പണിക്കർ തറക്കില്ലിട്ട ന്യൂ മോണ്ടിസ്സോരി ബ്ലോക്ക് ചങ്ങനാശ്ശേരി ഓക്സിലിയറി ബിഷപ്പ് അഭി. മാർ ജോസഫ് പെരുന്തോട്ടവും മാതാപിതാക്കൾക്കായുള്ള മാർഗ്ഗനിർദ്ദേശക ക്ലാസ്സ് ജസ്റ്റീസ് കെ. റ്റി. തോമസും ഉത്ഘാടനം ചെയ്തു. ഡോ. വി. കെ. രാധാകൃഷ്ണൻ, ഡോ. കുര്യൻ തോമസ്, പ്രഫ. മേരി മാത്യു, ജെസി എഫ്രേം എന്നിവർ കൗൺസലിംഗ് നയിച്ചു. ഫാ. പ്രഫ. കെ. വി. പൗലൂസ്, ബേബി ഫിലിപ്പ്, പ്രഫ. പി. സി. ഏലിയാസ്, പ്രഫ. സഖറിയ ദാനിയേൽ, ഷൈനി ജോസഫ്, എന്നിവർ ചെയർമാൻ, മാനേജർ, പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽസ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. അടുത്ത വർഷത്തേക്കുള്ള അഡ്മിഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. സ്ക്കൂൾ ടോപ്പേഴ്സിന് സ്കോളർഷിപ് ലഭിക്കും.

Tel-0481-2473732,
www.goodshepherdjc.org

*Advt.*


# ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്


**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626, ഫോൺ: 0479 – 312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്രചികിത്സാക്യാമ്പ്:** ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രംകൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്കും മറ്റുമായിഏകദേശം 2500/- രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626




# നർമ്മബോധം വളർത്തി എടുക്കുക

ഗുരുജി

"നിങ്ങളെല്ലാവരും എന്താണിങ്ങനെ ഗൗരവത്തോടെ ഇരിക്കുന്നത്? ഇന്നൊരു നല്ല ദിവസം അല്ലേ? എന്തുകൊണ്ട് ഒന്ന് പുഞ്ചിരിച്ചുകൂടാ? നിങ്ങൾക്ക് പ്രത്യേകിച്ച് ഒരു മുതൽമുടക്കും ഇല്ലാത്ത കാര്യം അല്ലേ പുഞ്ചിരി." ഇൻഡ്യൻ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾ കലാം തന്റെ ആദ്യത്തെ ഔദ്യോഗിക പത്രസമ്മേളനം തുടങ്ങിയത് ഇങ്ങനെയാണ്. ഇതേ തുടർന്ന് ഹാളിനുള്ളിൽ ചിരിയുടെ ഒരു മാലപ്പടക്കം തന്നെ പൊട്ടി. അങ്ങനെ സൗഹാർദ്ദപരമായ ഒരന്തരീക്ഷം സൃഷ്ടിച്ചാണ് പത്രസമ്മേളനം അദ്ദേഹം ആരംഭിച്ചത്.

ജീവിതത്തിൽ നർമ്മബോധത്തിനുള്ള പ്രാധാന്യം പലപ്പോഴും നാം ഗൗരവമായി കാണാറില്ല. കുടുംബങ്ങളിലും സ്ഥാപനങ്ങളിലും പ്രസന്നമനോഭാവം സൃഷ്ടിക്കുന്നതിനും മറ്റുള്ളവരെ പ്രസാദിപ്പിക്കുന്നതിനും ഇതിനുള്ള കഴിവ് ഒന്നു വേറെ തന്നെ ആണ്. കർക്കശമായ പഠനാന്തരീക്ഷത്തിനും, അച്ചടക്കത്തിനും പേരുകേട്ട സ്ഥാപനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാനിംഗ് ആൻഡ് മാനേജ്മെന്റ് (ഐ ഐ പി എം)-ൽ നിന്ന് എം.ബി.എ. പഠിച്ചിറങ്ങിയ ഒരു വിദ്യാർത്ഥിയുടെ സ്വാനുഭവം ഇതായിരുന്നു. 'IIPM-ൽ നിന്ന് ഞാൻ പഠിച്ച ഒരു പ്രധാന കാര്യം ഇതാണ്. മറ്റൊരാളുടെ തൊലി പൊളിച്ചെടുക്കാൻ കഴിയും, പക്ഷേ അത് നർമ്മബോധത്തോടെ ചെയ്യുമ്പോൾ അയാൾക്ക് വെറുപ്പോ ദേഷ്യമോ നിങ്ങളോട് തോന്നുകയില്ല.'

നർമ്മബോധം ചിലർക്ക് ജന്മനാ കിട്ടുന്ന ഒരു കഴിവാണ്. അതല്ലെങ്കിൽപോലും ശ്രമിച്ചാൽ കാലക്രമത്തിൽ വളർത്തി എടുക്കാവുന്ന ഒരു സ്വഭാവവുമാണ്. ചിരിക്കുന്നതിൽ പൊതുവെ ലുബ്ധരായ ചിലർ തമാശ കേൾക്കുമ്പോൾ പൊട്ടിച്ചിരിക്കുന്നത് കാണാറില്ലേ. പിരിമുറുക്കമുള്ള അന്തരീക്ഷത്തിൽ ഇത് വരുത്തുന്ന മാറ്റം വളരെ വിലപ്പെട്ടതാണ്. ഫലിത രൂപത്തിൽ ഒരാളുടെ മഠയത്തരം ചൂണ്ടിക്കാണിച്ചാൽ അയാൾക്ക് വിഷമം തോന്നുകയില്ല. നമുക്ക് വ്യക്തിത്വത്തെ ഹനിക്കാതെ ബലഹീനതകളെ ചൂണ്ടിക്കാണിക്കാൻ ഫലിതം സഹായിക്കുന്നുവെന്നർത്ഥം. അശ്രദ്ധരായിരിക്കുന്നവരുടെ ശ്രദ്ധ പിടിച്ചു പറ്റാൻ അദ്ധ്യാപകരും പ്രസംഗകരും ഉപയോഗിക്കുന്ന ഫലപ്രദമായ മാർഗ്ഗമാണ് ഫലിതം.

ഐ. എ. എസ്. എഴുത്തു പരീക്ഷയിൽ ജയിച്ച ജന്മനാ കൂനുള്ള ഒരു യുവാവ് ഇന്റർവ്യൂവിന് ക്ഷണിക്കപ്പെട്ടു. മുതുകത്ത് കൂനുള്ള അയാൾ ഇന്റർവ്യൂ ഹാളിലേക്ക് പ്രവേശിച്ചപ്പോൾ ഒരു കുസൃതി ചോദ്യം ചോദിച്ച് അയാളെ ഒന്ന് ചൊടിപ്പിക്കാൻതന്നെ ചോദ്യകർത്താവ് തീരുമാനിച്ചു. അത്തരം സാഹചര്യങ്ങളിൽ ഉദ്യോഗാർത്ഥിയുടെ പ്രതികരണം എന്താണെന്ന് മനസ്സിലാക്കുകയായിരുന്നു ചോദ്യകർത്താവിന്റെ ലക്ഷ്യം. ചോദ്യം ഇതായിരുന്നു. "മരുഭൂമിയിലെ കപ്പൽ എന്ന് അറിയപ്പെടുന്ന ജീവി ഏതാണ്?" മുതുകത്ത് കൂനുള്ള ഒട്ടകം എന്ന സാധാരണ ഉത്തരം നൽകുമെന്നാണ് പരീക്ഷകൻ പ്രതീക്ഷിച്ചത്. പക്ഷേ ചോദ്യകർത്താവിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയ ഉദ്യോഗാർത്ഥി അൽപ്പം നർമ്മം കലർത്തിയ മറുപടിയാണ് നൽകിയത്. "സർ, ദയവായി വ്യക്തിപരമായ പരാമർശങ്ങൾ അരുത്. ഈ തമാശ കേട്ട് ഇന്റർവ്യൂ ടീമിൽ ഉണ്ടായിരുന്ന എല്ലാവരും പൊട്ടിച്ചിരിച്ചുപോയി. അയാൾ ഐ.എ.എസ്-ന് തിരഞ്ഞെടുക്കപ്പെട്ടു എന്നാണ് കഥ.

ദൈവം മനുഷ്യന് മാത്രം നൽകിയിരിക്കുന്ന ഏറ്റവും വിശിഷ്ടമായ ഒരു കഴിവാണ് ചിരി. നിങ്ങൾ കരയുമ്പോൾ തനിച്ച് കരയുന്നു. എന്നാൽ ചിരിക്കുമ്പോഴാകട്ടെ ലോകം മുഴുവൻ നിങ്ങളോടൊപ്പം ചിരിക്കുന്നു. സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധം ആണെന്ന ശലോമോന്റെ വാക്കുകൾ കടമെടുത്ത് റീഡേഴ്സ് ഡൈജസ്റ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു സ്ഥിരം പംക്തിയാണ്–'Laughter, The Best Medicine'–എന്നത്. നാം നന്നായി ചിരിക്കുമ്പോൾ വേദനസംഹാരിയായ ചില രാസവസ്തുക്കൾ തലച്ചോറിൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെന്നാണ്. ശാസ്ത്രമതം. പകർച്ച വ്യാധികളെവരെ പ്രതിരോധിക്കാൻ ശക്തിയുള്ള പ്രോട്ടീനുകൾ പോലും നിർമ്മിക്കാനുള്ള ശക്തി ചിരിക്കുണ്ടത്രേ. ഒരു സെക്കന്റ് നേരത്തെ പൊട്ടിച്ചിരി ഒരു മിനിറ്റുനേരം വള്ളം തുഴയാനുള്ള വ്യായാമം ശരീരത്തിൽ ഉണ്ടാക്കുന്നുവെന്നാണ് വില്യം ഫൈ എന്ന മനോരോഗവിദഗ്ധൻ പറയുന്നത്. ചിരികൊണ്ടുള്ള ചികിൽസാരീതികൾ തന്നെ പല വിദേശരാജ്യങ്ങളിലും പ്രാവർത്തികമാക്കീട്ടുണ്ട്.

ഭക്തിയും ഫലിതവും തമ്മിൽ വലിയ ബന്ധം ഇല്ലെന്നാണ് ചിലരുടെ ധാരണ. പ്രാർത്ഥനയും ധ്യാനവും പൊതുവെ ഗൗരവമായ അന്തരീക്ഷത്തി

**ചിരിപ്പിക്കുന്നതിനോടൊപ്പം ചിന്തിപ്പിക്കാനും ഫലിതത്തിനു കഴിയും അതായത് നർമ്മബോധവും, ധർമ്മബോധവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഏറ്റവും വലിയ ഫലിതരസികൻ ഏറ്റവും വലിയ തത്വജ്ഞാനി ആണെന്നാണ് ഒരു ഹാസ്യസാമ്രാട്ടിന്റെ അഭിപ്രായം. കഷ്ടപ്പാടുകൾക്കും പിരിമുറുക്കങ്ങൾക്കുമിടയിലും നർമ്മഭാവപ്രകടനത്തിലൂടെ ജീവിതത്തെ കൂടുതൽ ധന്യമാക്കാൻ പുതുവത്സരത്തിൽ ശ്രമിച്ചുകൂടേ.?**

ലാണ് നടക്കുന്നത്. ദൈവസന്നിധിയിൽ ഭയത്തോടും വിറയലോടും കൂടി നിൽക്കണമെന്നാണ് പഠിപ്പിക്കുന്നത്. ഗൗരവവും വിഷാദവുമാണ് യേശുക്രിസ്തുവിനും പ്രവാചകൻമാർക്കും ലോകം ചാർത്തിയിരിക്കുന്ന സ്ഥായിയായ ഭാവം. പക്ഷെ യേശുക്രിസ്തു പറഞ്ഞത് നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കണമെങ്കിൽ കുട്ടികളെപ്പോലെ ആകണമെന്നാണ്. കുട്ടികളുടെ പൊതുസ്വഭാവം ചിരിയും കളിയുമാണ്. ഒരു കുട്ടി ഒരു ദിവസം ഏകദേശം 400 പ്രാവശ്യം ചിരിക്കുമ്പോൾ പ്രായമുള്ളവരാകട്ടെ വെറും 15-20 പ്രാവശ്യം മാത്രമെ ചിരിക്കാറുള്ളൂ എന്നാണ് ഗവേഷണഫലങ്ങൾ സൂചിപ്പിക്കുന്നത്. ഏതാണ്ട് 150 പ്രാവശ്യം ഉറക്കെ ചിരിക്കാൻ ഒരു കുട്ടിക്ക് കഴിയുമ്പോൾ പ്രായപൂർത്തിയായവർ 10-ൽ താഴെ പ്രാവശ്യം മാത്രമേ ഒരു ദിവസം ചിരിക്കാറുള്ളൂ. യേശു നർമ്മബോധം പ്രകടിപ്പിച്ചിട്ടില്ലാ എന്ന് വിശ്വസിക്കാൻ കാര്യമില്ല. "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്" (വി. മത്തായി 19:24) എന്ന ഒരൊറ്റ പ്രയോഗം മതി ജീവിതം മുഴുവൻ ഓർത്തോർത്ത് ചിരിക്കാൻ. "സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു" എന്ന് സങ്കീർത്തനങ്ങളിൽ (2:4) രേഖപ്പെടുത്തിയിട്ടുണ്ട്.

വിഷാദാവസ്ഥയിലും നിങ്ങൾക്ക് നർമ്മബോധം പ്രകടിപ്പിക്കാൻ സാധിക്കണം. ഒരു കാൻസർരോഗിയോട് ചിരിക്കാൻ ആവശ്യപ്പെടുന്നത് ക്രൂരമായി തോന്നിയേക്കാം. കീമോതെറാപ്പിമൂലം മുടി മുഴുവൻ പോയി തല കഷണ്ടിയായ ഒരു കാൻസർരോഗി ആശുപത്രിയിൽ തന്നെ സന്ദർശിച്ച സുഹൃത്തിനോട് കൈ തലയിൽ തടവിക്കൊണ്ട് ചോദിച്ചു. "ഇപ്പോൾ എന്നെ കണ്ടിട്ട് താങ്കൾക്ക് എന്തു തോന്നുന്നു?". പ്രത്യേകിച്ച് ഒന്നുമില്ലെന്ന് ദുഃഖം മറച്ചുവച്ചുകൊണ്ട് സുഹൃത്ത് മറുപടി പറഞ്ഞു. എന്നാൽ നർമ്മഭാവേന ആ രോഗി സുഹൃത്തിനോട് പറഞ്ഞത് ഇങ്ങനെയാണ്. "എന്റെ തല ചെറുതാകുകയും മുഖം വലുതാവുകയും ചെയ്യുന്നത് നിങ്ങൾ കാണുന്നില്ലേ? ചിരിച്ചുകൊണ്ട് അയാൾ തുടർന്നു, "എന്റെ മുഖം തലയെ ആക്രമിച്ച് കീഴടക്കിയിരിക്കുന്നു" വിഷാദമൂകമായിരുന്ന അന്തരീക്ഷത്തിൽ പ്രസന്നമനോഭാവം ഉണ്ടാക്കാൻ ആ കാൻസർരോഗിക്ക് കഴിഞ്ഞു. മനഃശാസ്ത്രജ്ഞനും നർമ്മബോധവിദഗ്ധനുമായ റോബർട്ട് ഹോൾഡൻ പറയുന്നത് ശ്രദ്ധിക്കുക. "ചിരിക്കാനുള്ള കഴിവുമായാണ് നാം എല്ലാവരും ജനിക്കുന്നത്. പക്ഷേ ജീവിതത്തിലെ സങ്കടകരമായ ഒരു കാര്യം ആറ് വയസ്സാകുമ്പോഴേക്കും കളിയും ചിരിയും തമാശയും നിർത്തി കൂടുതൽ ഗൗരവക്കാരനാവാൻ സഭയും സമൂഹവും ചേർന്ന് കുട്ടികളെ പഠിപ്പിക്കുന്നു.

ചിരിപ്പിക്കുന്നതിനോടൊപ്പം ചിന്തിപ്പിക്കാനും ഫലിതത്തിനു കഴിയും അതായത് നർമ്മബോധവും, ധർമ്മബോധവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഏറ്റവും വലിയ ഫലിതരസികൻ ഏറ്റവും വലിയ തത്വജ്ഞാനി ആണെന്നാണ് ഒരു ഹാസ്യസാമ്രാട്ടിന്റെ അഭിപ്രായം. കഷ്ടപ്പാടുകൾക്കും പിരിമുറുക്കങ്ങൾക്കുമിടയിലും നർമ്മഭാവപ്രകടനത്തിലൂടെ ജീവിതത്തെ കൂടുതൽ ധന്യമാക്കാൻ പുതുവത്സരത്തിൽ ശ്രമിച്ചുകൂടേ.?

## ആവശ്യമുണ്ട്


**സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മലങ്കരസഭ മാസികയുടെയും, ഇതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെയും ഏജന്റുമാരായി പ്രവർത്തിക്കുന്നതിന് അർപ്പണബോധവും കാര്യശേഷിയുമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.**

***മലങ്കരസഭ മാസികയെ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം എന്ന വിഷയത്തിൽ തങ്ങളുടേതായ ഒരു ലേഖനവും, ബയോഡേറ്റയും സഹിതം അപേക്ഷിക്കുക.***

**മാനേജിംഗ് എഡിറ്റർ**
**മലങ്കരസഭ**
**ദേവലോകം അരമന**
**കോട്ടയം - 38**

NB:- മാന്യമായ കമ്മീഷനും, പ്രവർത്തനത്തിനനുസരിച്ചുള്ള പ്രതിഫലവും പ്രതീക്ഷിക്കാം.

## PRAY FOR ME



ഒരു വിശ്വാസി, ന്യൂയോർക്ക്





# കർത്യദിനചിന്തകൾ

ഫാ. പി. എം. സഖറിയ, പള്ളിക്കപ്പറമ്പിൽ

### ജനുവരി 12
### ദനഹായ്ക്കു ശേഷം ഒന്നാം ഞായർ
### വി. മത്തായി 4: 12-22

സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന ആഹ്വാനത്തോടെയാണ് യോഹന്നാൻ സ്നാപകനും, യേശുവും അവരുടെ പരസ്യശുശ്രൂഷ ആരംഭിച്ചിരിക്കുന്നത്. എന്നാൽ യേശുവിന്റെ സ്വർഗ്ഗരാജ്യപ്രഘോഷണത്തിന്റെ പ്രഥമ പശ്ചാത്തലം യോഹന്നാൻ സ്നാപകൻ തടവിലാക്കപ്പെടുന്നതാണ്.

വി. മത്തായി സ്വർഗ്ഗരാജ്യം എന്നു പറയുന്നതും, മർക്കോസും ലൂക്കോസും ദൈവരാജ്യം എന്നു പറയുന്നതും ഒരേ അർത്ഥത്തിൽ തന്നെയാണ്. ഈ പദപ്രയോഗങ്ങൾകൊണ്ട് യേശു എന്താണ് അർത്ഥമാക്കിയത്? യേശുവിന്റെ സമകാലീനർ മനസിലാക്കിയിരുന്ന രീതിയിലോ, ഇന്നു മനസിലാക്കുന്ന വിധത്തിലോ ഉള്ള ഒരു രാജ്യമല്ല ദൈവരാജ്യം. ഒരു രാജ്യം എന്നു കേൾക്കുമ്പോൾ പെട്ടെന്നു മനസിൽ വരുന്ന ചിന്ത ഭൂമിശാസ്ത്രപരമായ അതിരുകൾ ഉള്ള ഒരു പ്രദേശം എന്നായിരിക്കും. അങ്ങനെയുള്ള ഒരു രാജ്യത്തെയാണു അവരും, തന്റെ ശിഷ്യന്മാരും പ്രതീക്ഷിച്ചത്. അതുകൊണ്ടായിരിക്കുമല്ലോ യേശു രാജ്യം സ്ഥാപിക്കുമ്പോൾ പ്രധാന സ്ഥാനങ്ങൾ തങ്ങൾക്കു ലഭിക്കണം എന്നു യാക്കോബും യോഹന്നാനും ആഗ്രഹിച്ചത്. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനുശേഷം ശിഷ്യന്മാർക്കു അതു മനസിലായിരുന്നില്ല. അതുകൊണ്ടാണ് നീ ഈ കാലത്തിലാണോ രാജ്യം യഥാസ്ഥാനപ്പെടുത്താൻ പോകുന്നത് എന്നു ശിഷ്യന്മാർ യേശുവിനോട് ചോദിച്ചത്. ജീവിച്ചിരുന്ന കാലത്ത് യേശു രാജ്യം സ്ഥാപിച്ചില്ല എന്നാണ് അവർ സൂചിപ്പിച്ചത്.

സ്വർഗ്ഗരാജ്യം അഥവാ ദൈവരാജ്യം എന്ന പദത്തിന്റെ അർത്ഥം പ്രഥമവും പ്രധാനവുമായി ദൈവത്തിന്റെ ഭരണമാണ്. കർത്തൃപ്രാർത്ഥനയിൽ നിന്റെ രാജ്യം വരണമേ എന്നു പറയുന്നതും നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ എന്നു പറയുന്നതും ഒരേ അർത്ഥത്തിലാണ്. ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിൽ എങ്ങനെ നടക്കുന്നുവോ അതുപോലെ ഭൂമിയിലും ആകുമ്പോഴാണ് കർത്താവു പഠിപ്പിച്ചതുപോലെ ദൈവരാജ്യം ഭൂമിയിൽ യാഥാർത്ഥ്യമായി തീരുന്നത്. ദൈവേഷ്ടത്തിനു സമ്പൂർണ്ണമായി വിധേയപ്പെടുത്തുന്ന മാനസാന്തരത്തിലൂടെയാണ് ദൈവരാജ്യാനുഭവം സാദ്ധ്യമാകുന്നത്.

ദൈവരാജ്യത്തിനു ഭൂത, വർത്തമാന, ഭാവി മാനങ്ങളുണ്ട്. അബ്രഹാമും ഇസഹാക്കും, യാക്കോബും സ്വർഗ്ഗരാജ്യത്തിൽ ആയിരിക്കുന്നു (മത്താ 8:11-12). ദൈവരാജ്യം യേശുവിൽ ആഗതമായിരിക്കുന്നു എന്നു സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. യേശു തമ്പുരാൻ നസ്രേത്ത് പ്രകടന പത്രിക അവതരിപ്പിച്ചതിനുശേഷം പറഞ്ഞു "ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു". യേശുതമ്പുരാന്റെ വരവോടുകൂടി ദൈവരാജ്യം ഉത്ഘാടനം ചെയ്തു കഴിഞ്ഞു. അതിന്റെ പൂർത്തീകരണം ഭാവിയിൽ ആണെന്നു മാത്രം. ദൈവരാജ്യത്തിന്റെ കേന്ദ്രബിന്ദു യേശുക്രിസ്തുവാണ്. പരിശുദ്ധാത്മാവിൽ അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്.

ഇന്നത്തെ ഏവൻഗേലിയോന്റെ രണ്ടാം ഭാഗം പത്രോസിനെയും, ശേഷം 3 പേരേയും വിളിക്കുന്നതാണ്. ഈ സംഭവം നാലു സുവിശേഷകന്മാരും രേഖപ്പെടുത്തുന്നു. വിവരണത്തിലുള്ള വ്യത്യാസം വ്യക്തമാണ്. അതു കേവലം യാദൃച്ഛികമല്ല. മത്താ. 4:17-ൽ യേശുവിന്റെ മാനസാന്തര പ്രസംഗത്തെ പരാമർശിക്കുന്നു. 18-ാം വാക്യം മുതൽ പത്രോസിന്റെ വിളിയെ വിവരിക്കുന്നു. മാനസാന്തരത്തിനായുള്ള ആഹ്വാനം ഗലീലക്കടൽക്കരയിൽ ശ്രവിച്ച ശീമോൻ തന്റെ ജീവിതത്തെ യേശുവിന്റെ വേലക്കായി കാഴ്ച വയ്ക്കുന്നു. (മർ. 1:16-20) ലൂക്കോ 5:1-11 പ്രവർത്തന നിരതനായ പത്രോസിനെ വിളിക്കുന്ന സംഭവം പ്രാധാന്യം അർഹിക്കുന്നു. വി. യോഹ. 1:40-42 ശ്രദ്ധിക്കുക. പത്രോസിന്റെ വിളി പ്രത്യേകവിധത്തിൽ വിവരിക്കപ്പെടുന്നു. യേശു നല്ലവനെന്ന് രുചിച്ചറിഞ്ഞവനാണ് അന്ത്രയോസ്. അവന്റെ സഹോദരനായ പത്രോസ്, അന്ത്രയോസിൽകൂടി യേശുവിനെ കാണുന്നു. സഹോദരന്റെ ജീവിത പരിവർത്തനം, സാക്ഷ്യം എന്നിവ സത്യമെന്ന് പത്രോസ് ഗ്രഹിച്ചു. ദൈവത്തിന്റെ വിളി വിവിധ രീതികളിൽ നമ്മെ കണ്ടുമുട്ടുന്നു. മാനസാന്തരത്തിനായുള്ള ആഹ്വാനം, യേശുവിന്റെ വിളി നേരിട്ടു ശ്രവിക്കുന്ന സന്ദർഭമാണ്. പ്രവർത്തന പന്ഥാവിലുള്ള പരാജയം, നിരാശയുടെ നെരിപ്പോടല്ല, പ്രത്യുത യേശുവിന്റെ വിളി കേട്ട് പ്രവർത്തന സജ്ജരായിത്തീരേണ്ട അനുഭവമാണ്. മറ്റുള്ളവരുടെ മാനസാന്തരവും, നമുക്ക് മാതൃകയാണ്, യേശുവിന്റെ വിളി അംഗീകരിക്കുവാനുള്ള അവസരമാണ്. അവിടുത്തെ രാജ്യത്തിൽ അംഗങ്ങളാകുന്നതിന് ആവശ്യമായ മാനസാന്തരം ഞങ്ങൾക്കു തരേണമെ എന്നു പ്രാർത്ഥിക്കാം.

### ജനുവരി 19
### ദനഹായ്ക്കുശേഷം രണ്ടാം ഞായർ
### വി. യോഹ. 1:43-51

ദൈവത്തെ അറിയുന്നതും, ദൈവം നമ്മെ അറിയുന്നതും ധന്യമായ ഒരനുഭവമാണ്.

## ഞായർദിന ചിന്തകൾ

പ്രസ്തുത അനുഭവത്തിലേക്ക് നയിക്കുന്ന ഒരു സാഹചര്യമാണ് ഇന്നത്തെ വായനയിലെ ചിന്താവിഷയം.

ആദിമസഭ ക്രിസ്തുവിനെ സാക്ഷിക്കുന്നതിന് വിവിധ മിശിഹാനാമങ്ങൾ ഉപയോഗിച്ചു. ഓരോ പ്രത്യേക പശ്ചാത്തലത്തിൽ സഭ എങ്ങനെ ക്രിസ്തുരഹസ്യം ലോകത്തിനു വ്യാഖ്യാനിച്ചുകൊടുക്കാൻ ശ്രമിച്ചു എന്നതിന്റെ തെളിവാണിത്. ഇവിടെ മൂന്നു മശിഹാ നാമങ്ങൾ കാണാം. ദൈവപുത്രൻ, മനുഷ്യപുത്രൻ, യേശു.

ഈ സുവിശേഷത്തിൽ മാത്രമാണ് നഥാനിയേലിനെ കാണുന്നത്. (യോഹ. 21:2). യേശു മശിഹായാണോയെന്നു സംശയിച്ച യഹൂദ വിശ്വാസിയായിരുന്നു അദ്ദേഹം ഫീലിപ്പോസിന്റെ സാക്ഷ്യം കേട്ട് യേശുവിനെ അനുഗമിച്ചു. വിശ്വാസം എപ്പോഴും അനുഭവനിഷ്ഠമാണ്. എന്നാൽ നാം അറിഞ്ഞ സത്യം മറ്റുള്ളവരോട് പറഞ്ഞ് അവരേയും യേശുവിന്റെ അടുക്കൽ കൊണ്ടുവരണമെന്ന അഭിലാഷമാണ് സുവിശേഷ പ്രചരണത്തിന്റെ അടിസ്ഥാനം.

നഥനയേൽ എന്നതിന് ദൈവം നൽകുന്നു എന്നയർത്ഥമാണുള്ളത്. ഫീലിപ്പോസിന്റെ നഥനയേലിനോടുള്ള സാക്ഷ്യം, "ന്യായപ്രമാണത്തിൽ മോശയും, പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്ന" എന്നതാണ് ആ കണ്ടെത്തിലിനായി. ഫീലിപ്പോസ് നഥനയേലിനെയും ക്ഷണിക്കുന്നു. അങ്ങനെ ഫീലിപ്പോസ് മൂലം നഥനയേൽ ക്രിസ്തുവിങ്കലേക്ക് നടത്തപ്പെടുന്നു.

നഥനയേൽ ആദ്യമായി ഒരു മാനുഷിക പ്രതികരണമാണ് നടത്തുന്നത്. "നസ്രേത്തിൽ നിന്നു വല്ല നന്മയും വരുമോ? ആ കാലത്ത് പ്രയോഗത്തിലിരുന്ന പുച്ഛരസമുള്ള പഴമൊഴിയാണിത്. നഥനയേൽ കാനായിൽ നിന്നുള്ളവനാണ്. കാനായും, നസ്രേത്തും തമ്മിലുള്ള വംശപരവും, പ്രാദേശികവുമായ ശത്രുത മൂലമാണ് ഈ പഴമൊഴി രൂപപ്പെട്ടത് എന്നു പറയപ്പെടുന്നു. നമ്മൾ പലപ്പോഴും അടിസ്ഥാനരഹിതവും, മുൻവിധിയിലധിഷ്ഠിതവുമായ വിധികളുടെ അടിമകൾ ആകാറുണ്ട്. നമ്മുടെ സമൂഹത്തിലെ അഭിപ്രായങ്ങൾ നാം സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കാതെ വെറുതെ പ്രതിഫലിപ്പിക്കുന്നു. ആ വ്യക്തിയിൽ നിന്നും, കുടുംബത്തിൽ നിന്നും, സമൂഹത്തിൽ നിന്നും നല്ലതൊന്നും പുറപ്പെടുകയില്ല എന്നു പറയാൻ നാം പ്രലോഭിതരാകാറില്ലേ?

നഥനയേലിനെക്കുറിച്ചുള്ള യേശുവിന്റെ സാക്ഷ്യം പ്രാധാന്യമർഹിക്കുന്നു. തന്നെക്കുറിച്ച് സർവ്വവും മുന്നമേ അറിഞ്ഞ ക്രിസ്തുവിനെ അവൻ ദൈവപുത്രനായി അംഗീകരിക്കുന്നു. ക്രിസ്തുവും, പിതാവും തമ്മിലുള്ള ആഴമായ ബന്ധത്തെ സൂചിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേക ഭാഷാ പ്രയോഗമാണ് ദൈവപുത്രൻ എന്നത്. ഇതിനെ മാനുഷിക തലത്തിൽ പിതാവ്, പുത്രൻ എന്ന രീതിയിൽ പരിമിതപ്പെടുത്തിക്കൂടാ.

യേശു ഹൃദയവിചാരങ്ങൾ ഗ്രഹിക്കുന്നവനാണ്. യേശുവിന്റെ തുറന്ന സമീപനം നഥനയേലിന്റെ അവബോധമനസിലെ സംഘർഷങ്ങളെയും, വികലചിന്തകളേയും ദുരീകരിക്കുവാൻ സഹായിച്ചു. മുൻവിധികളിൽ നിന്നും, യേശുവിന്റെ മനുഷ്യത്വത്തിൽ മാത്രം ചെന്നെത്തുന്ന കേവലം മാനുഷിക കാഴ്ചപ്പാടിൽ നിന്നും നഥനിയേൽ വ്യതിചലിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുന്നു. എന്തൊരു വ്യതിയാനം!

ക്രിസ്തു തന്നെക്കുറിച്ച് പറയുന്നിടത്തെല്ലാം 'മനുഷ്യപുത്രൻ' എന്നാണ് ഉപയോഗിക്കുന്നത്. യാക്കോബിന്റെ ദർശനവുമായി (ഉൽപത്തി 28:12) ഇതിനു സാക്ഷ്യം കാണാവുന്നതാണ്. മനുഷ്യപുത്രൻ സ്വർഗ്ഗത്തിനും, ഭൂമിക്കും ഇടയിലുള്ള, ദൈവത്തിനും, മനുഷ്യനും മദ്ധ്യേയുള്ള മദ്ധ്യസ്ഥനാണ് എന്ന വെളിപ്പെടുത്തലാണിവിടെയുള്ളത്.

'നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ്' എന്ന നഥനയേലിന്റെ സാക്ഷ്യം യേശുവിന്റെ ദിവ്യസ്ഥാനങ്ങളും, ദിവ്യ ദൗത്യങ്ങളും സൂചിപ്പിക്കുന്നു. ഈ സത്യം ഗ്രഹിച്ച് സംശയം കൂടാതെ അടുത്ത് ചെന്ന് ദൈവപുത്രനായ-രാജാവായ യേശുവിനെ കണ്ടെത്താൻ സുവിശേഷകൻ നമ്മോട് ആവശ്യപ്പെടുന്നു. നഥനിയേലിനെ ഒരു വലിയ കണ്ടെത്തലിലേക്കും, ജീവിതയാഥാർത്ഥ്യത്തിലേക്കും നയിച്ച ഫീലിപ്പോസിന്റെ ദൗത്യം നമുക്കിന്ന് സാധിക്കുമോ? ക്രിസ്തുവിനെ അന്വേഷിക്കുന്ന മനുഷ്യനെ ക്രിസ്തുവാകുന്ന ജീവിതയാഥാർത്ഥ്യത്തിലേക്ക് നയിക്കുന്നതിനിടയാകണം. അല്ലാതെ ദൈവത്തിൽനിന്നന്യപ്പെട്ടു നിന്നുകൊണ്ട് ആദ്ധ്യാത്മിക ബൗദ്ധിക തലത്തിൽ നമുക്ക് ദൈവത്തെ അറിയാനും, കാട്ടികൊടുക്കാനും കഴിയില്ല. അവ്യക്തതയുടെ നാൽക്കവലയിൽ നീറുന്ന മനുഷ്യർക്ക് പുതിയ ദിശാബോധം നൽകാൻ നമുക്കും ഉത്തരവാദിത്വം ഇല്ലേ?

പഴയ സ്ഥാനത്തേക്കു പുനഃസ്ഥാപിക്കുന്നതിനാണ് വീണ്ടെടുപ്പ് ആവശ്യമായിരുന്നത്. നഷ്ടപ്പെടുത്തിയ ദൈവതേജസും, പുത്രത്വവും നമുക്ക് തിരികെ നൽകുന്നതിനാണ് ദൈവപുത്രൻ നമുക്കു വീണ്ടെടുപ്പുകാരനായി ഭവിച്ചിരിക്കുന്നത്.

### ജനുവരി 26
### ദനഹായ്ക്കുശേഷം മൂന്നാം ഞായർ
### വി. യോഹ. 3:1-12

യേശുവും, നീക്കോദേമോസും തമ്മിലുള്ള സംവാദം രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗമാണിന്നത്തെ ഏവൻഗേലിയോൻ. പരീശ സംഘത്തിലെ പ്രമാണി, ഉപദേഷ്ടാവ്, സന്നിദ്രിംസംഘാംഗം എന്നീ ഉന്നതപദവികളുള്ള നിക്കൊദേമോസ് ഒരു "സത്യാന്വേഷകനായി' രാത്രിയിൽ യേശുവിന്നരികിൽ വന്നത് രഹസ്യമായി കർത്താവിനെ അറിയുവാനോ കൂടുതൽ സമയം കർത്താവിനോടൊപ്പം പങ്കിടുവാനോ ആകാം.



നേതാവിന്റെ ഇരുൾ നിറഞ്ഞ ജീവിതത്തിൽ വെളിച്ചം തേടിയുള്ള ഒരു യാത്രയുമാവാം. ദൈവരാജ്യപ്രവേശനം പുതുജനനത്തിലൂടെ എന്ന നൂതന സത്യം ഈ സംവാദത്തിലൂടെ വെളിവാക്കപ്പെടുന്നു.

പരീശർ യഹൂദമതത്തിന്റെയും, കർമ്മാനുഷ്ഠാനങ്ങളുടേയും കാവൽഭടന്മാരാണ്. അനുഷ്ഠാനങ്ങളുടെ തെറ്റിക്കൂടായ്മ, നിയമത്തിന്റെ കാർക്കശ്യം, പൂർണ്ണതാവാദം ഇവ ഇക്കൂട്ടരുടെ പ്രത്യേകതകളായിരുന്നു. ഇവരുടെ കൂട്ടത്തിലെ ഒരു പ്രമുഖൻ. ക്രിസ്തുവിനെ റബ്ബി എന്നു സംബോധന ചെയ്യുന്നതും, ദൈവത്തിന്റെ ഉപദേഷ്ടാവായി അവനെ അംഗീകരിക്കുന്നതുമെല്ലാം ശ്രദ്ധേയമാണ്.

യേശുവിനെ ഒരു ദിവ്യോപദേഷ്ടാവ് എന്നല്ലാതെ മശിഹായാണെന്ന് നീക്കോദേമോസ് വിശ്വസിക്കുന്നില്ല. എന്നാൽ നിക്കോദേമോസ് പരീക്ഷാർത്ഥമല്ലാതെ ഉത്തമ മനസാക്ഷിയോടുകൂടി ചെന്നതുകൊണ്ട് കർത്താവ് ശാന്തമായ ഉപദേശങ്ങളാൽ കൂടുതൽ ഉറപ്പിക്കാൻ ശ്രമിക്കുന്നു.

യേശു തന്റെ വരവിന്റെ ഉദ്ദേശ്യവും, ജീവിതദൗത്യവും ഇവിടെ വെളിപ്പെടുത്തുന്നു. അതിൽ മുഖ്യമായത് പുതുജനനം പ്രാപിച്ച് ദൈവരാജ്യത്തെ, അതിന്റെ മൂല്യങ്ങളെ സ്വീകരിക്കുകയാണ്. ദൈവരാജ്യം സഭയേയും, വീണ്ടും ജനനം വി. മാമോദീസായേയും കുറിക്കുന്നു. ബാഹ്യമായ മാമോദീസാ എന്ന ചടങ്ങു മാത്രമല്ല യഥാർത്ഥമായ ഒരു മാനസിക പരിവർത്തനം ആവശ്യമാണ്. ആത്മീക സംഗതികൾ ഗ്രഹിക്കുവാൻ ആത്മീകമായ ഒരു ജനനംതന്നെ വേണം. ക്രിസ്തുസഭയിൽ-ദൃശ്യമായ ദൈവരാജ്യത്തിൽ-അംഗമായി തീരുക എന്നു വെച്ചാൽ പൂർണ്ണമായ ചുമതലാബോധത്തോടുകൂടി വെള്ളം കൊണ്ട് മാമോദീസാ മുഴുകുക തന്നെ വേണം. (മത്താ. 3:6). ശാരീരിക മാതാപിതാക്കളിൽ നിന്നുള്ള ജനനംവഴിയായി മനുഷ്യനു ലഭിക്കുന്നത് അവരുടെ പാപപ്രകൃതിയും സ്വഭാവവുമാണ്. എന്നാൽ വിശുദ്ധാത്മാവിൽ നിന്നുള്ള ജനനത്താൽ ദൈവസ്വഭാവം ലഭിക്കുന്നു.

അടയാളങ്ങളിൽകൂടിയും, അത്ഭുതങ്ങളിൽകൂടിയും മാത്രം വെളിപ്പെടുത്തുന്നതിന് ക്രിസ്തു ഇവിടെ ആഗ്രഹിക്കുന്നില്ല. അടയാളങ്ങൾ അതിൽത്തന്നെ അന്തമല്ല; അവ ദൈവരാജ്യത്തിലേക്കുള്ള ചൂണ്ടു പലകകളാണ്. സുനഗോഗും, ആദിമസഭയും തമ്മിലുള്ള സംവാദമാണിവിടെ പ്രതിഫലിക്കുന്നത് എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. യഹൂദമതം അത് ആയിരിക്കുന്ന അവസ്ഥയിൽനിന്ന് രൂപാന്തരപ്പെടാതെ ദൈവരാജ്യത്തിലേക്ക് നീങ്ങാൻ കഴികയില്ലായെന്ന് കർത്താവ് വ്യക്തമാക്കുന്നു.

പരിശുദ്ധാത്മാവിനേയും, വീണ്ടും ജനനത്തേയും കുറിച്ചുള്ള ഉപദേശങ്ങൾ മനസിലാക്കുവാൻ നിക്കോദേമോസിനു കഴിവില്ലാതെ വന്നതുകൊണ്ട് ഇതുപോലെ ദുർഗ്രഹവും, അദൃശ്യവും ആയ സംഗതികൾ ലോകത്തിലും ഉണ്ടെന്നുള്ളതിനു തെളിവായി കാറ്റിന്റെ ഉദാഹരണം പറയുന്നു. കാറ്റിന്റെ ഗതിയും, ശക്തിയും നമുക്കറിയുവാൻ കഴിയുമെങ്കിലും അതു കാണുവാനോ, അതിന്റെ ആരംഭസ്ഥാനവും അവസാനസ്ഥാനവും നിർണ്ണയിപ്പാനോ സാധ്യമല്ല. അതുപോലെയാണു പരിശുദ്ധാത്മദാനത്തിന്റെയും, വീണ്ടും ജനനത്തിന്റെയും അനുഭവം. ബാഹ്യമായ പ്രതിബന്ധങ്ങൾ കാറ്റിനു തടസമല്ലാത്തതുപോലെ ന്യായപ്രമാണ നിയമങ്ങളോ, ശാരീരിക ജനനമോ വിശുദ്ധാത്മ ദാനത്തിനു പ്രതിബന്ധമല്ല; യൂഹൂദന്മാർക്കു മാത്രമല്ല ദൈവരാജ്യാവകാശം ലഭിക്കുന്നത് എന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു.

വെള്ളത്താലും ആത്മാവാലും ജനിക്കുക എന്നത് ക്രിസ്തീയ മാമോദീസായുടെ സൂചനയായി കരുതപ്പെടുന്നു. സ്നാപകൻ വരുവാനുള്ള മശിഹായ്ക്കു വേണ്ടി ജനത്തെ ഒരുക്കിയത് വെള്ളത്താൽ സ്നാനപ്പെടുത്തിയാണ്. എന്നാൽ ക്രിസ്തുവിനെക്കുറിച്ച് "എന്റെ പിന്നാലെ വരുന്നവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും". എന്നാണ് അവൻ പഠിപ്പിച്ചത് (മത്താ. 3:11-12) സ്നാപകൻ ഇവിടെ യേശുതമ്പുരാനെ യഹൂദ മതത്തിന്റെ പൂർത്തീകരണമായാണ് അവതരിപ്പിക്കുന്നത്. വീണ്ടും ജനനം കേവലം ഒരു വൈകാരിക അനുഭവമല്ല. ക്രിസ്തുവിലാരംഭിച്ച പുതുയുഗത്തിനായി അർപ്പിച്ച് അതിലൂടെ ദൈവരാജ്യത്തിനായി നിലകൊള്ളുന്നതിന്റെ പ്രതീകമാണ്. വെള്ളത്താലും ആത്മാവിനാലുമുള്ള ജനനം ഒരേ കർമ്മമായിട്ടാണ് കണക്കാക്കപ്പെടുന്നത്. രണ്ടു സമയത്ത് നടക്കുന്ന വ്യത്യസ്ത പ്രവർത്തനങ്ങളല്ല. മാമോദീസായുടെ അടിസ്ഥാനവും ഇതു തന്നെയാണ്. വെള്ളം ഒരേ സമയംതന്നെ ആത്മാവിന്റെ ചിഹ്നവും, മാർഗ്ഗവുമാണ് എങ്കിൽ കാറ്റ്, പരിശുദ്ധാത്മാവിന്റെ വേദപുസ്തക പ്രതീകമാണ്. ദൃശ്യമയ വിധത്തിൽ വെള്ളവും, അദൃശ്യമായ വിധത്തിൽ ആത്മാവും പ്രവർത്തിക്കുന്നു. തത്ഫലമായി വീണ്ടും ജനനവും, ദൈവരാജ്യപ്രവേശനവും സാധ്യമായി പുതുജനനം അനുഭവേദ്യമാകുന്നു.

### ഫെബ്രുവരി 2
### മായൽത്തോ പെരുന്നാൾ
### ലൂക്കോസ് 2:22-40

യേശുക്രിസ്തുവിന്റെ ജനനം നാം കൊണ്ടാടി. അത്യുന്നതങ്ങളിലെ ദൈവത്തിന്റെ മഹത്വം യേശുക്രിസ്തുവിൽ കൂടി ഭൂമിയിൽ നാം കാണുന്നു. ദൈവത്തിന്റെ കൃപ ലഭിച്ച, മുഖപ്രസാദം ലഭിച്ച മനുഷ്യർക്കു സമാധാനം ഇതു മൂലം ലഭ്യമായിരിക്കുന്നു. സമാധാനം എന്ന വാക്ക് 'ഷാലോം' എന്ന എബ്രായ പദത്തോടു ചേർത്തു ചിന്തിക്കേണ്ടതാണ്. സാർവത്രിക ജനത്തിനുള്ള സാർവത്രിക സമാധാനം സാർവത്രിക സന്തോഷത്തിലേക്ക് വഴി തെളിയ്ക്കുന്നു ഈ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും രഹസ്യം പുൽക്കൂട്ടിൽ പിറന്ന യേശുവത്രെ. ഭൂമിയിൽ, മനുഷ്യ സമൂഹത്തിൽ നീതിയിൽ അധിഷ്ഠിതമായ സമാധാനം അത്രെ ഇവിടുത്തെ പരാമർശം.

യേശു യേറുശലേമിന്റെ വീണ്ടെടുപ്പുകാരൻ എന്ന ആശയത്തിനാണ് ഇന്നത്തെ ഏവൻഗേലിയോൻ ഊന്നൽ നൽകുന്നത്. മനുഷ്യന്റെ വീഴ്ചയുടെ കാലം മുതൽ വീണ്ടെടുപ്പിന്റെ ആവശ്യവും ഉണ്ടായി. 'നീയോ യഹോവേ! ഞങ്ങളുടെ പിതാവാകുന്നു. യുഗാരംഭം മുതൽ ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ" എന്നാകുന്നു നിന്റെ നാമം (യെശയ്യാ 63:16).

# സൺഡേസ്ക്കൂൾ വാർത്തകൾ

സുഹൃത്തുക്കളേ,

2002 വർഷത്തെ അക്കാഡമിക്ക് പ്രവർത്തനങ്ങൾ 2002 ഡിസംബർ 28-ാം തീയതിയിലെ മത്സരപരീക്ഷകൊണ്ട് പൂർത്തിയാവുകയാണ്. അതിന്റെ ഫലങ്ങൾ കഴിവതും ജനുവരി 31-നു മുമ്പ് പ്രസിദ്ധംചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

2003-ലെ പുതുവത്സര ക്ലാസ്സുകൾ സൺഡേക്കൂൾ കലണ്ടർ അനുസരിച്ച് ജനുവരി 5-ാം തീയതി ആരംഭിക്കുന്നതാണ്. രക്ഷാകർത്താക്കൾ അവരവരുടെ കുട്ടികളെ നിർബ്ബന്ധമായും അതതുപള്ളികളിലെ സൺഡേസ്ക്കൂളിൽ ചേർക്കണം. അതിനുള്ള അപേക്ഷാഫാറം ഭദ്രാസനങ്ങളിലെ ഡയറക്ടർമാരിൽ നിന്നും വാങ്ങി പേരും ജനനതീയതിയും വീട്ടുപേരും മാതാപിതാക്കളുടെ പേരും വ്യക്തമായി മലയാളത്തിലും ഇംഗ്ലീഷിലും എഴുതിയിരിക്കണം. ഈ കാര്യത്തിൽ അശ്രദ്ധവരുത്തിയാൽ ഭാവിയിൽ പ്രശ്നങ്ങൾ ഉണ്ടാകാം. ബാലപാഠക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെ പഠിക്കാനുള്ള സൗകര്യം എല്ലാ സ്ക്കൂളുകളിലും തയ്യാറാക്കിയിട്ടുണ്ട്. അതു വേണ്ടവിധം പ്രയോജനപ്പെടുത്തണം. പ്രാർത്ഥന, സഭാചരിത്രം, വിശ്വാസ സത്യങ്ങൾ, കൂദാശകൾ, എന്നിവയെ സംബന്ധിച്ചുള്ള പരിജ്ഞാനം നമ്മുടെ സഭാംഗങ്ങൾ വ്യക്തമായി അറിയണം. അല്ലെങ്കിൽ വിശ്വാസികൾ എന്ന് അഭിനയിച്ച് നിങ്ങളെ സന്ദർശിക്കുന്നവരുടെ വലയിൽ വീഴും. ഉയർന്ന വിദ്യാഭ്യാസം കഴിഞ്ഞു വരുന്ന കുട്ടികൾ നമ്മുടെ വിശ്വാസം നഷ്ടപ്പെടുത്തിയാണ് തിരിച്ചു വരുന്നത് എന്നു നാം പലരും അറിയുന്നില്ല. അതു സഭയ്ക്ക് വലിയ ഒരു വിപത്ത് ആണെന്നു പറയേണ്ടതില്ലല്ലോ.

2003-ലെ ജീവകാരുണ്യദിനം ജനുവരി 19-ാം തീയതി ഞായറാഴ്ച ആചരിക്കുന്നതാണ്. അതിനുള്ള പ്രാർത്ഥനയും മറ്റും ജനുവരി ആദ്യം എല്ലാ സ്ക്കൂളുകളിലും എത്തിക്കുന്നതായിരിക്കും. അന്നേ ദിവസം സൺഡേസ്ക്കൂൾ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ പണിയുന്ന പരുമല മാർ ഗ്രിഗോറിയോസ് ധ്യാനപഠനകേന്ദ്രത്തിനുവേണ്ടി ആ ദിവസത്തെ പ്രത്യേകമായി വേർതിരിച്ചിരിക്കുന്നു. 5 ലക്ഷം രൂപാ അതുവഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും പ്രയത്നവും ഉണ്ടാകണം.

ഈ വർഷത്തെ തുകമാത്രമേ ഇതിനായി വേർതിരിക്കുന്നുള്ളൂ എന്നതുകൊണ്ട് ഓരോ കുട്ടിയും പരമാവധി സംഭാവന കൊണ്ടുവരാൻ നിർദ്ദേശിക്കുകയും മാതാപിതാക്കൾ അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

ലൈബ്രറിയിലേക്ക് ഒരുത്തമ ഗ്രന്ഥം: ഓരോ സൺഡേസ്ക്കൂളും തങ്ങളുടെ ലൈബ്രറിയിലേക്ക് വാങ്ങിക്കാവുന്ന ഒരുത്തമ ചരിത്രഗ്രന്ഥമാണ് "ഇൻഡ്യൻ ഓർത്തഡോക്സു സഭ - ചരിത്രവും സംസ്ക്കാരവും. ഡോ. ഫാദർ ജോസഫ് ചീരൻ, പി. സി. മാത്യു പുലിക്കോട്ടിൽ, കെ. വി. മാമ്മൻ കോട്ടയ്ക്കൽ എന്നവരുടെ സംയുക്ത കൃതിയാണ്. മൂവരും ജീവചരിത്ര, സഭാചരിത്ര മേഖലകളിൽ പരിണതപ്രജ്ഞരും അനവധി ഗ്രന്ഥങ്ങളുടെ രചയിതാക്കളുമാണ്. മലങ്കരസഭയുടെ ഉത്ഭവം മുതൽ ആധുനിക ഘട്ടം വരെയുള്ള ചരിത്രം വസ്തുനിഷ്ഠമായും സത്യസന്ധമായും നൽകിയിരിക്കുന്നു. സഭാചരിത്രവിജ്ഞാനകോശമെന്നു വിശേഷിപ്പിക്കാവുന്ന തരത്തിൽ വിപുലമാണ് ഇന്നിലെ പ്രതിപാദനം. 500 രൂപാ വിലയുള്ള ഗ്രന്ഥം 350 രൂപായ്ക്ക് സൺഡേസ്ക്കൂൾ ഓഫീസിൽ നിന്നു ലഭിക്കുന്നതാണ്.

എല്ലാവർക്കും നവവത്സരാശംസകൾ നേരുന്നു.

ഫാദർ റ്റി. ജെ. ജോഷ്വ,
ഡയറക്ടർ ജനറൽ

## ജന്മദിനം ആഘോഷിച്ചു

**കൽക്കത്ത:-** കൽക്കത്ത ഭദ്രാസനാധിപൻ നി.വ.ദി. ശ്രീ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ 79-ാം ജന്മദിനം കൽക്കത്ത സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് ആഘോഷപൂർവ്വം കൊണ്ടാടി. ചർച്ച് ഓഫ് നോർത്ത് ഇന്ത്യയുടെ കൽക്കത്ത ബിഷപ്പ് ദി. റൈറ്റ് റവ. പി. എസ്. പി. രാജു മുഖ്യാതിഥിയായിരുന്നു. പുതുക്കി പണിത കൽക്കത്ത കത്തീഡ്രലിന്റെ താല്ക്കാലിക കൂദാശ അഭിവന്ദ്യ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. റവ. ഡോ. പി. ജി. ജോർജ്ജ്, വെരി. റവ. കെ. സി. മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ, എന്നിവർ ആശംസാപ്രസംഗം നടത്തി. ഇടവക വികാരി ഫാ. ഏബ്രഹാം തോമസ് സ്വാഗതവും, പ്രോഗ്രാം കൺവീനർ എം. വി. വർഗ്ഗീസ് നന്ദിയും രേഖപ്പെടുത്തി. കൽക്കത്ത ഇടവക ഭദ്രാസനത്തിനുവേണ്ടി കൽക്കത്തയിൽ വാങ്ങിയ 3 ഏക്കർ സ്ഥലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള പണി ഉടൻ ആരംഭിക്കും. റവ. ഫാ. ജേക്കബ് സ്കറിയ, റവ. ഫാ. ജോബി പീറ്റർ, റവ.ഫാ. ജോബി ജോൺ എന്നിവരും സന്നിഹിതരായിരുന്നു.

## ശതാബ്ദി ആഘോഷ സമാപനം

**ഉളനാട്:-** സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ശതാബ്ദി ആഘോഷ സമാപനം ജനുവരി 18-നു നടക്കും. പ. കാതോലിക്കാബാവാ, ലോക്സഭാ ഡപ്യൂട്ടി സ്പീക്കർ, പി. എം. സഈദ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, തുടങ്ങി സാമൂഹ്യ സാംസ്ക്കാരിക, രാഷ്ട്രീയ നേതാക്കൾ പങ്കെടുക്കും. ജനുവരി 19, 20 തീയതികളിൽ പെരുനാളും നടക്കും.



FR. BIJESH PHILIP

# Fight against HIV/AIDS, the most Horrible Terrorist of Mankind-(II)

### Acceptance versus Judgment

God's love and care to the sick, the suffering and the sinners is vividly depicted in the ministry of Christ . His dining fellowship with them and healing touch to them especially to the lepers who were ostracized in the society then is the challenge before the church , the visible body of Him in history. How can the church exist today with out continuing the ministry of Christ by cultivating an atmosphere of acceptance and inclusion with regard to the HIV infected and AIDS patients? Alienation and fear caused by the severe judgmental attitude to such patients in the Indian context is a double injury to them. In such an atmosphere there is more possibility for hiding the reality of infection and to infect innocent persons.

Ms Ruth, a Catholic Christian of Africa whose husband died of AIDS in 1994, tested HIV positive in 1997. The following is an excerpt from the sharing of her experience after knowing that she was infected, published in Christian Medical Journal of India (April-Sept02):

"Those were the darkest days of my life. I can not even attempt to spell that out in words. Shock, pain, grief, fear, despair .... All rolled in to one. I died a little that day .My world collapsed ...a death sentence for no fault of mine. What had my innocent children done to deserve this? Who will look after them .I could not sleep. A hundred questions and no answers. Each time I closed my eyes, I was over taken by nightmares. My immediate family did not want me and there was no question of anyone from my husband's family turning up to support us. It was then that Esther, the local counselor, turned up at my house. She was one of the rare visitors. Her hug made me break down. I wept and voiced all my deepest fears. She listened to me patiently and we wept together. I thank God for her, she has been such a big encouragement. She encouraged me to pick up the threads of my life and above all to take care of my health."

This is likely to serve as a powerful eye opener for the church and all those who are involved in this ministry.

### Fruitful life before death

Ashok Pillai , the 34 year old President of the Indian Network of People Living with AIDS (INP plus) passed away in Chennai a few months ago. He used to spread the message that HIV was not just about dying , it was about making the best use of one's limited years . He inspired thousands of people infected with HIV in India with the mantra: A positive attitude makes the greatest difference.

With positive thinking and trust in God one can change AIDS from a disease of dying to that of living. With the knowledge of the imminent death and an atmosphere of love and inclusion AIDS patients can be more fruitful than those who enjoy normal health. Most of the ancient spiritual classics of all religions such as Philokalia recommend the need of meditating the momentary nature of human life for a true repentance, development of virtues and responsible actions. AIDS patients can have rich experience of such reflection whereas others quite often conveniently evade this reality. Communion of the risen Lord on each Qurbana must give Christians an extra energy to make use of this thought with ample hope. It is the duty of churches and NGOs to give the victims more involvement in various mission on a priority basis.

### Ethical analysis of the related issues

Is it ethical for a couple infected with HIV to conceive? Is it right to abort a child conceived by a mother tested HIV positive. What about the use of condoms and conducting sex education? Is it ethical to give much dignity to homosexuals in society? It seems necessary that all the faithful members of the church should reflect upon these and contribute to a fruitful discussion.

According to the available statistics there is one third chance for an HIV infected mother to infect a child during delivery or afterwards. It is not desirable to bring a new life to such a disastrous situation. Added to that the children, no matter whether infected or not, born to such parents will become orphans due to the death of their parents sooner or later. However it is not advisable for such parents to abort a child because abortion is murder of a sacred life. Nevertheless in certain

particular cases that evil need to be tolerated.

Churches especially Roman Catholics condemn the use of condoms in any situations primarily because of the fact that it can facilitate a promiscuous culture .Almost all religions uphold the integrity of family and teach the rightness of sexual union as limited only to marriage. Yet if a faithful member slips in to sinful contact why should the church encourage him to transmit murderous virus to innocent people by not using condoms. Is it not right for an infected husband to use condom in order to avoid transmission to his wife. Should we protect sexual morality at the expense of lives of many? The church must avoid the extremes of condemning condoms in general and also being an agent of condom companies. It is the duty of the church to pass the information regarding condoms so that people especially the vulnerable sections in the society could take decision freely. But the ideal mission of the church is to call for a behavioral change and to replace the concept of safer sex with a responsible sex.

A compulsory HIV test can threaten the dignity and freedom of people. But it is essential to educate and equip people to undergo a voluntary test.

Even if a reservation and stigma concerning sex education still exist in the Indian society, seeing the magnitude of the catastrophe it is inevitable to introduce it at least as part of an AIDS awareness program in all schools.

### Vigilance against the assault of HIV

The direct cause of the infection, as everybody knows is the entrance of an infected person's blood or other body fluids into one's blood stream. In this light, sharing needles by drug users, using an unsterilised needles for injection in a hospital, getting a needle prick or getting hurt in a health clinic while attending on an HIV infected, blood transfusion without thorough tests , any kind of organ transplantation in India without proper testing, wanting to have a baby by an infected mother or an infected father , indulging in sexual activities in which either one is infected etc are high risk activities.

Exposure to too much pornography, escalation of sex tourism, glorification of the western butterfly culture of sexuality and body cult in media, and deterioration of religious commitment and spiritual progress strengthened by the prominent secular world view foster the ground for HIV / AIDS. Our traditional, cultural social and religious values always gave us the message: "No sex before marriage – have sex after marriage; that too only with one's spouse." This message seems to regain its lost glory and value. What else can we think when we see faithfulness to one partner through out one's life as an important precaution against AIDS in the pamphlets published by secular institutions like that of New York Health Dept. The husband and wife need to make use of the crowns they receive in the sacrament of marriage which signify authority over evil passions and inclinations. It is noteworthy that St. John Chrysostom interprets the crowns in terms of recognition given to the bride and bridegroom who reached the shore of marriage overcoming temptations of their young age. Sex is not only for the procreation but also for strengthening the love and fellowship of husband and wife.

Poverty and low economic status, untreated sexually transmitted diseases (STD), mobile populations such as armed forces , long route truck drivers, large scale migration from villages to urban areas , discrimination and curtailing of human rights of women and children of marginalized populations etc contribute indirectly to the spread of the epidemic.

### A call for praxis

Hope that the orphanage we start in Karnataka for the children of the AIDS patients under the leadership of H.G Osthathios and Very Rev. Philip Remban will become an inspiration for many similar attempts in various parts of the country. All the spiritual organizations of the church especially Youth and MGOCSM must take up the awareness building in all sections of the society on a war foot. HIV/AIDS should be an important theme of discussions in all their conferences and Sunday school classes. The relationship of poverty and the spread of HIV need to be analyzed particularly. Starting information centers on this menace at parish level or diocesan centers will be an expression of our commitment to truth. More priests and leaders have to take training to give counseling and spiritual guidance to the infected. When the members of the church extend warmth, love and solidarity to the AIDS patients they prove that still the church is a healing community. Networking with Govt institutions and all NGO s working with HIV/AIDS is extremely important. HIV seems to be a prophet not only of behavioral change but also of wider ecumenism. An alliance with all religions and churches is necessary for a success in this decisive battle against this devil. God is with Hs creation, with us to close this Pandora's Box opened by the foolishness of humans and to bury this terrible virus forever.



## മന്ത്രിസഭാ ഉപസമിതി തീരുമാനങ്ങൾ സർക്കാർ തന്നെ അട്ടിമറിക്കുന്നു

5-ാം പേജിൽ നിന്നു തുടർച്ച

സഭ നൽകിയ ഒരു കേസിൽ അതേ മന്ത്രിതന്നെ അഡ്വക്കേറ്റ് ജനറലിന് നൽകിയതും അദ്ദേഹം ഹൈക്കോടതിയിൽ സമർപ്പിച്ചതുമായ രേഖ പലകാര്യങ്ങളിലും വ്യത്യസ്തവും ആയിരുന്നു. ഈ രേഖ സഭയെ അറിയിക്കാതെ കോടതിയിൽ കൊടുത്തു എന്നത് തന്നെ വിശ്വാസവഞ്ചനയും സഭയുടെ അവകാശങ്ങളിലുള്ള അനധികൃത് കൈകടത്തലുമാണ്. കോടതിയിൽ നൽകിയ രേഖ അനുസരിച്ചു പോലും കാര്യങ്ങൾ നടന്നിട്ടില്ല എന്നത് സർക്കാരിന് ഇക്കാര്യത്തിലുള്ള ആത്മാർത്ഥതയില്ലായ്മയെ വെളിവാക്കുകയും ചെയ്യുന്നു.

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി, കോടതി ഉത്തരവ് അനുസരിച്ച് നിലവിലുള്ള വികാരിമാർക്ക് തുറന്ന് നൽകും എന്നായിരുന്നു ഉപസമിതിയുടെ വാഗ്ദാനം. എന്നാൽ 18-ാം തീയതി തുറന്ന പള്ളി ഒരു ഞായറാഴ്ചപോലും ആരാധന നടത്തുവാൻ സാധിക്കാത്തവണ്ണം വീണ്ടും അടച്ച് പൂട്ടുകയാണുണ്ടായത്. ഉപവാസം അവസാനിപ്പിച്ച 18-ാം തീയതി പ. കാതോലിക്കാ ബാവ വി. കുർബ്ബാന അർപ്പിച്ചശേഷം ഉറപ്പിന് വിരുദ്ധമായി മറുഭാഗത്തെ ഒരു മെത്രാപ്പോലീത്തായ്ക്ക് കുർബാന അർപ്പിക്കുവാൻ അവസരം നൽകുന്നതിന് മന്ത്രിമാരിൽ നിന്നും, ജില്ലാ അധികാരികളിൽ നിന്നും ശക്തമായ സമ്മർദ്ദവും ഭീഷണിയുമായിരുന്നു. സമ്മർദ്ദത്തിന് വഴങ്ങാതെ വന്നതിനാലാണ് പള്ളി പൂട്ടിയിടാൻ സർക്കാർ നിർദ്ദേശിച്ചത്. മറുഭാഗത്തെ മെത്രാപ്പോലീത്തായ്ക്ക് കുർബ്ബാന അർപ്പിക്കാൻ അവസരം നൽകണം എന്ന് പറയാൻ കാരണം മലങ്കര സഭയുടെ പ. കാതോലിക്കായും അഭി. തിരുമേനിമാരും 18-ാം തീയതി പള്ളിയിൽ കുർബ്ബാന അർപ്പിച്ചത് മന്ത്രിമാരുടെ അറിവോടെയല്ലായിരുന്നു എന്നതിനാലാണത്രെ. എന്നാൽ മൂവാറ്റുപുഴയിൽ വച്ച് നടന്ന കൂടിയാലോചനയുടെ അന്ത്യത്തിൽ ഇക്കാര്യം ഉപസമിതിയോട് അറിയിച്ചിരുന്നു എന്ന് മാത്രമല്ല, ഉപവാസം അവസാനിപ്പിക്കുന്നത് പ. ബാവാ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് പള്ളിയിൽ അർപ്പിക്കുന്ന വി. കുർബാന സ്വീകരിച്ചുകൊണ്ടായിരിക്കും എന്ന് മാധ്യമ പ്രതിനിധികളോട് പറയുമ്പോൾ മന്ത്രിമാരും സന്നിഹിതരായിരുന്നു. അപ്പോൾ അവരാരും ഇതിന് എതിര് പറഞ്ഞില്ല. ഇത് സംബന്ധിച്ച് ഒരു മന്ത്രി പിന്നീട് മാധ്യമ പ്രതിനിധികളോട് പറഞ്ഞത് ആ പള്ളി പൂട്ടിക്കിടന്നതായിരുന്നു എന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല എന്നാണ്. ഇതും തികച്ചും നിരുത്തരവാദപരവും വ്യാജവുമായ പ്രസ്താവനയാണ്. കാരണം സർക്കാർ നൽകിയ ഉറപ്പുകൾ അടങ്ങുന്ന രേഖയിൽ തന്നെ "പൂട്ടിക്കിടക്കുന്ന കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി" എന്ന പരാമർശമുണ്ട്. മാത്രമല്ല പോലീസിന്റെ അധീനതയിലായിരുന്ന പള്ളി പാതിരാത്രി തുറന്ന്, വൃത്തിയാക്കിയത് ആരുടെയും ഉത്തരവ് കൂടാതെയായിരുന്നു എന്നത് തികച്ചും അവിശ്വസനീയമാണ്. വർഷങ്ങളായി പൂട്ടിക്കിടന്ന പള്ളിയിൽ അതിന്റെ അവകാശികൾ കയറി ആരാധന നടത്തിയതിൽ വിരളിപൂണ്ട മറുപക്ഷത്തിന്റെ മുഖം രക്ഷിക്കാൻ നടത്തിയ ശ്രമത്തിൽ കേരള സർക്കാർ അവരുടെ ഏജന്റായി പ്രവർത്തിച്ചത് അത്യധികം ലജ്ജാകരമാണ്.

ഇതുകൂടാതെ, പുതിയ കയ്യേറ്റങ്ങൾ ഉണ്ടാവില്ല എന്ന ഉറപ്പ് ലംഘിച്ചുകൊണ്ട് ഇടുക്കി, ചെറുതോണി പള്ളിയിൽ 22-ാം തീയതി ഞായറാഴ്ച വൈദികനെ തടയുകയും, കുറെപേർ പള്ളി കയ്യേറി ആരാധന മുടക്കുകയും, കുത്തിയിരിപ്പ് നടത്തുകയും ചെയ്തു. പോലീസും, റവന്യൂ അധികാരികളും വന്ന് വൈകുന്നേരത്തോടെയാണ് അവരെ നീക്കം ചെയ്തത്. അവിടെ ക്രിസ്തുമസ്സിന് രാത്രി ശുശ്രൂഷകൾ നടത്താൻ സാധിച്ചില്ല. ആറൂർ പള്ളിയിൽ ഉറപ്പ് ലംഘിച്ചുകൊണ്ട് ക്രിസ്തുമസ്സിന് വീണ്ടും സമാധാനലംഘനവും അലങ്കോലവും നടന്നു. തൃശൂരിൽ കാക്കിനിക്കാട് പള്ളിയിൽ ക്രിസ്തുമസ്സ് പുലർകാല ആരാധനയ്ക്ക് പള്ളി ഉപകരണങ്ങളും വൈദ്യുതിയും നിഷേധിക്കുകയും ഇരുളിന്റെ മറവിൽ ആരാധനയ്ക്കെത്തിയവരുടെ വാഹനങ്ങൾ നശിപ്പിക്കുകയും ചെയ്തു.

പുതുതായി വാഴിക്കപ്പെട്ട കാതോലിക്കായും മെത്രാന്മാരും പള്ളികളിൽ പ്രവേശിച്ച് പുതിയ പ്രശ്നങ്ങൾ ഉണ്ടാക്കില്ല എന്ന വാഗ്ദാനം ലംഘിച്ചുകൊണ്ട് ഹൈക്കോടതിയിൽ നിന്ന് നിരോധനമുള്ളതിൽ ഉൾപ്പെടെ വ്യാപകമായി പള്ളി പ്രവേശനങ്ങൾ നടത്തുകയുണ്ടായി. ക്രിസ്തുമസ്സിനു ശേഷം കൂടുതൽ ശക്തമായി പള്ളി കയ്യേറ്റം നടത്തുമെന്ന് തോമസ്സ് പ്രഥമൻ പത്രസമ്മേളനത്തിൽ അറിയിച്ചതായും കാണുന്നു. ഇതൊന്നും തടയുന്നതിന് ഫലവത്തായ ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല.

സർക്കാരിന്റെ ഉറപ്പുകൾ 2003 ജനുവരി 8-ാം തീയതിക്കുമുൻപ് ഫലവത്തായും പൂർണ്ണമായും നടപ്പാക്കാത്ത പക്ഷം തുടർ നടപടികളെക്കുറിച്ച് 9-ാം തീയതി കോട്ടയത്ത് ചേരുന്ന സഭാ മാനേജിംഗ് കമ്മറ്റി തീരുമാനിക്കും. കമ്മിറ്റിക്ക് ശുപാർശ സമർപ്പിക്കാൻ അന്നേദിവസം രാവിലെ 9 മണിക്ക് വർക്കിംഗ് കമ്മറ്റി ചേരും. വർക്കിംഗ് കമ്മിറ്റിയിൽ സർക്കാർ നടപടിയെക്കുറിച്ച് റിപ്പോർട്ട് ചെയ്യാൻ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി 8-ാം തീയതി വൈകുന്നേരം യോഗം ചേർന്ന് സർക്കാർ നടപടിയെ വിലയിരിത്തും.

സർക്കാരിന്റെ വഞ്ചനാപരവും, അവകാശനിഷേധപരവുമായ നടപടിയെ തികച്ചും ഗൗരവമായിട്ടാണ് സഭ വീക്ഷിക്കുന്നത്. ജനാധിപത്യം നിലനില്ക്കുന്നു എന്നവകാശപ്പെടുന്ന ഈ രാജ്യത്ത് ഇത്രയും പ്രകടമായി ഒരു സമൂഹത്തിന്റെ അവകാശ ലംഘനം നടത്തുന്നത് പ്രോത്സാഹിപ്പിച്ചുകൂടാ എന്നാണ് സഭയുടെ നിലപാട്. അതോടൊപ്പം ഭാരതത്തിലെ പരമോന്നത കോടതിയുടെ ഉത്തരവുകളെ നഗ്നമായി ലംഘിക്കുന്നവരെയും അവർക്ക് കൂട്ട് നില്ക്കുന്നവരെയും രാഷ്ട്രീയമായും, ധാർമ്മികമായും നേരിടുവാനുള്ള ഉത്തരവാദിത്തം സഭയ്ക്കുണ്ട്.

# മലങ്കരസഭ വാർത്തകൾ

## ശതാബ്ദി ആഘോഷം

**കുർത്തമല:-** കുർത്തമല സെന്റ് മേരീസ് ഇടവകയുടെ കീഴിൽ നെല്ലിക്കൽ ഭാഗത്ത് പ്രവർത്തിക്കുന്ന എം.ഡി.എം. സൺഡേസ്ക്കൂൾ ശതാബ്ദി ആഘോഷം. ഉദ്ഘാടനം ഡിസംബർ എട്ടാം തീയതി നടന്നു-ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കുട്ടികൾക്കായുള്ള ഭദ്രാസനതല കലാമത്സരങ്ങൾ, ലഹരിവിരുദ്ധ സെമിനാർ, കൗൺസലിങ്ങ് ക്ലാസ്സ്, സൗജന്യ മെഡിക്കൽ ക്യാമ്പ്, ഗാനമേള, സ്മരണിക പ്രകാശനം തുടങ്ങിയ പരിപാടികൾ നടത്തും. ഫാ. തോമസ് കൊക്കാപ്പറമ്പിൽ ( ചെയർമാൻ) എ. അലക്സാണ്ടർ (ജന. കൺവീനർ, പി.വി. തോമസ് (സെക്രട്ടറി), ജോർജ്ജ് മാത്യു (ട്രഷറാർ), സി. വി. സൈമൺ (ഹെഡ്മാസ്റ്റർ) അഡ്വ. ജി. ഏബ്രഹാം (പ്രോഗ്രാം കൺവീനർ), ജാഷൻ സൈമൺ (സ്മരണിക കൺവീനർ) എന്നിവർ അടങ്ങുന്ന വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു.

## ഇടവട്ടം സെന്റ് ജോർജ്ജ് പള്ളിയുടെ കനകജൂബിലി ആരംഭിച്ചു

**കുണ്ടറ:-** ഇടവട്ടം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന കനക ജൂബിലിയാഘോഷങ്ങൾ ആരംഭിച്ചു.

ജനുവരി മുതൽ ഓരോ മാസവും ഓരോ പ്രോഗ്രാം നടത്തും. നേത്ര ചികൽസാക്യാമ്പ്, മെഡിക്കൽ ക്യാമ്പ്, രക്തഗ്രൂപ്പ് നിർണയ ക്യാമ്പ്, കുടുംബസംഗമം, 65 വയസുകഴിഞ്ഞവരെ ആദരിക്കൽ, ക്യാമ്പസ് ക്രൂസേഡ് പ്രോഗ്രാം, മദ്യവർജ്ജന സെമിനാർ, സഭാ ചരിത്ര സെമിനാർ, മുൻ വികാരിമാരുടെ വി. കുർബാന, ജൂബിലി ടൂർ, ആതുരാലയ സന്ദർശനം, ജൂബിലി റാലി, സമാപന സമ്മേളനം എന്നിവ നടത്തും.

കൂടാതെ വിവാഹ സഹായം, ചികിൽസാസഹായം, വിദ്യാഭ്യാസ സഹായം, തൊഴിൽ സഹായം, തയ്യൽ മെഷീൻ വിതരണം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തും. പള്ളിയുടെ ചിത്രം ഉൾക്കൊള്ളുന്ന കലണ്ടർ, പള്ളിയുടെ ചരിത്രവും ഇടവകാംഗങ്ങളുടെ രചനകളും ഉൾക്കൊള്ളുന്ന സ്മരണിക എന്നിവയും പ്രസിദ്ധീകരിക്കും.

ആഘോഷങ്ങളുടെ നടത്തിപ്പിനായി ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിഫാനിയോസ് (രക്ഷാധികാരി) വികാരി ഫാ. സി. ഡി. തോമസ് വടകോട് (ചെയർമാൻ) വി. മത്തായി (ജനറൽ കൺവീനർ) ഡി. യോഹന്നാൻ (ജോയിന്റ് കൺവീനർ) എന്നിവരും കൺവീനേഴ്സായി എസ്. തങ്കച്ചൻ (ഫൈനാൻസ്) കെ. വർഗീസ് (പബ്ലിസിറ്റി), എസ്. കുര്യൻ (പ്രോഗ്രാം & പ്രൊജക്ട്), എം. മാത്യു (റിസപ്ഷൻ) ജി. തോമസ് (ഫുഡ്) എ. സി. ജോൺസൺ (സുവനീർ) സി. ശാമുവേൽ (ചരിത്രം) സി. വി. രാജു (ചാരിറ്റി) ഡോ. വൽസലാ തങ്കച്ചൻ (സുവനീർ ചീഫ് എഡിറ്റർ) എന്നിവരും അടങ്ങുന്ന 50 അംഗ കമ്മറ്റിയെ തെരഞ്ഞെടുത്തു.

## പ്രേരണാകേന്ദ്രത്തിന് തറക്കല്ലിട്ടു

**നാഗ്പൂർ:-** കൽമേശ്വറിൽ ആരംഭിച്ച പ്രേരണാസ്ക്കൂളിന് സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത തറക്കല്ലിട്ടു. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി, നാഗ്പൂർ സെമിനാരിയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് പ്രേരണാ സ്ക്കൂൾ ഇപ്പോൾ 16 കുട്ടികൾ സ്ക്കൂളിൽ പഠിക്കുന്നു.

## ബസ്ക്യാമ്മ സമ്മേളനം

**പത്തിച്ചിറ:-** ബസ്ക്യാമ്മ അസോസിയേഷന്റെ റീജനൽ കോൺഫറൻസ് 2002 ഡിസംബർ 7-ാം തീയതി ശനിയാഴ്ച പത്തിച്ചിറ സെന്റ് ജോൺസ് പള്ളിയിൽകൂടി. പ്രസ്ഥാനം വൈസ് പ്രസിഡന്റ് ജോർജ്ജ് മാത്യു കുറ്റക്കണ്ടത്തിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ഉത്ഘാടനം ചെയ്തു. തുമ്പമൺ, ചെങ്ങന്നൂർ, നിരണം, മാവേലിക്കര എന്നീ ഭദ്രാസനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സംബന്ധിച്ചു.

ക്രിസ്തുവിൽ വളരെ അദ്ധ്വാനിച്ചവരായ ഫേബ, പ്രിസ്കാ മറിയം, പെർസിസ് എന്നിവരെപ്പോലെ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനും, അദ്ധ്വാനിക്കുവാനും ബസ്ക്യാമ്മമാർക്കു കഴിയണം എന്നു അഭിവന്ദ്യ തിരുമേനി ബസ്ക്യാമ്മമാരെ ഉദ്ബോധപ്പിച്ചു. മാനേജിംഗ് കമ്മറ്റിയംഗം ശ്രീ. റ്റി. എം. വറുഗീസിന്റെ കൊലപാതകത്തിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തുകയും പരേതാത്മാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ബഹുമാന്യരായ മാത്യു വൈദ്യൻ അച്ചൻ, പ്രൊഫ. മാമ്മൻ വർക്കി, ഒ. തോമസ് അച്ചൻ എന്നിവർ ക്ലാസ്സുകൾ എടുത്തു. ബഹു. ഫാ. മത്തായി വിളനിലം ആശംസാപ്രസംഗം നടത്തി. ശ്രീമതിമാരായ ഏലിസബേത്ത് തോമസ്, മേരിക്കുട്ടി മാത്യൂസ്, സാലിമേരി മാത്യു, കൊച്ചന്നാമ്മ മത്തായി, ജസി വറുഗീസ് എന്നിവർ നേതൃത്വം നൽകി. 2003 ഏപ്രിൽ 1, 2 തീയതികളിൽ പരുമലയിൽവച്ചു നടക്കുന്ന ജൂബിലി സമ്മേളനം വിജയിപ്പിക്കുവാനും തീരുമാനിച്ചു.

## മത്സര വിജയി



ഒ.എസ്.എസ്.എ.ഇ. നോർത്ത് സോൺ സീനിയർ വിഭാഗം സംഗീത മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ച തേവര സെന്റ് തോമസ് സണ്ടേസ്ക്കൂൾ വിദ്യാർത്ഥിനി ആശ മേരി കുരുവിള. ഇരവിപേരൂർ ശങ്കരമംഗലത്ത് പ്ലാമറ്റത്തുപറമ്പിൽ കുരുവിള കുഞ്ഞിന്റെയും ആനി കുരുവിളയുടെയും മകളാണ്



# ആത്മത്യാഗത്തിന്റെ വക്കോളമെത്തിയ ഉപവാസം



**കോലഞ്ചേരി:-** സഭാകേസിൽ സുപ്രീം കോടതി വിധി നടപ്പാക്കണമെന്നാവശ്യപ്പെട്ട് സഭയിലെ മെത്രാപ്പോലീത്താമാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. ഏബ്രഹാം മാർ സേവേറിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ് എന്നിവർ നിരാഹാര സത്യഗ്രഹം നടത്തി.

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയുടെ സമീപത്തുള്ള കാതോലിക്കേറ്റ് സെന്റർ അങ്കണത്തിൽ പ്രത്യേകം-തയ്യാറാക്കിയ പന്തലിലാണ് ഉപവാസം നടത്തിയത് ഡിസംബർ ഒൻപതിന് പ. കാതോലിക്കാ ബാവാ ഉപവാസ പ്രാർത്ഥനായജ്ഞം ഉദ്ഘാടനം ചെയ്തു. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താമാരായ ഡോ. തോമസ് മാർ അത്താനാസ്യോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ് എന്നിവരാണ് ആദ്യം സത്യഗ്രഹം ആരംഭിച്ചത്. ആരോഗ്യനില വഷളായതിനെ തുടർന്ന്, മാത്യൂസ് മാർ സേവേറിയോസിനെ അറസ്റ്റ് ചെയ്തു. ആശുപത്രിയിലേക്കു മാറ്റി. കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലും മെത്രാപ്പോലീത്താ നിരാഹാരം തുടർന്നു. മെത്രാപ്പോലീത്താക്കു പകരമായി അങ്കമാലി ഈസ്റ്റ്, ഇടുക്കി ഭദ്രാസനാധിപൻ ഡോ. ഏബ്രഹാം മാർ സേവേറിയോസ് കാതോലിക്കേറ്റ് സെന്ററിലെ വേദിയിൽ നിരാഹാര സത്യാഗ്രഹം തുടങ്ങി.

ഇതിനിടെ കേരള സർക്കാർ പ്രശ്നപരിഹാരത്തിനും ചർച്ചക്കുമായി മൂന്നംഗമന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തി മന്ത്രിസഭാ ഉപസമിതിയുമായി സഭാ നേതൃത്വം പലവട്ടം ചർച്ചകൾ നടത്തി.

ആരോഗ്യനില മോശമാണെന്ന മെഡിക്കൽ റിപ്പോർട്ടിനെ തുടർന്ന് ഡിസംബർ 16-ന് ഡോ. തോമസ് മാർ അത്താനാസ്യോസിനെ അറസ്റ്റ് ചെയ്ത് ആശുപത്രിയിലേക്ക് മാറ്റാൻ പോലീസ് ശ്രമിക്കുന്നതായറിഞ്ഞ് കാതോലിക്കേറ്റ് സെന്ററിൽ നൂറുകണക്കിനു വിശ്വാസികളും വൈദികരും തടിച്ചുകൂടിയിരുന്നു. അറസ്റ്റുണ്ടാകുമെന്ന് ഉറപ്പായ സാഹചര്യത്തിൽ അത്താനാസിയോസ് മെത്രാപ്പോലീത്തായെ ചാപ്പലിനുള്ളിലേക്കു മാറ്റിയിരുന്നു. അറസ്റ്റു ചെയ്യാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച് വിശ്വാസികൾ പള്ളിക്കു ചുറ്റും നിരന്നു നിന്നു.

നിരാഹാര സത്യഗ്രഹം ആരംഭിക്കുവാനിടയായ കാര്യങ്ങളിൽ തീർപ്പുണ്ടാകാതെ അറസ്റ്റിനു വഴങ്ങുകയോ മരുന്നു കഴിക്കുകയോ ചെയ്യില്ലെന്ന് അദ്ദേഹം ഉറപ്പിച്ചിരുന്നു. തന്റെ ആരോഗ്യസ്ഥിതി മോശമാവുകയോ ബോധരഹിതനാകുകയോ ചെയ്താൽ, ഭാവി കാര്യങ്ങൾ തീരുമാനിക്കുന്നതിന് തൃശൂർ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ മിലിത്തിയോസിനെ വിൽപത്രത്തിലൂടെ അദ്ദേഹം അധികാരപ്പെടുത്തിയിരുന്നു.

ഉപവാസം അനുഷ്ഠിക്കുന്ന മെത്രാപ്പോലീത്താമാർക്ക് ഡിസംബർ 17-ന് പ. കാതോലിക്കാബാവാ തൈലാഭിഷേകം നടത്തി. മലങ്കരസഭയുടെ വിവിധഭാഗങ്ങളിൽ നിന്ന് വൈദികരും വിശ്വാസികളും തൈലാഭിഷേക ശുശ്രൂഷയിൽ സംബന്ധിച്ചു.

ഉപവാസം അനുഷ്ഠിക്കുന്ന മെത്രാപ്പോലീത്താമാരുടെ ജീവൻ രക്ഷിക്കണം എന്നാവശ്യപ്പെട്ട് തുടർന്ന് വൈദികരുടെ നേതൃത്വത്തിൽ വിശ്വാസികൾ കോലഞ്ചേരി ടൗണിൽ പ്രകടനം നടത്തി. മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ കോലവും വിശ്വാസികൾ കത്തിച്ചു.

ഉപവാസത്തിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മലങ്കരസഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും വൈദികരും വിശ്വാസികളും എല്ലാ ദിവസവും സത്യഗ്രഹപന്തലിലെത്തിയിരുന്നു. മൂവാറ്റുപുഴ അരമനയിൽ ഡിസംബർ 17-ന് എട്ടരമണിക്കൂർ നീണ്ട ചർച്ചയിലാണ് ഉപവാസ സമരം അവസാനിപ്പിക്കാൻ തീരുമാനിച്ചത്. മന്ത്രിസഭാ ഉപസമിതി അംഗം ബാബു ദിവാകരൻ സമാധാനകരാർ തീരുമാനങ്ങൾ പ്രഖ്യാപിച്ചു.

അഞ്ചുവർഷത്തോളമായി പൂട്ടിക്കിടന്ന കോലഞ്ചേരി സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾസ് പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ മുഖ്യ കാർമികത്വത്തിൽ നടന്ന കുർബാനയിൽ പങ്കെടുത്തുകൊണ്ടാണ് ഉപവാസം അവസാനിപ്പിച്ചത്.

കാതോലിക്കേറ്റ് സെന്ററിൽ ഉപവാസം നടത്തിവന്ന ഡോ. തോമസ് മാർ അത്താനാസിയോസും ആശുപത്രിയിൽ ഉപവാസം തുടരുകയായിരുന്ന ഡോ. മാത്യൂസ് മാർ സേവേറിയോസും പരിശുദ്ധ കാതോലിക്ക ബാവായിൽ നിന്നു കുർബാന സ്വീകരിച്ചു. പ്രത്യേക പരിശോധനയ്ക്ക് ആശുപത്രിയിലായിരുന്നതിനാൽ ഏബ്രഹാം

# മന്ത്രിസഭാ ഉപസമിതിയുമായി നടത്തിയ ചർച്ചയിൽ രൂപപ്പെട്ട തീരുമാനങ്ങൾ

1. ഇരു വിഭാഗങ്ങളും പരസ്പരം പള്ളികൾ കയ്യേറുവാൻ പാടുള്ളതല്ല

2. പാത്രിയർക്കീസ് വിഭാഗത്തിന്റെ പുതിയതായി വാഴിച്ചിട്ടുള്ള കാതോലിക്കോസും മെത്രാപ്പോലീത്തന്മാരും പള്ളികളിൽ കയറി പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പാടുള്ളതല്ല.

3. പൂട്ടിക്കിടക്കുന്നതോ, പ്രശ്നങ്ങൾ ഉള്ളതോ ആയ താഴെ പറയുന്ന 8 പള്ളികളെ സംബന്ധിച്ച് എത്തിച്ചേർന്ന ധാരണ.

a. കോലഞ്ചേരി സെ. പീറ്റേഴ്സ് ആൻഡ്. സെ. പോൾസ് ഓർത്തഡോക്സ് പള്ളി

ടി പള്ളി തുറന്നു പ്രവർത്തിക്കുന്നതും ഓർത്തഡോക്സ് വിഭാഗത്തിന്റെ രണ്ട് വികാരിമാരും കുർബ്ബാന നടത്തുന്നതുമാണ്. എല്ലാ മൂന്നാമത്തെ ഞായറാഴ്ചയും പാത്രിയർക്കീസ് വിഭാഗത്തിന് കുർബ്ബാന നടത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. പാത്രിയർക്കീസ് വിഭാഗത്തിന്റെ വൈദീകനെ മന്ത്രിസഭാ ഉപസമിതി നിയോഗിക്കുന്നതാണ്.

b. തൃശൂർ ഭദ്രാസനത്തിന്റെ കീഴിൽ വരുന്ന മാന്ദമംഗലം, വെള്ളിക്കുളങ്ങര, കാക്കിനിക്കാട്, എന്നീ പള്ളികളിൽ ഇരു വിഭാഗത്തിനും പ്രത്യേകം സമയം നിശ്ചയിച്ച് കുർബ്ബാന നടത്തുവാൻ ക്രമീകരിക്കുന്നതാണ്.

c. അരൂർ പള്ളി:- അരൂർ പള്ളിയിൽ ഇപ്പോഴത്തെ സ്റ്റാറ്റസ്ക്കോ നില നിർത്തുന്നതും സമാധാന പരമായി കുർബ്ബാന നടത്തുവാനുള്ള സാഹചര്യം ഒരുക്കുന്നതുമാണ്.

d. ആട്ടിൻകുന്ന് പള്ളി:- ഇപ്പോൾ നടന്നുവരുന്നതു പോലെ ഇരു വിഭാഗവും ഒന്നിടവിട്ട ആഴ്ചയിൽ കുർബ്ബാന നടത്തുന്നത് തുടരും.

e. മുളക്കുളം പള്ളി:- മുളക്കുളം വലിയ പള്ളി (സെ. ജോൺസ്) കോടതി വിധി അനുസരിച്ച് റിസീവർ പള്ളി കൈമാറുന്നതിന് സഹകരിക്കേണ്ടതാണ്. അപ്പീൽ തീരുമാനം ആകുന്നതുവരെ സ്റ്റാറ്റസ്ക്കോ നിലനിർത്തും.

f. കണ്ണ്യാട്ടുനിരപ്പ് സെ. ജോൺസ്:- ബഹു. ഹൈക്കോടതിയുടെ പ്രത്യേക ഉത്തരവ് മാനിച്ച് ഇപ്പോൾ ആ പള്ളിയിലെ വികാരി കുർബ്ബാന നടത്തുവാൻ അനുവദിക്കുന്നതാണ്. പള്ളി സെമിത്തേരിയിൽ മൃതദേഹം അടക്കുന്നതിന് ഇരു വിഭാഗത്തിനും തുല്യ അവകാശം ഉണ്ടായിരിക്കും. വികാരി കുർബ്ബാന അർപ്പിക്കുവാൻ എത്തുമ്പോൾ ദേവാലയം തുറന്നിരിക്കേണ്ടതും സമാധാന പരമായി കുർബ്ബാന അർപ്പിക്കുവാനുള്ള സാഹചര്യം ഒരുക്കേണ്ടതുമാണ്.

മേൽ ഉദ്ധരിച്ച ധാരണകൾ എല്ലാം 3 മാസത്തേക്കുള്ള താല്ക്കാലിക പ്രശ്ന നിവാരണത്തിന് വേണ്ടി മാത്രമായിരിക്കും. 2003 ജനുവരി 10-ാം തീയതി മുതൽ ഓരോ പള്ളിയെ സംബന്ധിച്ചും പ്രശ്നങ്ങളുടെ വിവിധ വശങ്ങൾ പരിശോധിച്ച് ചർച്ചകളിലൂടെ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

ക്രിസ്മസ്, ന്യൂ ഇയർ എന്നീ ദിവസങ്ങളിൽ പള്ളികളിലെ ചടങ്ങുകൾക്ക് ഇരു വിഭാഗവും മുൻകൂർ ധാരണയോടുകൂടി സമാധാനപരമായി നിർവ്വഹിക്കും എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ പറഞ്ഞ ധാരണകളുടെ അടിസ്ഥാനത്തിൽ ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. ഏബ്രഹാം മാർ സേവേറിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ നടത്തി വരുന്ന ഉപവാസ സമരം അവസാനിപ്പിക്കുന്നതാണ്.

☞☞

മാർ സേവേറിയോസിനു കുർബാനയിൽ സംബന്ധിക്കാനായില്ല. വി. കുർബാനയ്ക്കു ശേഷം പരിശുദ്ധ കാതോലിക്കാ ബാവാ മെത്രാപ്പോലീത്തന്മാർക്കു നാരങ്ങാനീരു നൽകി.

സഭാ തർക്കത്തിനു താൽക്കാലിക പരിഹാരം പ്രഖ്യാപിച്ച രാത്രിയിൽ തന്നെ സഭാ വിശ്വാസികൾ പള്ളി തുറന്നു വൃത്തിയാക്കി.

പള്ളിയിൽ ആരാധനയുണ്ടാകുമെന്നറിഞ്ഞ് നാനാദിക്കിൽ നിന്നും വിശ്വാസികൾ എത്തിയിരുന്നു. ശക്തമായ പോലീസ് സേനയും രംഗത്തുണ്ടായിരുന്നു. വി. കുർബാനയ്ക്കു ശേഷം വിശ്വാസികൾക്കു മധുരം വിതരണം ചെയ്തു.


ഒരു വിശ്വാസി

A wellwisher Thiruvalla

രമ്യാ നാഗാലാന്റ്


ഒരു വിശ്വാസി, ചെങ്ങന്നൂർ


ഒരു വിശ്വാസി, ചാണ്ഡീമന്ദിർ




# അഭയ നികേതൻ

## ഒരു ഗ്രാമീണ മിഷൻ പ്രവർത്തന കേന്ദ്രം

മക്കോഡിയ, ഹോഷംഗബാദ് ജില്ല, മദ്ധ്യപ്രദേശ്

ഫോൺ:- 07572-73764, 73704

* 102 ഗ്രാമങ്ങളിലായി 7000 ൽ പരം ജനങ്ങൾക്ക് സേവനമെത്തിക്കുന്നു
* കൽക്കത്ത ഭദ്രാസനാധിപൻ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**പ്രവർത്തനങ്ങൾ**

- Community Health Centre
- Mobile Clinic Services
- Medical Check-up Camps
- Monthly Health Day
- Dai Training
- Self Help Groups
- Balawadi/Anganwadi
- Hindi Medium School
- Health Education
- Awareness Classes
- Capacity Building
- Home Visits

★ 4 Bedded Hospital under Construction ★

കൂടുതൽ വിവരങ്ങൾക്ക്:-

H.G. Dr. Stephanos Mar Theodosius (Director)
Abhaya Nikethen
St. Thomas Asram
P.B. No. No. 24, Bhilai-490001
Phone: 0788 - 285309, 381949

*Your Financial assistance is solicited*

സംഭാവനകൾ ചെക്ക്/ ഡ്രാഫ്റ്റ് ആയി അയയ്ക്കുന്നവർ *അഭയനികേതൻ ഭോപ്പാൽ* എന്ന പേരിൽ താഴെക്കാണുന്ന വിലാസത്തിൽ അയക്കുക.

Fr. Shaji Mukadiyil, President, Abhaya Niketan,
St. Thomas Orthodox Cathedral, 60, Ashoka Garden, Govindpura,
Bhopal, MP - 462023. Phone - (0755) 582544, 584629, 600294

*നിങ്ങൾക്കും സഹകരിക്കാം*

ഒരു പ്രവർത്തകന്റെ ഒരുമാസത്തെ ശമ്പളം Rs. 3750 നൽകി
ഒരു മാസത്തെ ഹോസ്പിറ്റൽ ചിലവ് Rs. 8500 നൽകി
ഒരു ബാലവാടി സ്പോൺസർ ചെയ്ത് (ഒരു വർഷത്തേക്ക്) Rs. 5500

*Visit Our Web Site* www.abhayaniketan.org

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2002*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

Colour Printing




EASY

**Graphic Systems & Company**

Mallappally West P.O., Kerala - 689 585, S. India. Tel : 0473-784163, 782260 Fax : 0473-781826

E-mail : graphicsys@satyam.net.in Website : www.printersfirm.com

**Offset Printers and Designers**

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHOD[illegible]PARIPALANA SAMITHY, KOTTAYAM.